24

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 2 Issue 1
March 2014
Price Rs. 15.00

# സത്യജ്വാല
## മാസിക



## ആദ്ധ്യാത്മികതയും അധികാരവും

## ഭാരതമെത്രാൻസിനഡും സഭാനവീകരണവും

## നവീകൃതസഭ പുതുസഹസ്രാബ്ദത്തിൽ

## പാലാ, പുതിയ ജെറൂശലേം

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ: **www.almayasabdam.blogspot.com**

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

മാർച്ച് 2014 | പുസ്തകം 2 | ലക്കം 1



*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188



*ബാങ്ക് :* S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com


## ഈ ലക്കത്തിൽ


**ആദ്ധ്യാത്മികതയും അധികാരവും**
മുഖക്കുറി ........ 3

**കത്തോലിക്കർ പ്രാർത്ഥിക്കുന്നത് ആരോട്?**
ജോസഫ് പുലിക്കുന്നേൽ ........ 5

**നവീകൃതസഭ പുതുസഹസ്രാബ്ദത്തിൽ**
എം. എൽ. ജോർജ് മാളിയേക്കൽ ........ 7

**ഭാരതമെത്രാൻസിനഡും സഭാനവീകരണവും**
ഫാ. ഡേവിസ് കാച്ചപ്പിള്ളി ........ 9

**സഭാനിയമങ്ങളും ഇന്ത്യൻഭരണഘടനയും**
ജോയി പോൾ പുതുശ്ശേരി ........ 12

**ആദിയിൽ വചനമുണ്ടായിരുന്നു**
സക്കറിയാസ് നെടുങ്കനാൽ ........ 14

**CBCI: Carnival or Come Down?**
........ 17

**ദൈവം കത്തോലിക്കൻതന്നെ, റോമൻകത്തോലിക്കനല്ല**
റവ. ഡോ. ജയിംസ് ഗുരുദാസ് ........ 18

**കൊളോൺ കർദ്ദിനാൾ മൈസ്നർ രാജിവച്ചു**
........ 20

**വിവാഹിതൻ പാപ്പായുടെ അനുമതിയോടെ വൈദികനായി**
........ 20

**'രാജകൊട്ടാരത്തിന്റേതായ ശീലങ്ങളെ നമുക്ക് ഉപേക്ഷിക്കാം' – ഫ്രാൻസീസ് മാർപ്പാപ്പാ**
........ 21

**പുരോഹിതവർഗ്ഗം ചൂഷകവർഗ്ഗം**
എ. കെ. എ. റഹിമാൻ ........ 21

**ശ്രീ. പുലിക്കുന്നേലും ചർച്ച്ആക്ടും**
സെബാസ്റ്റ്യൻ കൊഴുവനാൽ ........ 22

**ചർച്ച് ആക്ട് നടപ്പിലാക്കുക**
ഇന്ദുലേഖാ ജോസഫ് ........ 23

**സ്ഥാനക്കയറ്റം തലയിൽ കയറിയ മെത്രാൻമാർ വ്യഭിചാരികളാണ്– പോപ്പ് ഫ്രാൻസീസ്**
........ 24

**മാർത്തോമ്മാശ്ലീഹാ കൊല്ലപ്പെട്ടതും സംസ്കരിക്കപ്പെട്ടതും കൊടുങ്ങല്ലൂരിൽ**
പി. കെ. മാത്യു, ഏറ്റുമാനൂർ. ........ 25

**ലത്തീൻ അതിരൂപതാ തീരവാസികൾ ഓശാനാ മൗണ്ടിൽ**
എസ്. എൽ. പെരേര, ശഖുമുഖം ........ 27

**തട്ടിലും തട്ടിപ്പും**
ജോസഫ് മറ്റപ്പള്ളി ........ 28

**മാർപ്പാപ്പായെ ധിക്കരിച്ച് പ്രത്യക്ഷരാഷ്ട്രീയവുമായി കേരളമെത്രാന്മാർ**
ജോസഫ് പടന്നമാക്കൽ, യു. എസ്. എ. ........ 29

**പാലാ, പുതിയ ജെറൂശലേം**
ചാക്കോ കളരിക്കൽ, യു. എസ്. എ. ........ 31

**വാരിയാനിക്കാട് പള്ളി അടച്ചിട്ട് ജനങ്ങളുടെ പ്രതിഷേധം**
........ 33


***കവർചിത്രം:*** *തന്റെ ആശയശിഷ്യരുടെ ഒത്തുചേരലിൽ ശ്രീ. പുലിക്കുന്നേൽ സംസാരിക്കുന്നു (കാണുക, പേജ് 35).*


**സത്യജ്വാല മാസിക**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |











*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

മാർച്ച് 2014 പുസ്തകം 2 : ലക്കം 1

സത്യജ്ജ്വാല

## മുഖക്കുറി

# ആദ്ധ്യാത്മികതയും അധികാരവും

മതസംവിധാനങ്ങളെല്ലാംതന്നെ, ആദ്ധ്യാത്മികതയുടെപേരിൽ അധികാരം ഭരിക്കുന്നവയായിരിക്കുന്നു. 'നിങ്ങളുടെയിടയിൽ അധികാരികളുണ്ടായിരിക്കരുത്' എന്നു പറഞ്ഞ് അധികാരത്തെ പടിക്കുപുറത്താക്കിയ യേശുവിന്റെ പേരിലുള്ള സഭകളിലാണ്, ഇത് ഏറെ പ്രകടമായിക്കാണുന്നത് എന്നത് ഒരു വിരോധാഭാസമാണ്. ആദ്ധ്യാത്മികവും ഭൗതികവുമായ സമസ്താധികാരവും സ്വയം ഏറ്റെടുത്ത്, അതുറപ്പിക്കാൻ ബൈബിൾ മാറ്റിവച്ച് കാനോൻനിയമം നിർമ്മിച്ച്, ചക്രവർത്തി- രാജാസംവിധാനം ഇന്നും നിലനിർത്തിവാഴുന്ന കത്തോലിക്കാസഭാധികാരം, ഈ വൈരുദ്ധ്യത്തിനു മകുടംചൂടിനിൽക്കുന്നു. സ്വർണ്ണവർണ്ണാഭമായ വിശുദ്ധഅങ്കികൾക്കും മുതലായവൻ കിരീടത്തിനും ചെങ്കോലിനുംചുറ്റും ഉണ്ടെന്നു തോന്നിച്ചിരുന്ന ദൈവികപരിവേഷത്തിൽ കണ്ണഞ്ചി, കൈകൾകൂപ്പി നിൽക്കുകയായിരുന്നു, നൂറ്റാണ്ടുകളായി വിശ്വാസികൾ. ഇന്നു കണ്ണുതുറന്നു നോക്കുമ്പോൾ അവർ കാണുന്നത്, മനുഷ്യർ എന്ന നിലയിലുള്ള തങ്ങളുടെ എല്ലാ അവകാശങ്ങളും അന്തസ്സും ചോർന്നുപോയിരിക്കുന്നതും മത-സാമുദായിക-രാഷ്ട്രീയമേലാളന്മാരിൽ അതെല്ലാം കുമിഞ്ഞുകൂടിയിരിക്കുന്നതുമാണ്. ക്രിസ്തുമതം പ്രോത്സാഹിപ്പിച്ച പാശ്ചാത്യകൊളോണിയലിസം പടിയിറങ്ങിയതുമുതലാണെന്നു തോന്നുന്നു, വിശുദ്ധപരിമളം പരത്തിനിന്ന കുന്തിരിക്കപ്പുകമറമാഞ്ഞ്, ഈ രാജകീയസഭയുടെ തനിരൂപം ക്രൈസ്തവർ കണ്ടുതുടങ്ങിയത്. ഇന്നാകട്ടെ, തുറന്ന കണ്ണുള്ള ആർക്കും അതു നേർക്കാഴ്ചയാണ്. അധികാരഭരണത്തിലും പ്രൗഢിയിലും സമ്പത്തിലും ശ്രദ്ധയൂന്നുന്ന ഇന്നത്തെ കത്തോലിക്കാസഭയുടെ പൈതൃകം കോൺസ്റ്റന്റൈൻ ചക്രവർത്തിയുടേതാണെന്നും യേശുവിന്റേതല്ലെന്നും അവരെല്ലാം മനസിലാക്കിക്കഴിഞ്ഞിട്ടുണ്ട്. കോൺസ്റ്റന്റൈനിൽനിന്ന് യേശുവിലേക്ക് സഭയെ നയിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു വിരൽചൂണ്ടുന്ന ക്രൈസ്തവപ്രസ്ഥാനങ്ങൾ ലോകമെമ്പാടും മുളച്ചുപൊങ്ങിയതിന്റെയും ശക്തിപ്രാപിച്ചതിന്റെയും പശ്ചാത്തലമിതാണ്. അവരുടെയെല്ലാം ആദ്ധ്യാത്മികനിലവിളികൾക്കുള്ള ദൈവികമറുപടിയായിട്ടാവണം, കാലം ഫ്രാൻസീസ് മാർപ്പാപ്പായെ നമുക്കു സമ്മാനിച്ചിരിക്കുന്നതെന്നും കരുതേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികതയിൽനിന്നു ഭൗതികതയിലേക്കു മാർച്ചുചെയ്തുകൊണ്ടിരിക്കുന്ന കത്തോലിക്കാസഭയോട്, 'എബൗട്ടേൺ' എന്നു പറഞ്ഞു തിരിച്ചു മാർച്ചുചെയ്യിക്കാനുള്ള മാർപ്പാപ്പായുടെ പരിശ്രമങ്ങളെ പിന്തുണയ്ക്കാൻ ഇന്നത്തെ കത്തോലിക്കാസമൂഹത്തിനു കഴിഞ്ഞാൽ, അതു ലോകചരിത്രത്തെയാകെ മാറ്റിമറിക്കാൻപോരുന്ന ഒരു ആദ്ധ്യാത്മികനവോത്ഥാനത്തിനുതന്നെ കളമൊരുക്കലാകും. ആ നവോത്ഥാനമാകട്ടെ, കണ്ണുതുറന്നു കിട്ടുമ്പോഴത്തെ കാഴ്ച മുഴുവൻ ശരീരത്തിന്റേതുമായിത്തീരുന്നതുപോലെ, (മത്താ.6:22–23). ജീവിതത്തിന്റെ സമസ്തമേഖലകളെയും മാനുഷികഭാവത്തിന്റെ പ്രകാശംകൊണ്ടു നിറയ്ക്കുകയും ലോകത്തെ വിപ്ലവാത്മകമായി പരിവർത്തിപ്പിക്കുകയുംചെയ്യും.

'സഭാശുശ്രൂഷകർ എല്ലാറ്റിനുമുപരി കരുണയുടെ ശുശ്രൂഷകരായിരിക്കണ'മെന്നും, 'സുവിശേഷത്തിന്റെ ശുശ്രൂഷകർ മനുഷ്യഹൃദയങ്ങളെ ഊഷ്മളമാക്കുന്നവരും അവരുടെ ഇരുണ്ടരാത്രികളിൽ അവർക്കൊപ്പം നടക്കുന്നവരുമായിരിക്കണ'മെന്നും, 'ദൈവജനത്തിനു വേണ്ടത് ഇടയന്മാരെയാണെ'ന്നും 'ഉദ്യോഗസ്ഥമേധാവികളെപ്പോലെയും സർക്കാരധികാരികളെപ്പോലെയും പെരുമാറുന്ന പുരോഹിതരെയല്ലെ'ന്നും പറയുന്ന ഫ്രാൻസീസ് മാർപ്പാപ്പാ അതിലൂടെയെല്ലാം

യഥാർത്ഥ അധികാരത്തെ പുതിയനിയമവെളിച്ചത്തിൽ നിർവ്വചിക്കുകയാണ്. ഈ പ്രസ്താവനകൾക്ക് ആദ്യമാർപ്പാപ്പായായി വിവരിക്കപ്പെടുന്ന പത്രോസ് മറ്റു സഭാമൂപ്പർക്കു നൽകുന്ന ഉപദേശവുമായി ഏറെ സാമ്യമുണ്ട്. പത്രോസ് പറഞ്ഞു: **"നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻപറ്റത്തെ മേയ്ക്കുക. നിർബന്ധംകൊണ്ടല്ല സന്മനസ്സോടെ; നിന്ദ്യമായ ലാഭേച്ഛയോടെയല്ല, താല്പര്യത്തോടെ അതുചെയ്യുക. അതു നിങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെമേൽ അധികാരഗർവ്വോടെയല്ല, അജഗണത്തിനു മാതൃകയാകത്തക്കവണ്ണം ആയിരിക്കണം"** (1 പത്രോസ് 5:2-3). 'നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ ത്യജിക്കുന്നു' എന്ന യേശുവചസ്സിൽ ഊന്നിക്കൊണ്ടുള്ളതാണ് പത്രോസിന്റെയും ഫ്രാൻസീസ് മാർപ്പാപ്പായുടെയും പ്രബോധനങ്ങൾ എന്നു കാണാൻ പ്രയാസമില്ല.

അധികാരത്തിന്റെ സ്വഭാവമെന്ത് എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും ഇടനൽകാത്ത വിധത്തിൽ ശിഷ്യരെ യേശു പഠിപ്പിക്കുകയുണ്ടായി. മനുഷ്യരുടെമേൽ ആധിപത്യം ചെലുത്തിക്കൊണ്ടുള്ള റോമൻ ഭരണാധികാരികളുടെ രീതി ചൂണ്ടിക്കാട്ടിക്കൊണ്ട്, **"വിജാതീയരുടെ രാജാക്കന്മാർ അവരുടെമേൽ ആധിപത്യം ചെലുത്തുന്നു; അവരുടെമേൽ അധികാരം നടത്തുന്നവരെ ഉപകാരികൾ എന്നു വിളിക്കുകയുംചെയ്യുന്നു. നിങ്ങളോ അങ്ങനെയല്ല. നിങ്ങളിൽ ഏറ്റം വലിയവൻ ഏറ്റം ചെറിയവനെപ്പോലെയും നായകൻ സേവകനെപ്പോലെയും ആയിരിക്കണം"** (ലൂക്കോ. 22:25-26) എന്നും, **"നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും അടിമയാകണം. കാരണം, മനുഷ്യപുത്രൻപോലും വന്നിരിക്കുന്നത് സേവിക്കപ്പെടാനല്ല, സേവിക്കാനാണ്; അനേകർക്കുവേണ്ടി സ്വജീവൻ വീണ്ടെടുപ്പുവിലയായി നൽകാനാണ്"** (മർക്കോ. 10:44-45) എന്നും അവിടുന്നു പറയുമ്പോൾ, യഥാർത്ഥ അധികാരത്തിന്റെ സ്വരൂപം എന്തെന്നു വളരെ വ്യക്തമാണ്. ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി പാദങ്ങൾ കഴുകിത്തുടച്ച്, അതെങ്ങനെയെന്ന് യേശു സ്വയം കാണിച്ചുതരികയും ചെയ്തു.

ഇതെല്ലാമായിട്ടും, യേശുവിനു നൽകപ്പെട്ട 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരങ്ങളും' തങ്ങൾക്കു യേശു നൽകിയിട്ടുണ്ടെന്നും, തങ്ങൾക്ക് ഭൂമിയിൽ എന്തും കെട്ടുകയും അഴിക്കുകയും ചെയ്യാനുള്ള അധികാരമുണ്ടെന്നും ബൈബിൾ വാക്യങ്ങൾവച്ചു (മത്താ.28:19;യോഹ 20:21; മത്താ 18;18 മുതലായവ) വ്യാഖ്യാനിച്ച്, പാടില്ലെന്നു യേശു വിലക്കിയ അതേ റോമൻ വിജാതീയആധിപത്യഘടന യേശുവിന്റെ സഭയിൽത്തന്നെ സ്ഥാപിക്കാൻ പൗരോഹിത്യത്തിനു കഴിഞ്ഞു. യേശുവിന്റെ പരസ്നേഹത്തിന്റെയും സേവനത്തിന്റെയും ശുശ്രൂഷയുടെയുമായ ആദ്ധ്യാത്മികാധികാര സഭാസംവിധാനത്തെ, കോൺസ്റ്റന്റൈൻ ചക്രവർത്തി പ്രതിനിധാനംചെയ്ത സ്വയംസ്നേഹത്തിന്റെയും മേൽക്കോയ്മയുടെയും ഭരണത്തിന്റെയുമായ ഭൗതികാധികാരസംവിധാനമാക്കി കീഴ്മേൽ മറിക്കാൻ ഇടയിലൂടെ കയറിക്കൂടിയ പൗരോഹിത്യത്തിനു കഴിഞ്ഞു.

## അധികാരമെന്നാൽ...

യേശു തന്റെ ജീവിതത്തിലൊരിക്കൽപ്പോലും ലൗകികാധികാരം പ്രയോഗിച്ചിട്ടില്ല എന്നതിൽനിന്നു തന്നെ, 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വാധികാര'ത്തിൽ ലൗകികാധികാരം ഉൾപ്പെടുന്നില്ല എന്നും അങ്ങനെയൊരധികാരത്തിന് അസ്തിത്വമില്ലെന്നും കാണാവുന്നതാണ്. അതായത്, മനുഷ്യന്റെ സ്വകാര്യമാത്രപരമായ (ഭൗതികമായ) താല്പര്യങ്ങൾക്കുവേണ്ടി മനുഷ്യൻതന്നെയുണ്ടാക്കുന്ന നിയമവ്യവസ്ഥകളെ ആശ്രയിച്ച് കൃത്രിമവും ക്ഷണികവുമായി നിലനിൽക്കുന്ന ഒരധികാരത്തെയും, ആത്യന്തികമായ അർത്ഥത്തിൽ അധികാരമായി പരിഗണിക്കാനാവില്ല. ഇതിനർത്ഥം ആദ്ധ്യാത്മികാധികാരമല്ലാതെ മറ്റൊരധികാരത്തിനും അസ്തിത്വമില്ല എന്നുതന്നെയാണ്.

ആദ്ധ്യാത്മികാധികാരമാർജ്ജിക്കാൻ, ആദ്ധ്യാത്മികനായിത്തീരുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്നതാണ് മനുഷ്യന്റെ മുമ്പിലുള്ള വെല്ലുവിളി. സ്വയം ശൂന്യവൽക്കരിക്കാതെ-ആത്മാവിൽ ദാരിദ്ര്യം വരിക്കാതെ-ആദ്ധ്യാത്മികനാകാനാവില്ല താനും. വൈയക്തികംമാത്രമായ എല്ലാ മോഹങ്ങളിൽനിന്നും ആസക്തികളിൽനിന്നും സാമ്പത്തിക-അധികാരവാഞ്ഛകളിൽനിന്നും വിടുതൽപ്രാപിക്കാനും, മറ്റുള്ളവരുടെ അഭ്യുദയം കാംക്ഷിക്കാനും കഴിയുമ്പോൾ മാത്രമാണ്, അതായത് സ്വകാര്യമാത്രപരതയിൽനിന്ന് പരാർത്ഥതാഭാവത്തിലേക്കു മനസ്സ് വിടർത്തുമ്പോൾമാത്രമാണ്, ഒരാൾ ആദ്ധ്യാത്മികനായിത്തീരുന്നത്. മറ്റു വാക്കുകളിൽ, ആദ്ധ്യാത്മികവളർച്ചയെന്നാൽ മഹത്വത്തിന്റെ പടികൾ ചവിട്ടിക്കയറുക എന്നതാണ്. മഹാത്മാക്കൾ എപ്പോഴും മനുഷ്യസേവനത്തിലും ശുശ്രൂഷയിലുമാണ് വ്യാപൃതരായിരിക്കുന്നത് എന്ന് എല്ലാവർക്കും അറിയാം. അവർ ഒരിക്കലും സ്വന്തം കാര്യത്തിനുവേണ്ടിയോ സ്വന്തം വിഭാഗത്തിനുവേണ്ടിയോമാത്രം നിലകൊള്ളുകയില്ല. മറിച്ച്, മനുഷ്യരാശിയുടെ അഭ്യുന്നതി ലക്ഷ്യംവച്ചുള്ള മൂല്യാധിഷ്ഠിതമായ ഒരു ധാർമ്മികസമീപനമായിരിക്കും അവർ എപ്പോഴും പുലർത്തുക. ആദ്ധ്യാത്മികതയിലുറവുപൊട്ടുന്ന ഈ ധാർമ്മികത അതിൽത്തന്നെ അധികാരമാണ് എന്നതാണു വസ്തുത. അവരറിയാതെ തന്നെ, മറ്റുള്ളവരുടെ ഹൃദയങ്ങളെ ഭരിക്കുന്നവരായിത്തീരുന്നു, അവർ. ബാഹ്യമായ നിയമങ്ങൾക്കു പകരം, സാർവ്വലൗകികമായ സ്നേഹത്തിന്റെ നിയ

(ശേഷം പേജ് 11-ൽ വായിക്കുക)



# കത്തോലിക്കർ പ്രാർഥിക്കുന്നത് ആരോട്?

ജോസഫ് പുലിക്കുന്നേൽ



**യേ**ശുവിന്റെ പഠനങ്ങൾ പഴയ നിയമത്തിൽ കയ്യൂന്നിയായിരുന്നില്ല. അവിടുന്ന് പഴയനിയമപാഠങ്ങളെ തെരഞ്ഞുപിടിച്ച് പഠിപ്പിച്ചുമില്ല. മറിച്ച് ദൈവപുത്രനായ അവിടുന്ന് ദൈവത്തിന്റെ കല്പന അനുസരിച്ച് ലോകത്തിൽ ജനിക്കുകയും ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതിനുവേണ്ടി ക്ലേശിച്ച്, കുരിശുമരണം വരിക്കുകയും ചെയ്തു.

ഒരാൾക്ക് അസുഖമായാൽ ഇപ്പോൾ സാധാരണയായി ഒരു അച്ചനോ കന്യാസ്ത്രീയമ്മയോ അയാളെ സമാശ്വസിപ്പിക്കുന്നത് 'പ്രാർഥിക്കാം' എന്നു പറഞ്ഞാണ്. എന്താണ് പ്രാർഥന? ആരോടാണ് പ്രാർഥന? കത്തോലിക്കാസഭയുടെ ഇന്നത്തെ സംവിധാനം അനുസരിച്ച് ആരും ദൈവത്തോട് പ്രാർഥിക്കാറില്ല. പുണ്യവാന്മാരോടാണ് പ്രാർഥിക്കാറ്.

പ്രാർഥനയെക്കുറിച്ച് യേശു വളരെ വ്യക്തമായി പറഞ്ഞു. "പ്രാർഥിക്കുമ്പോൾ നിങ്ങൾ കപടഭക്തരെപ്പോലെ ആകരുത്. മനുഷ്യർ കാണത്തക്കവിധം സിനഗോഗുകളിലും തെരുവുമൂലകളിലും നിന്നു പ്രാർഥിക്കാനാണ് അവർക്ക് ഇഷ്ടം. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. മറിച്ച് നീ പ്രാർഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച് അവിടെ അദൃശ്യനായി വസിക്കുന്ന നിന്റെ പിതാവിനോടു പ്രാർഥിക്കുക. രഹസ്യമായി കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. നിങ്ങൾ പ്രാർഥിക്കുമ്പോൾ വിജാതീയരെപ്പോലെ അർഥമില്ലാത്ത ധാരാളം വാക്കുകൾ ഉരുവിടരുത്. അതിഭാഷണം കൊണ്ടു തങ്ങളുടെ പ്രാർഥന കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. നിങ്ങൾ ചോദിക്കുംമുമ്പു തന്നെ നിങ്ങളുടെ ആവശ്യമെന്തെന്ന് നിങ്ങളുടെ പിതാവിന് അറിയാം.

അതുകൊണ്ട് ഇങ്ങനെ പ്രാർഥിക്കുക. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ. നിന്റെ നാമം പൂജിതമാകണമേ. നിന്റെ രാജ്യം വരണമേ, നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറ്റണമേ. ദിവസേന വേണ്ട അപ്പം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ തെറ്റുകളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ അകപ്പെടുത്തരുതേ, തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ." (മത്താ. 6 : 5–13)

യേശുവിന്റെ പഠനങ്ങളെല്ലാം വളരെ വ്യക്തവും ആർക്കും മനസ്സിലാകുന്നവയുമായിരുന്നു. പക്ഷെ അവയെ പിന്നീട് 'ദൈവശാസ്ത്രജ്ഞന്മാർ' വികലമായി അവതരിപ്പിച്ചു. ഇതിന്റെ ഫലമായി യേശുവിന്റെ യഥാർഥ പാഠം നാം മറന്നു കഴിഞ്ഞു. കത്തോലിക്കരുടെ പ്രാർഥനയിൽ അതിപ്രധാനമായ സന്ധ്യാപ്രാർഥന ഞാൻ ഇവിടെ ആവർത്തിച്ചെഴുതട്ടെ.

"കർത്താവിന്റെ മാലാഖ മർത്തമറിയാ അമ്മായോട് വചനിച്ച്, റൂഹാദക്കുദശയാൽ അമ്മ ഗർഭിണിയായി. നന്മനിറഞ്ഞ മറിയമേ നിനക്കു സ്വസ്തി കർത്താവുനിന്നോടുകൂടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നിന്റെ വയറ്റിൽ ഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമാന മറിയമേ തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും മരണസമയത്തും

പ്രാർഥിക്കണമേ.”

ഇവിടെ നാം പ്രാർഥിക്കുന്നത് മറിയത്തോടാണ്. ദൈവം അവിടെ വരുന്നില്ല. ആദ്യഭാഗത്ത് മറിയത്തോട് മാലാഖാ പറഞ്ഞ വാക്കുകൾ അനുസ്മരിപ്പിക്കുന്നു. അവസാനം മറിയം നമുക്കുവേണ്ടി പ്രാർഥിക്കണമെന്നാണ് നമ്മുടെ പ്രാർഥന.

ഇന്ന് കത്തോലിക്കർ നേരെ ദൈവത്തോട് പ്രാർഥിക്കാൻ മടികാണിക്കുന്നു. മാത്രമല്ല കർത്താവിന്റെ കല്പനയ്ക്ക് നേർവിരുദ്ധമായി വഴിവക്കുകളിൽ പ്രാർഥിക്കാനാണ് കൂടുതൽ പ്രേരണ. മെയ് മാസമായാൽ റോഡ് ഓരത്തുള്ള എല്ലാ കപ്പേളകളിലും മുപ്പതുദിവസത്തേക്ക് മറിയത്തോടുള്ള പ്രാർഥനയാണ്. 53 മണിജപം (ലോരേത്ത് മാതാവിന്റെ ലുത്തിനിയ) എന്ന് അറിയപ്പെടുന്ന വിഖ്യാതമായ ഈ പ്രാർഥന ആവർത്തിച്ചുകൊണ്ട് റോഡുനീളെ ജാഥ നടത്തുന്ന സമ്പ്രദായവും ഉരുത്തിരിഞ്ഞു വന്നിരിക്കുകയാണ്. അവിടെയൊന്നും യേശുവോ ദൈവമോ ഇല്ല. “വിജാതീയരെപ്പോലെ അർഥമില്ലാത്ത ധാരാളം വാക്കുകൾ ഉരുവിടരുത്” എന്ന യേശുവിന്റെ പ്രകടമായ ഉപദേശത്തെ ലംഘിച്ചുകൊണ്ട് ലുത്തിനിയായിൽ എന്തെല്ലാം വിശേഷണങ്ങളാണ് മറിയത്തെപ്പറ്റി ആവർത്തിക്കുന്നത്.

വിശ്വാസവതിയായിരിക്കുന്ന കന്യകേ!
-ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!
നെറിവിന്റെ ദർപ്പണമേ! – ”
ജ്ഞാനത്തിന്റെ സിംഹാസനമേ! – ”
ഞങ്ങളുടെ തെളിവിന്റെ കാരണമേ! – ”
ആത്മജ്ഞാനപൂരിത പാത്രമേ! – ”
ബഹുമാനത്തിന്റെ പാത്രമേ! – ”
അത്ഭുതമായ ഭക്തിയുടെ പാത്രമേ! – ”
ദൈവസ്നേഹം നിറഞ്ഞിരിക്കുന്ന
വറുദ പുഷ്പമേ! – ”
ദാവീദിന്റെ കോട്ടയേ! – ”
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ! – ”
സ്വർണ്ണാലയമേ! – ”
വാഗ്ദാനത്തിന്റെ പെട്ടകമേ! – ”
ആകാശമോക്ഷത്തിന്റെ വാതിലേ! – ”
ഉഷഃകാലത്തിന്റെ നക്ഷത്രമേ! – ”
രോഗികളുടെ സ്വസ്ഥാനമേ! – ”
പാപികളുടെ സങ്കേതമേ! – ”
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

ഇങ്ങനെ പോകുന്നു പ്രാർഥന. എന്റെ ചെറുപ്പത്തിൽ നിത്യാരാധന എന്ന പേരിൽ ഒരു തടിച്ച പുസ്തകം വീടുകളിൽ ഉണ്ടായിരുന്നു. എത്രയെത്രതരം ലുത്തീനിയകളാണ് അതിൽ അച്ചടിച്ചിരിക്കുന്നത്. അന്ത്യകാല ലുത്തീനിയ, തിരുനാമത്തിന്റെ ലുത്തിനിയ, കാവൽ മാലാഖായുടെ ലുത്തിനിയ, സകലപുണ്യവാളന്മാരുടെ ലുത്തീനിയ, യൗസേപ്പു പിതാവിന്റെ വിസീത്ത, വി.കുർബാനയ്ക്കു വിസീത്ത, പരിശുദ്ധ ദൈവമാതാവിനു വിസീത്ത. ഇന്ന് ഈ വലിയ ഗ്രന്ഥം വിൽപനയ്ക്കില്ല. പകരം പുത്തൻ പുത്തൻ പ്രാർഥനകൾ അച്ചടിച്ചു വിൽക്കുന്നു.

“നീ പ്രാർഥിക്കുമ്പോൾ നിന്റെ ഉള്ളറയിൽ കയറി നിന്റെ വാതിലടച്ച് അവിടെ അദൃശ്യനായി വസിക്കുന്ന നിന്റെ പിതാവിനോടു പ്രാർഥിക്കുക” എന്ന യേശുവിന്റെ കൽപന പൂർണമായും ലംഘിച്ചുകൊണ്ടാണ് സഭാധികാരം ഈ പ്രാർഥനാപരിപാടി ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുന്നത്. ഇന്ന് കത്തോലിക്കർ ദൈവത്തോട് പ്രാർഥിക്കാറില്ല. തന്റെ പ്രാർഥനയെ ദൈവം ശ്രവിക്കുന്നതിനായി മധ്യസ്ഥന്മാരോട് പ്രാർഥിക്കുന്നു. അവർ നിരന്തരം നമ്മുടെ കാര്യം കർത്താവിനോടും യേശുവിനോടും പറയുന്നു. അങ്ങനെ കാര്യസാധ്യം നേടുന്നു. ഈ സമ്പ്രദായം യേശുവന്റെ പഠനങ്ങൾക്ക് നിരക്കുന്നതാണോ എന്ന് വിശ്വാസികൾ ചിന്തിക്കാൻ സമയമായിക്കഴിഞ്ഞിരിക്കുന്നു. ■

## കെ.സി.ആർ.എം. തൊടുപുഴ റീജിയണൽ കമ്മിറ്റിയംഗങ്ങൾ പറയുന്നു:

(റിപ്പോർട്ട് പേജ് 35-ൽ)

‘യേശുവിനേയും വിശുദ്ധ ബൈബിളിനേയും അറിയുന്ന പുരോഹിതരുടെ അഭാവമാണ് സമൂഹത്തിൽ അവർ ഒറ്റപ്പെടാൻ കാരണമാവുന്നത്.’ – (**റെജി ഞള്ളാനി**, ഇടുക്കി ജില്ലാ പ്രസിഡന്റ്, കെ.സി.ആർ.എം)

‘നിരവധി അനാചാരങ്ങളെ പൗരോഹിത്യം സഭയുടെ അനുഷ്ഠാനങ്ങളും നിയമങ്ങളുമായി മാറ്റിക്കൊണ്ടിരിക്കുകയാണ്.’
– **അഡ്വ. ജോസ് പാലിയത്ത്** (വൈസ് പ്രസിഡന്റ്, കെ.സി.ആർ.എം. തൊടുപുഴ റീജിയണൽ കമ്മിറ്റി)

‘ആത്മീയചൈതന്യമുള്ള വിശ്വാസിസമൂഹവും സംഘടനകളും വളർന്നുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.’
– **അഡ്വ. ജോസ് ജോസഫ് ആരക്കുന്നേൽ** (പ്രസിഡന്റ്, കെ.സി.ആർ.എം, തൊടുപുഴ, റീജിയണൽ കമ്മിറ്റി)

‘ഫ്രാൻസീസ് മാർപ്പാപ്പായുടെ ദർശനങ്ങൾ സമൂഹത്തിലെത്തിക്കാൻ വിശ്വാസിസമൂഹം അടിയന്തിരമായി മുന്നിട്ടിറങ്ങണം.’
– **വി.ജെ. ജോയി വടക്കേടത്ത്** (ജന. സെക്രട്ടറി, കെ.സി.ആർ.എം. തൊടുപുഴ റീജിയണൽ കമ്മിറ്റി)

“യുവാക്കൾ ശരിയായ ക്രിസ്തീയ വിശ്വാസത്തിലേക്കു കടന്നുവരുവാനും അവരെ കർമ്മോത്സുകരാക്കുവാനും സഹായകമാകുംവിധം കെ.സി.ആർ.എം. അവർക്ക് ആശയ-നേതൃത്വതലങ്ങളിൽ പരിശീലനം നൽകണം.’ – **മാത്തുക്കുട്ടി, വട്ടക്കുന്നേൽ** (സെക്രട്ടറി, കെ.സി.ആർ.എം. തൊടുപുഴ റീജിയണൽ കമ്മിറ്റി)

‘പുരോഹിതർ മുതലാളിത്തമനോഭാവവും ജീവിതശൈലികളും ഉപേക്ഷിക്കാൻ തയ്യാറാവണം.’
– **ജോസുകുട്ടി മുലേച്ചാലിൽ** (ജോ. സെക്രട്ടറി, കെ.സി.ആർ.എം.തൊടുപുഴ റീജിയണൽ കമ്മിറ്റി)

‘കത്തോലിക്കാ സഭയിൽനിന്നും പുറത്തുപോയവർ സഭയിലേക്കു തിരികെയെത്തുവാൻ ആവശ്യമായ അനുകൂല സാഹചര്യം ഒരുക്കിയെടുക്കേണ്ടതുണ്ട്.’ – **ജോസഫ് കാരുപറമ്പിൽ** (ട്രഷറർ, കെ.സി.ആർ.എം. തൊടുപുഴ റീജിയണൽ കമ്മിറ്റി) ■

# 'നവീകൃതസഭ പുതുസഹസ്രാബ്ദത്തിൽ'

**എം. എൽ. ജോർജ്ജ്, മാളിയേക്കൽ**
സെക്രട്ടറി, കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ

## ['നസ്രാണികത്തോലിക്കാ അത്മായഅസംബ്ലി 2014' ഒരു ഹ്രസ്വറിപ്പോർട്ട്]

നസ്രാണിസഭാചരിത്രത്തിൽ ഒരു അവിസ്മരണീയമുഹൂർത്തം സൃഷ്ടിച്ചുകൊണ്ട്, 'നസ്രാണികത്തോലിക്കാ അല്മായ അസംബ്ലി 2014' ഫെബ്രുവരി 8,9 തീയതികളിൽ, എർണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ വിജയകരമായി നടന്നു.

'നവീകൃതസഭ പുതുസഹസ്രാബ്ദത്തിൽ' എന്ന സന്ദേശം ഉൾക്കൊണ്ടുചേർന്ന ഈ അസംബ്ലിയിൽ, സഭയിൽ 99.99% വരുന്ന അത്മായസമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് പ്രഗൽഭരായ അത്മായപ്രതിനിധികൾ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് എത്തിയിരുന്നു. വിദേശമലയാളി കത്തോലിക്കരെ പ്രതിനിധീകരിച്ച്, അമേരിക്കയിൽനിന്ന് ശ്രീ. എ. സി. ജോർജ്ജും ഭാര്യയും അസംബ്ലിയിൽ പങ്കെടുത്തു.

അസംബ്ലിയുടെ ആരംഭംമുതൽ അവസാനംവരെ, വളരെ പ്രാധാന്യമുള്ള വിഷയങ്ങളായിരുന്നു പ്രബന്ധങ്ങളിലൂടെയും ചർച്ചകളിലൂടെയും അവതരിപ്പിക്കപ്പെട്ടത്. ക്രൈസ്തവ അരൂപിയിലും ലാളിത്യത്തിലും നിറഞ്ഞതായിരുന്നു, ഈ അസംബ്ലി. ഫെബ്രുവരി 8-നു രാവിലെ 9 മുതൽ അത്മായപ്രതിനിധികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 10-ന് ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച അസംബ്ലിക്ക് പ്രൊഫ. ജോയി മൈക്കിൾ സ്വാഗതം ആശംസിച്ചു. തുടർന്ന് ജനറൽ കൺവീനർ ശ്രീ. എം. എൽ. ജോർജ്ജ് മാളിയേക്കൽ അസംബ്ലി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ, നസ്രാണി കത്തോലിക്കാസഭയുടെ മതസമ്പത്തുകൾ നീതിപൂർവ്വകവും കാര്യക്ഷമവുമാക്കി ജനാധിപത്യവ്യവസ്ഥയിലുള്ള സഭാപ്രവർത്തനക്രമത്തിനുവേണ്ടി മതപരമായ ട്രസ്റ്റുകളും കമ്മിറ്റികളും രൂപവൽക്കരിച്ച് സഭയുടെ പ്രവർത്തനത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് ഈ അത്മായ അസംബ്ലിക്കുള്ളത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സഭയുടെ സാമ്പത്തിക സ്രോതസ്സുകളെയും ധനത്തെയും നിയന്ത്രിക്കുവാനും വസ്തുവകകൾ കൈകാര്യം ചെയ്യുവാനും ക്രിസ്തീയതത്വങ്ങളിലും അപ്പസ്തോലപ്രവർത്തനങ്ങളിലും ഇൻഡ്യൻ ഭരണഘടനയിലും പൗരാവകാശങ്ങളിലും സ്വാഭാവികനീതിയിലും അടിയുറച്ച പ്രവർത്തനസംവിധാനം ഉണ്ടാക്കുന്നതിനും പ്രാബല്യത്തിലാക്കുന്നതിനും ഈ അസംബ്ലിക്കു സാധിക്കണം. അതിന് സഭാശ്രേണിയിൽ ഇടവകതലത്തിലും, രൂപതാതലത്തിലും ആഗോളതലത്തിലുമായി ഒരു ത്രിതല ട്രസ്റ്റു സംവിധാനം രൂപീകരിക്കേണ്ടതുണ്ട്. ഇടവകട്രസ്റ്റുകളിൽ നിന്നു പൊതുയോഗത്തിലൂടെ അംഗങ്ങളെ തിരഞ്ഞെടുത്ത് ഇടവക ട്രസ്റ്റ് കമ്മിറ്റികളിലേക്കും രൂപതാ ട്രസ്റ്റ് കമ്മിറ്റികളിലേക്കും അതുപോലെ രൂപതാട്രസ്റ്റ് കമ്മിറ്റികളിൽനിന്ന് ആഗോള ട്രസ്റ്റ് കമ്മിറ്റിയിലേക്കും അംഗങ്ങളെ തെരെഞ്ഞെടുത്തയച്ച്, സഭാപ്രവർത്തനം അത്മായ പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. അത്തരമൊരു നവീകൃതസഭാഘടന പുതുസഹസ്രാബ്ദത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് ഈ അത്മായഅസംബ്ലിയുടെ മുഖ്യലക്ഷ്യം, അദ്ദേഹം പറഞ്ഞു.

ഈ ത്രിതല ട്രസ്റ്റ് സംവിധാനം 2014 ജൂലൈ 3 മുതൽ നസ്രാണിസഭയിൽ പ്രാബല്യത്തിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. അതോടെ സഭയിൽ വലിയവനെന്നോ ചെറിയവനെന്നോ മെത്രാനെന്നോ അത്മായനെന്നോ വ്യത്യാസംകൂടാതെ മുഴുവൻ സഭാംഗങ്ങൾക്കിടയിലും തുല്യത നിലവിൽ വരുമെന്ന് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം വിശദീകരിച്ചു.

സീറോ-മലബാർ, സീറോ-മലങ്കര, ലത്തീൻ കത്തോലിക്കാ മെത്രാന്മാർക്ക് അവരുടെ സ്വകാര്യത പങ്കുവയ്ക്കുവാനും സഭയിൽനിന്ന് അവരുടെ അവകാശാനുകൂല്യങ്ങൾ ആർജ്ജിക്കാനുമായിട്ടാകാം, അഖിലേന്ത്യാ കത്തോലിക്കാമെത്രാൻ സമ്മേളനം പാലായിൽ 2014 ഫെബ്രു. 5 മുതൽ 12 വരെ സമ്മേളിച്ചത്. വിശ്വാസികളുടെ നേർച്ചപ്പണത്തിൽനിന്നും ദശകോടികൾ ധൂർത്തടിച്ച്, 197 മുറികളും കോൺഫ്രൻസ് ഹാളുകളുമടങ്ങുന്ന ലോകോത്തരകൊട്ടാരം നിർമ്മിച്ച് അതിൽവച്ചു നടത്തിയ ഈ മെത്രാൻസമ്മേളനം ക്രിസ്തീയതയ്ക്കു വിരുദ്ധവും സഭാദ്രോഹവുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്തരം ധൂർത്തിന് വിരാമമിടുന്നതിനുവേണ്ടിക്കൂടിയാണ് 'നസ്രാണികത്തോലിക്കാ സഭാനിയമം 2014'-ന് രൂപംകൊടുക്കാനുദ്ദേശിക്കുന്നതെന്നും

അദ്ദേഹം പ്രസ്താവിച്ചു.

തുടർന്ന്, പ്രബന്ധാവതരണങ്ങളായിരുന്നു. 'ആത്മീയമണ്ഡലവും ഭൗതികമണ്ഡലവും തമ്മിലുള്ള വേർതിരിവ് ക്രിസ്തീയ സഭയിൽ' എന്ന പ്രബന്ധം വിൻസന്റ് മാത്യു കളപ്പുരയിൽ അവതരിപ്പിച്ചു. തുടർന്ന്, 'പൗരസ്ത്യകാനൻനിയമങ്ങളും ക്രിസ്തീയവിശ്വാസതത്ത്വങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രബന്ധം ജോസ്. പി. തേനേത്തും, 'പൗരസ്ത്യ കാനൻ നിയമങ്ങളും രൂപതാനിയമങ്ങളും തമ്മിലുള്ള പരസ്പരവൈരുദ്ധ്യങ്ങൾ' എന്ന പ്രബന്ധം ജോർജ്ജ് മാത്യൂ കളപ്പുരയും അവതരിപ്പിച്ചു. 'ഇൻഡ്യൻ ഭരണഘടനയും കാനൻനിയമങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ' സംബന്ധിച്ചുള്ള പ്രബന്ധം കേരള ഹൈക്കോടതി അഡ്വക്കേറ്റ് ജോസ് ജോസഫ് ആരക്കുന്നേൽ അവതരിപ്പിച്ചു. തുടർന്ന് നടന്ന പൊതുചർച്ചയിൽ, കേരള ഹൈക്കോടതി അഡ്വക്കേറ്റ് വർഗ്ഗീസ് പറമ്പിൽ, ഡോ. ജെയിംസ് കോട്ടൂർ, ജോയിപോൾ പുതുശ്ശേരി, സിസ്റ്റർ ഇമൽഡ, ടോമി ചാക്കോള, പ്രൊഫ. ജോസഫ് വർഗ്ഗീസ്, എ. സി. ജോർജ്ജ് (യു.എസ്.എ), കെ. കെ. ജോർജ്ജ്, അഡ്വക്കേറ്റ് എം. സി. സൈമ തുടങ്ങിയവർ പങ്കെടുത്തു. ചർച്ചകൾക്കുശേഷം പ്രബന്ധങ്ങൾ അസംബ്ലി അംഗീകരിച്ചു. മെത്രാന്മാർ നിർമ്മിച്ചിട്ടുള്ള പൗരസ്ത്യകാനൻ നിയമങ്ങൾ ക്രിസ്തീയതത്ത്വങ്ങൾക്കും അപ്പസ്തോലപ്രവർത്തനങ്ങൾക്കും സന്മാർഗ്ഗത്തിനും ഇൻഡ്യൻ ഭരണഘടനയ്ക്കും പൗരാവകാശങ്ങൾക്കും സ്വാഭാവികനീതിക്കും എതിരായതിനാൽ അതു നിരോധിക്കണമെന്ന പരക്കെയുള്ള അഭിപ്രായം മാനിച്ച്, പൗരസ്ത്യകാനൻനിയമം സഭയിൽ നിരോധിച്ചുകൊണ്ട് അസംബ്ലിയിൽ പ്രഖ്യാപനമുണ്ടായി. കാനൻ നിയമങ്ങളിൽ ബിരുദവും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും എടുത്ത്, അത് യോഗ്യതയായി പരിഗണിച്ച്, സഭയിൽ സ്ഥാനമാനങ്ങൾ വഹിക്കുവാൻ ഇനി ആർക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. അത്തരത്തിൽ സ്ഥാനം വഹിച്ചുവരുന്നവർ ആ സ്ഥാനത്തിന് അനർഹരായിത്തീരുന്നതാണെന്നും 'അത്മായ അസംബ്ലി 2014' പ്രഖ്യാപിച്ചു. പ്രഖ്യാപനത്തെത്തുടർന്ന് നിർജ്ജീവമായ പ്രസ്തുത നിയമത്തെ ഭാരതീയാചാരപ്രകാരം വൈകുന്നേരം 4.15-ന് അഗ്നിക്കിരയാക്കി പഞ്ചഭൂതങ്ങളിൽ ലയിപ്പിച്ചു. തുടർന്നുള്ള വിശദീകരണയോഗത്തിനുശേഷം, 06:10-ന് അസംബ്ലിയുടെ ഒന്നാം ദിവസം പര്യവസാനിച്ചു.

ഫെബ്രുവരി 9-നു രാവിലെ 9-ന് അസംബ്ലി ആരംഭിച്ചു. 'പൗരസ്ത്യ കാനൻനിയമങ്ങൾ, രൂപതാനിയമങ്ങൾ പള്ളിയോഗ നടപടിക്രമങ്ങൾ എന്നിവയും ഇൻഡ്യൻ ഭരണഘടനയും തമ്മിലുള്ള വൈരുദ്ധ്യങ്ങളും മെത്രാന്മാരും വത്തിക്കാനുമായുള്ള അവിശുദ്ധ കൂട്ടുകെട്ടുകളും ദേശദ്രോഹ കുറ്റകൃത്യങ്ങളും' എന്ന വിഷയത്തിലുള്ള പ്രബന്ധം ശ്രീ. ജോയി പോൾ പുതുശ്ശേരിയും, 'നസ്രാണി കത്തോലിക്കാസഭയുടെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും ആർജ്ജിതസ്വഭാവവും മൂലരേഖകളും- വിലയിരുത്തൽ, തീരുമാനങ്ങൾ' എന്ന പ്രബന്ധം പ്രൊഫ. ജോയി മൈക്കിളും, 'കത്തോലിക്കാസഭയിൽ പുരോഹിതർക്ക് വിവാഹജീവിതം അനുവദിക്കണ'മെന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രബന്ധം റെജി ഞള്ളാനിയും അസംബ്ലിയിൽ അവതരിപ്പിച്ചു. പ്രബന്ധങ്ങളിന്മേലുള്ള ചർച്ചയിൽ വിൻസന്റ് മാത്യൂ കളപ്പുര, എം. എൽ. ജോർജ്ജ് മാളിയേക്കൽ, അഡ്വക്കേറ്റ് ജേക്കബ് മുണ്ടക്കൽ, ജോസ് പി തേനേത്ത്, പ്രൊഫ. പി. സി. ദേവസ്യാ, പി.സി. റോക്കി, ജോർജ്ജ് മൂലേച്ചാലിൽ, എ. സി. ജോർജ്ജ് (USA), ജോസ്. പി. വർഗ്ഗീസ് പുന്നയ്ക്കപ്പടവിൽ, ജോർജ്ജ് മാത്യൂ കളപ്പുര മുതലായവർ പങ്കെടുത്തു.

തുടർന്ന് 11:30-ന്, പറങ്കി മെത്രാന്മാരുടെ ദുഷ്ചെയ്തികളിൽ മനം മടുത്ത നസ്രാണികൾ 1653-ൽ ഐതിഹാസികമായി നടത്തിയ കൂനൻകുരിശു സത്യത്തെ അനുസ്മരിച്ചു. ആ സ്മരണയിൽനിന്ന് ഊർജ്ജം സ്വീകരിച്ച അത്മായ പ്രതിനിധികൾ കത്തോലിക്കാ മെത്രാന്മാരുടെ ദുഷ്ചെയ്തികൾക്ക് നസ്രാണികൾ വീണ്ടും വശംവദരാവുകയില്ല എന്ന്, സമ്മേളനസ്ഥലത്തുനാട്ടിയ കുരിശിൽ കൈകോർത്തുനിന്നുപിടിച്ച്, **'ജീവനുള്ള കാലത്തോളം ക്രിസ്തീയതത്വങ്ങൾക്കും സന്മാർഗ്ഗത്തിനും ദേശീയതയ്ക്കും ഇൻഡ്യൻ ഭരണഘടനയ്ക്കും എതിരായ ഏകാധിപത്യ കാനൻനിയമങ്ങൾ നസ്രാണികൾ അംഗീകരിക്കുകയില്ലെന്നു പ്രതിജ്ഞചെയ്യുന്നു'** എന്ന് തീക്ഷ്ണതാപൂർവ്വം ഏറ്റുചൊല്ലി രണ്ടാം കുരിശുസത്യപ്രതിജ്ഞയെടുത്ത് അല്മായപ്രതിനിധിസംഘം ചരിത്രംകുറിച്ചു.

തുടർന്ന്, നസ്രാണികത്തോലിക്കാസഭാനിയമം 2014' ശ്രീ. എം. എൽ. ജോർജ്ജ് മാളിയേക്കൽ അസംബ്ലിയിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കും വിലയിരുത്തലുകൾക്കുംശേഷം പ്രസ്തുത നിയമം അസംബ്ലി അംഗീകരിച്ചു. അസംബ്ലി അംഗീകരിച്ച പ്രസ്തുത നിയമം 2014 ജൂലൈ മാസം 3-ാം തീയതിമുതൽ നസ്രാണി കത്തോലിക്കാ (സീറോ - മലബാർ) സഭയിലെ മുഴുവൻ പള്ളികൾക്കും രൂപതകൾക്കും അതിരൂപതകൾക്കും, ആത്മീയ ശുശ്രൂഷകരടക്കമുള്ള മുഴുവൻ സഭാംഗങ്ങൾക്കും, സഭാസ്ഥാപനങ്ങൾക്കും എല്ലാ സ്വത്തുവകകൾക്കും ബാധകമായിരിക്കുമെന്ന് 'അത്മായഅസംബ്ലി' പ്രഖ്യാപിച്ചു. പ്രസ്തുത നിയമം പ്രിന്റു ചെയ്ത് ത്രിതല ട്രസ്റ്റുകളിൽ പ്രാബല്യത്തിലാക്കുന്നതിനുവേണ്ടി മേജർ ആർച്ച് ബിഷപ്പിന് അയച്ചുകൊടുക്കുവാനും അസംബ്ലി

# ഭാരതമെത്രാൻസിനഡും സഭാനവീകരണവും

ഫാ. ഡേവീസ് കാച്ചപ്പിള്ളി






**പ**തിവിലേറെ ഒരുക്കങ്ങളോടെയും വാർത്താപ്രാധാന്യത്തോടെയും ആയിരുന്നു പാലായിലെ ഭാരതമെത്രാൻ സിനഡിന്റെ തുടക്കം. 'സമൂഹനവീകരണത്തിന് നവീകരിക്കപ്പെടേണ്ട സഭ' എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട ഒരാഴ്ചക്കാലത്തെ സിനഡിന്റെ സമ്യക്കായ വാർത്തകൾ മാധ്യമങ്ങളിലൂടെ സമൂഹത്തെ അറിയിച്ചിരുന്നു എന്നത് സന്തോഷകരവും ആശാവഹവുമായിരുന്നു. ഫ്രാൻസീസ് പാപ്പായുടെ, 'സുവിശേഷത്തിന്റെ ആനന്ദം' വായിച്ചുതീരുമ്പോൾ മനസ്സിലുണ്ടാകുന്നപോലൊരു സന്തോഷവും സംതൃപ്തിയും സിനഡിന്റെ പരിസമാപ്തിയിൽ സഭയ്ക്കാകമാനം അനുഭവിക്കാനാകുന്നുണ്ടോ എന്നു വിലയിരുത്തുന്നത് ഉപകാരപ്രദമായേക്കും.

വലിയ പ്രതീക്ഷകളാണ് ഓരോ ദിവസത്തേയും വിഷയാവതരണങ്ങളിലൂടെയും ആഹ്വാനങ്ങളിലൂടെയും സഭാമേലദ്ധ്യക്ഷന്മാർ സഭയ്ക്കു നല്കിക്കൊണ്ടിരുന്നത്. അവയിൽ ചിലത് ഇവിടെ ഓർമ്മിക്കട്ടെ : രണ്ടാം വത്തിക്കാൻ കൗൺസിലും ഫ്രാൻസീസ് പാപ്പായുടെ നിലപാടുകളും കണക്കിലെടുത്ത് ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് മെത്രാൻ സിനഡ് ചർച്ച ചെയ്യും; ആഴത്തിലുള്ള നവീകരണം വ്യക്തികളിലെന്നപോലെ സഭയിലാകമാനം ഉണ്ടാകണം; സഭയിലെ വെല്ലുവിളികളെ കൂട്ടായ്മയിലൂടെയും സംവാദത്തിലൂടെയുമാണ് സഭ നേരിടേണ്ടത്; സംവാദം സഭയുടെ ദൗത്യത്തിന്റെ മാർഗ്ഗവും ഉപകരണവുമാണ്; ഇടയന്മാർ ലാളിത്യത്തിന്റെ മാതൃകകളാകണം; നവീകരണം എന്നത് ദൈവഹിതത്തിനനുസരിച്ചുള്ള മാനസാന്തരമാണ് ; സഭ കൂദാശയും കൂട്ടായ്മയുമാണ്; ഫ്രാൻസീസ് പാപ്പായെപ്പോലെ സഭാസമൂഹത്തെ വിസ്മയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന നിലപാടുകളെടുക്കാൻ ഈ സിനഡിന് കഴിയണം; ഭാരതസഭയിൽ സമഗ്രമായ മാറ്റങ്ങൾ ഉണ്ടാകണമെന്ന ആഗ്രഹവും അത് ദൈവം ഈ സിനഡിനും തന്മൂലം സഭയ്ക്കു മുഴുവനും സംലബ്ധമാക്കുമെന്ന പ്രതീക്ഷയും സിനഡിൽ ഉയർന്നുവന്നു; ഒരു സഹോദരനേപ്പോലെ പെരുമാറുന്ന ഫ്രാൻസീസ് പാപ്പായെ മെത്രാന്മാർ അനുകരിക്കണം; പ്രാർത്ഥനയുടേയും വിജ്ഞാനത്തിന്റെയും അനുഭവങ്ങളുടെയും ലാളിത്യത്തിന്റെയും മനുഷ്യനായ ഫ്രാൻസീസ് പാപ്പായെ നാം കണ്ടുപഠിക്കണം; ജീവിതത്തിൽ ഫ്രാൻസീസ് പാപ്പായുടെ ജീവിതലാളിത്യശൈലികളും സമീപനങ്ങളും സ്വീകരിക്കാനകണം; സഭാസമൂഹത്തിൽ മാറ്റമുണ്ടാകണമെങ്കിൽ സഭയുടെ നേതൃത്വവും മാറ്റങ്ങൾക്കു വിധേയപ്പെടണം; സഭ വിശ്വാസികളുടെ കൂട്ടായ്മയാണ് എന്ന അടിസ്ഥാനത്തിൽ സഭാഗാത്രത്തിന്റെ മാതൃക മാറ്റുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തണം; ദൈവാരാധനയും ദൈവവചനവും ജീവിതബന്ധിയാക്കണം; സഭയുടെ ശൈലികൾ കൂടുതൽ ലളിതമാക്കണം; മെത്രാൻ പദവിയോട് ചേർന്നുള്ള ആദരസൂചകമായ പദങ്ങളിലും മറ്റും ഈ സമീപനം ഉണ്ടാകണം. 'മെത്രാൻ സിനഡ് മാറ്റങ്ങളുടെ ചാലകശക്തിയായിരുന്നു'

---

തീരുമാനിച്ചു. പ്രസ്തുത നിയമം സഭയിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്, എം. എൽ. ജോർജ്ജ് ചെയർമാനായും, അഡ്വക്കേറ്റ് ജോസ് ജോസഫ്, വിൻസന്റ് മാത്യു, പ്രൊഫ. ജോയി മൈക്കിൾ, പ്രൊഫ. ജോസഫ് വർഗ്ഗീസ്, അഡ്വക്കേറ്റ് വർഗ്ഗീസ് പറമ്പിൽ, ജോയിപോൾ പുതുശ്ശേരി, എന്നിവരെ ഇംപ്ളിമെന്റേഷൻ (Implementation) കമ്മിറ്റി അംഗങ്ങളായും അസംബ്ലി ചുമതലപ്പെടുത്തി. സഭയിലെ 99.99% വരുന്ന അത്മായരുടെ അവകാശങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് വൈകിട്ട 5:30-ന് 'നസ്രാണികത്തോലിക്കാ അത്മായഅസംബ്ലി 2014' സമാപിച്ചു. ■

–ഫോൺ: 9447973632

(ദീപിക 13/02/2014) എന്ന പ്രഖ്യാപനത്തോടെയാണ് സിനഡ് സമാപിച്ചത്.

മേൽപറഞ്ഞ രീതിയിലുള്ള ആഹ്വാനങ്ങളും ചർച്ചകളും അനവധി ഉണ്ടായെങ്കിലും തീരുമാനങ്ങൾ ആനുപാതികമായി പത്രങ്ങളിൽ കണ്ടില്ല എന്നത് പ്രതീക്ഷകളെ നിർജ്ജീവമാക്കി. കസ്തൂരിരംഗൻ റിപ്പോർട്ട്, അടുത്ത ലോകസഭാതിരഞ്ഞെടുപ്പ് എന്നിവയെ അടിസ്ഥാനമാക്കി ഇടയലേഖനങ്ങൾ ഇറക്കും എന്നൊരു തീരുമാനം പത്രങ്ങളിൽ വായിച്ചു. എന്നാൽ 'സഭാസമൂഹത്തെ വിസ്മയിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്യുന്ന നിലപാടുക'ളൊന്നും സിനഡിന് പ്രഖ്യാപിക്കാനായില്ല". മറ്റു പ്രസക്തമായ തീരുമാനങ്ങളും കണ്ടില്ല. ആഹ്വാനങ്ങൾ പ്രസിദ്ധീകരിച്ച പോലെ, തീരുമാനങ്ങളും പ്രസിദ്ധീകരിക്കേണ്ടതായിരുന്നില്ലേ എന്ന് ആരും സംശയിച്ചുപോകും. ഒരുപക്ഷേ, തീരുമാനങ്ങൾ ഏറെയും വ്യക്തിഗതസഭകൾക്കും റീത്തുകൾക്കുമായി നീക്കിവച്ചിരിക്കയാവാം. എനിക്കതിൽ മുൻവിധിയില്ല.

എങ്കിലും ഭാരതസഭയ്ക്കും മെത്രാൻമാരുടെ കൂട്ടായ്മയ്ക്കും പൊതുവായ തീരുമാനങ്ങൾ ഉണ്ടാകേണ്ടിയിരുന്നു. അതിന് അടിസ്ഥാനമായ ചർച്ചകളും ആഹ്വാനങ്ങളും സിനഡിൽ ഉണ്ടാവുകയും ചെയ്തു. ഫ്രാൻസീസ് പാപ്പായുടെ ജീവിത ലാളിത്യശൈലികൾ അനുകരിക്കണമെന്ന ആഹ്വാന (11/02/2014)ത്തിനനുസൃതമായൊരു തീരുമാനം ഭാരതസഭാമേലദ്ധ്യക്ഷന്മാരുടെ ജീവിതശൈലികളിൽ സ്വീകരിക്കാനുള്ള തീരുമാനം ഉണ്ടാകാമായിരുന്നല്ലോ. ആദിമസഭയുടെ ചൈതന്യത്തിലേക്കു തിരിച്ചുപോകണമെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനപ്രകാരം, നാലാം നൂറ്റാണ്ട് മുതൽ കടന്ന് കൂടിയ രാജകീയപദപ്രയോഗങ്ങളും ആടയാഭരണങ്ങളും മറ്റും (ഉദാ. രാജകുമാരൻ, മാർ, തിരുമേനി, അരമന, ബംഗ്ലാവ്, കിരീടധാരണം,

**സിനഡിന്റെ പശ്ചാത്തലത്തിൽ വിശ്വാസികൾക്കിടയിലുണ്ടായ ഇത്തരം പ്രതികരണങ്ങൾ കണക്കിലെടുക്കുമ്പോൾ സഭയിലെ മെത്രാന്മാർ ഒറ്റപ്പെടുന്ന സാഹചര്യത്തിലേക്കാണ് കേരളക്രൈസ്തവസഭ നീങ്ങുന്നത് എന്നു തോന്നിപ്പോകുന്നു.**

എഴുന്നള്ളിപ്പ്) പൊളിച്ചെഴുതാമായിരുന്നല്ലോ. യാത്രാസൗകര്യത്തിനുള്ള വാഹനങ്ങളുടെ കാര്യത്തിലും ഏകീകൃതമായൊരു മിതത്വശൈലിക്കു രൂപംനൽകാമായിരുന്നല്ലോ. മാർപ്പാപ്പയെ പോലെ പ്രാർത്ഥിക്കാനും ധ്യാനിക്കാനും പഠിക്കാനും ചിന്തിക്കാനും പ്ലാൻചെയ്യാനും സമയം കിട്ടത്തക്കവിധം ഒരു നവീകരണ ജീവിതപെരുമാറ്റശൈലിക്കു രൂപം നൽകാമായിരുന്നല്ലോ. പള്ളിമുതൽ കൊടിമരം വരെയുള്ള അനേക വെഞ്ചരിപ്പുകളിലും ഉദ്ഘാടനങ്ങളിലും മറ്റതുപോലുള്ള കാര്യങ്ങളിലും വികാരിമാരെയും സന്യസ്തരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള അധികാരവികേന്ദ്രീകരണം നടത്താനൊരു തീരുമാനം ഉണ്ടായെങ്കിൽ പ്രാർത്ഥനയ്ക്കും പഠനത്തിനും മറ്റും സമയം കണ്ടെത്താമായിരുന്നല്ലോ. വത്തിക്കാനിൽ മാർപ്പാപ്പ ചെയ്തുകൊണ്ടിരിക്കുന്ന അധികാരവികേന്ദ്രീകരണശൈലിമാറ്റം അതാണല്ലോ. ഇപ്രകാരം ഒരു രൂപരേഖ പ്രഖ്യാപിക്കപ്പെട്ടിരുന്നെങ്കിൽ അതുതന്നെ സമൂഹത്തിനാകമാനമുള്ള നവീകരണപ്രക്രിയകൾക്ക് പ്രചോദനവും ചാലകശക്തിയും ആകുമായിരുന്നു. എന്നാൽ, ഇവയുടെ അഭാവത്തിൽ പ്രവൃത്തിയില്ലാത്ത പ്രബോധനം പോലെയാകില്ലേ ഇനിയുള്ള തീരുമാനങ്ങളും നടപടികളും എന്നുചിന്തിക്കേണ്ടിയിരിക്കുന്നു.

ഇക്കാര്യത്തിൽ ഇനിയും സമയമുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ഓരോ പ്രദേശികസഭയിലും ഇത്തരം കാര്യങ്ങളിൽ തീരുമാനം ഉണ്ടാകേണ്ടത് സഭാനവീകരണത്തിന് അടിസ്ഥാനമാണെന്നത് വിസ്മരിക്കാതിരിക്കാം. അതേസമയം വൈദികരും സന്യസ്തരും അല്മായരും പ്രതിനിധികളായിക്കൊണ്ടുള്ള സഭാവേദികളിലെ ചർച്ചകളും തീരുമാനങ്ങളും കൂടുതൽ അർത്ഥപൂർണ്ണവും ഫലദായകവുമാകും എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഭാക്കൂട്ടായ്മ, അല്മായപങ്കാളിത്തം, അധികാരവികേന്ദ്രീകരണം എന്നിവയെക്കുറിച്ച് സിനഡിൽ ചർച്ചകൾ ഉണ്ടായെങ്കിലും, സിനഡിനിടയിൽ ഏതാനും വൈദികരെയും സന്യസ്തരെയും അല്മായരെയും ക്ഷണിച്ച് അവരുടെ പ്രതീക്ഷകളും അഭിപ്രായങ്ങളും എന്താണ് എന്ന് ചോദിക്കാൻ അവസരം കൊടുത്തിരുന്നെങ്കിൽ അത് എത്രയോ നല്ല തുടക്കം ആകുമായിരുന്നു.

സഭയെ വിശ്വാസികളുടെ കൂട്ടായ്മ എന്ന് നിർവചിച്ചിരിക്കുന്ന രണ്ടാം വത്തിക്കാൻ യുഗത്തിൽ സഭാനവീകരണത്തിന്റെ അടിസ്ഥാനമായി ഏകപക്ഷീയ മെത്രാൻസിനഡിനു മാറ്റം വരണമെന്ന് പ്രഖ്യാപിച്ചുകൊണ്ട് നടത്തപ്പെട്ട 'ജനകീയ സിനഡ്', 'അല്മായ അസംബ്ലി' എന്നിവയും വിവിധ അല്മായസംഘടനകൾ മെത്രാൻ സിനഡിനു സമർപ്പിച്ച നിവേദനങ്ങളും വളരെ വിലപ്പെട്ടവയായി കാണേണ്ടതാണ്. സിനഡിന്റെ പശ്ചാത്തലത്തിൽ വിശ്വാസികൾക്കിടയിലുണ്ടായ ഇത്തരം പ്രതികരണങ്ങൾ കണക്കിലെടുക്കുമ്പോൾ സഭയിലെ മെത്രാന്മാർ ഒറ്റപ്പെടുന്ന സാഹചര്യത്തിലേക്കാണ് കേരളക്രൈസ്തവസഭ നീങ്ങുന്നത് എന്നു തോന്നിപ്പോകുന്നു. അതുണ്ടാകുന്നത് വലിയ അപകടമാണ്. അത് ഉണ്ടാകാതിരിക്കാൻ സത്വരശ്രദ്ധ ആവശ്യവുമാണ്. അവയ്ക്കെതിരായ മുൻകരുതലുകളെടുക്കാൻ സമയം ദീർഘിച്ചോ എന്ന് പോലും ചിന്തിക്കേണ്ടിയിരിക്കുന്നു. എന്താണ് പ്രതിവിധി, എന്താണ് മുൻകരുതലുകൾ

എന്നതിന് മാർപ്പാപ്പ നൽകുന്ന ഉത്തരം ഇതാണ്: 'ഒരുമിച്ചു മുന്നേറുക, ഒരുമിച്ചു നീങ്ങുക, ഒരുമിച്ചു തീരുമാനിക്കുക, ഒരുമിച്ചു പ്രവർത്തിക്കുക, ഒരുമിച്ചു നയിക്കുക.' അതുകൊണ്ട് മെത്രാൻ സിനഡ് ആഹ്വാനം ചെയ്തതുപോലെയും ചർച്ച ചെയ്തതുപോലെയും സഭാഗാത്രത്തിന്റെ മാതൃക മാറ്റുന്നതിനെക്കുറിച്ച് ധീരമായ തീരുമാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇപ്പോഴത്തെ സിനഡാലിറ്റിയുടെ രീതിയിൽ മാറ്റമുണ്ടാകണം എന്ന ഫ്രാൻസീസ് പാപ്പായുടെ ആഹ്വാനം ഭാരതസഭയിൽ യാഥാർത്ഥ്യമാക്കണം. ഇക്കാര്യങ്ങളിൽ ഉത്ക്കണ്ഠകൾക്കു യാതൊരു അവകാശവുമില്ല. കാരണം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൗൺസിൽ പ്രബോധനങ്ങളിലും മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പിലും വ്യക്തമായിരുന്നല്ലോ. ഇപ്രകാരമൊരു പുതിയ പന്തക്കുസ്ത ഭാരതസഭയിൽ ആവിർഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**–ഫോൺ: 9497179433**

### *(എഡിറ്റോറിയൽ: തുടർച്ച)*

മങ്ങൾ തങ്ങളുടെ ജീവിതം കൊണ്ട് അവർ മനുഷ്യഹൃദയങ്ങളിൽ എഴുതിച്ചേർക്കുകയാണ്. നിയമപിൻബലമില്ലെങ്കിലും അവരുടെ വാക്കുകൾ ജനങ്ങൾ സ്വീകരിച്ചനുസരിക്കും. ഫ്രാൻസീസ് അസ്സീസി മുതൽ ഫ്രാൻസീസ് മാർപ്പാപ്പാവരെയുള്ള ആദ്ധ്യാത്മികമനുഷ്യരുടെ വാക്കുകൾ മനുഷ്യർ കാലദേശഭേദമില്ലാതെ ചെവിയോർക്കുന്നത് അതുകൊണ്ടാണ്. ആദ്ധ്യാത്മികരായിത്തീർന്ന യേശുവിന്റെ ശിഷ്യർക്കു ലഭ്യമായതും ഈ അധികാരത്തിലേക്കാണ്.

'അധികാര'മെന്ന ഈ വാക്കിന്റെ ബിബ്ലിക്കൽ അർത്ഥത്തെ 'ശുശ്രൂഷിക്കാനുള്ള യോഗ്യത' എന്നു വ്യവഹരിക്കാമെന്നുതോന്നുന്നു. ഈ യോഗ്യതയുടെ അടിസ്ഥാനത്തിലായിരുന്നല്ലോ ആദിമസഭയിൽ ആദ്ധ്യാത്മികശുശ്രൂഷികളെയും ഭൗതികശുശ്രൂഷികളെയും വിശ്വാസിസമൂഹം തിരഞ്ഞെടുത്തിരുന്നത് (അപ്പോ.പ്രവ. 1:5–26, 6:2–4). അതനുസരിച്ച് സഭ ആകമാനം ഒരു ശുശ്രൂഷാസംവിധാനമായിരുന്നുവെന്നുകാണാം. ആദ്ധ്യാത്മികവും ഭൗതികവുമായ ശുശ്രൂഷകൾ പരസ്പരപൂരകമായി പുലർന്നിരുന്ന ഒരു സംവിധാനം.

അതിന്റെ സ്ഥാനത്താണിന്ന് തമ്മിലടിക്കുന്ന അധികാരസിംഹാസനങ്ങളും ഭൗതികാധികാരഘടനകളും മനുഷ്യന്റെ ശിരസ്സിനുമേൽ, അവനെ ചവിട്ടുമെതിച്ചുകൊണ്ട് വ്യവസ്ഥാപിതമായിരിക്കുന്നത്; ഫ്രാൻസീസ് മാർപ്പാപ്പാ പറയുന്നതുപോലെ, 'നിസ്സാരകാര്യങ്ങളിലും ഇടുങ്ങിയ മനസ്സിന്റെ നിയമങ്ങളിലും കെട്ടിപ്പിണഞ്ഞുകിടക്കുന്നത്; 'സഭയുടെ ധാർമ്മികപഠനങ്ങളെ സംബന്ധിച്ച് പരസ്പരബന്ധമറ്റ എണ്ണമറ്റ സിദ്ധാന്തങ്ങൾ നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കേണ്ടതുണ്ട് എന്ന ചിന്ത ഒഴിയാബാധയായി'രിക്കുന്നത്. ഇങ്ങനെ ഇനിയും മുന്നോട്ടുപോയാൽ, 'സഭയുടെ ധാർമ്മികബോധം ചീട്ടുകൊട്ടാരംപോലെ തകർന്നടിയും' എന്നു മാർപ്പാപ്പാ താക്കീതു നൽകുന്നു.

ഇന്നത്തെ സഭാവഴക്കുകളെ നിരീക്ഷിച്ചാൽ, അതിന്റെയെല്ലാംപിന്നിൽ നൈമിഷികമായ ഭൗതികാധികാരദുരയും സാമ്പത്തികലാക്കുമാണുള്ളതെന്നു കണ്ടെത്തുവാൻ സുബോധമുള്ളവർക്കാർക്കും പ്രയാസമുണ്ടാവില്ല. 'അവസാനക്കാരനാകുക' എന്ന യേശുവിന്റെ ഉപദേശം സ്വീകരിക്കാനുള്ള വൈമുഖ്യമാണ് കത്തോലിക്കാസഭയുടെ റീത്തുവഴക്കുകൾക്കും മൂലകാരണം. സഭൈക്യത്തിനുവേണ്ടിയുള്ള എക്യുമെനിക്കൽ നീക്കങ്ങളൊക്കെയും ഫലംകായ്ക്കാത്ത അത്തിമരമായി എന്നും നിലകൊള്ളുന്നതിന്റെ കാരണവും മറ്റൊന്നല്ല. ന്യൂനപക്ഷാവകാശമെന്ന വാദമുയർത്തി മറ്റു സമുദായങ്ങളുടെ വെറുപ്പു സമ്പാദിക്കേണ്ടിവരുന്നതിന്റെ പിന്നിലും ആദ്ധ്യാത്മികതയെന്ന ധാർമ്മികാധികാരത്തിന്റെ അഭാവമാണ് സുമനസ്കർക്കു കാണാൻ കഴിയുക. അതുപോലെതന്നെ, വിശ്വാസിസമൂഹത്തെ ചൊൽപ്പടിയിൽ നിർത്താനുദ്ദേശിച്ചുള്ള സഭയുടെ എല്ലാ നിയമങ്ങളും സംവിധാനങ്ങളും രൂപംകൊണ്ടിട്ടുള്ളതും, അവസാനക്കാരനാകാൻ വിസമ്മതിക്കുകയും, 'വിരുന്നുകളിൽ മുഖ്യസ്ഥാനവും സിനഗോഗുകളിൽ ഏറ്റം മികച്ച ഇരിപ്പിടവും ചന്തസ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽനിന്നു 'ഗുരോ' എന്ന സംബോധനയും' മോഹിക്കുകയുംചെയ്യുന്ന, പൗരോഹിത്യത്തിന്റെ ഭൗതികദുരാശകളുടെ സംഘടിത ആവിഷ്കാരമായാണ്... 'പൗരോഹിത്യവാഴ്ചയെ നിർമ്മാർജനംചെയ്യാൻ ഞാനാഗ്രഹിക്കുന്നു' എന്നു ഫ്രാൻസീസ് മാർപ്പാപ്പാ പറയുമ്പോൾ, സഭയെ ആദ്ധ്യാത്മിക ശുശ്രൂഷകർ ധാർമ്മികമായി നയിക്കുന്ന ഒന്നാക്കി മാറ്റാൻ അദ്ദേഹം വെമ്പുന്നു എന്നുവേണം നാം മനസിലാക്കാൻ.

കേവലം യുക്തിപരമായി ചിന്തിച്ചാൽത്തന്നെ, പിതാവായ ദൈവത്തിന്റെ മക്കളെന്ന നിലയിൽ, ആർക്കും മറ്റാരുടെയുംമേൽ അധികാരം ഭരിക്കാനുള്ള അവകാശമില്ല എന്നു കാണാവുന്നതാണ്. അതുപോലെതന്നെ, സൃഷ്ടികളായതിനാൽ ആർക്കും സ്വയം അഹങ്കരിക്കാനോ മറ്റുള്ളവരോട് അസൂയപ്പെടാനോ ക്ഷോഭിക്കുവാനോ വിദ്വേഷം വച്ചുപുലർത്താനോ ഉള്ള അവകാശവുമില്ല. ഇതിൽനിന്നും യജമാനത്വഭാവമോ ഒന്നാമൻ എന്ന ഭാവമോ വച്ചുപുലർത്താൻ ഒരു മനുഷ്യനും അധികാരമില്ല എന്നുവരുന്നു. എന്നാൽ, ആദ്ധ്യാത്മികതയിൽ സ്നേഹത്തിന്റേതായ അധികാരമുണ്ട്. അത് സത്യം പ്രബോധിപ്പിക്കാനും നന്മചെയ്യാനുമുള്ള ധാർമ്മികാധികാരമാണ്. നന്മപ്രവൃത്തികളെല്ലാം ശുശ്രൂഷാപരമായതിനാൽ അധികാരം ശുശ്രൂഷാപരമാണ് എന്നു സിദ്ധിക്കുകയും ചെയ്യുന്നു.

**–എഡിറ്റർ**



# സഭാനിയമങ്ങളും ഇൻഡ്യൻ ഭരണഘടനയും

(ആദ്യഭാഗം)

**ജോയിപോൾ പുതുശ്ശേരി** (JCC മുൻപ്രസിഡന്റ്)

*[‘പൗരസ്ത്യകാനോൻനിയമം, രൂപതാനിയമങ്ങൾ, പള്ളിയോഗനടപടിക്രമങ്ങൾ എന്നിവയും ഇൻഡ്യൻഭരണഘടനയും തമ്മിലുള്ള വൈരുദ്ധ്യങ്ങളും മെത്രാന്മാരും വത്തിക്കാനുമായുള്ള അവിശുദ്ധ കൂട്ടുകെട്ടുകളും ദേശദ്രോഹകുറ്റങ്ങളും’ എന്ന വിഷയത്തിൽ ഫെബ്രു. 8,9 തീയതികളിൽ എറണാകുളത്തു നടത്തിയ ‘നസ്രാണികത്തോലിക്കാഅത്മായഅസംബ്ലി’യിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ ആദ്യഭാഗം-എഡിറ്റർ]*

**ക**സ്തൂരിരംഗൻ കമ്മീഷനെതിരെയുള്ള പ്രക്ഷോഭണം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ താമരശ്ശേരി രൂപതാമെത്രാൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പാർലമെന്റ് അംഗമായ എം.ഐ. ഷാനവാസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പ്രഖ്യാപിച്ചു, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കിയാൽ ഇവിടെ ചോരപ്പുഴ ഒഴുകും, ജാലിയൻവാലാബാഗ് ആവർത്തിക്കും, നക്‌ലിസം കൊടികുത്തിവാഴും എന്നൊക്കെ. ഇടുക്കി മെത്രാൻ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ പ്രഖ്യാപനം പുറകെ വന്നു, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കിയാൽ ഇടുക്കി കാശ്മീരാകുമെന്ന്! ഇത്തരം പരസ്യപ്രസ്താവനകൾ ഞാനാണ് നടത്തിയിരുന്നതെങ്കിൽ ഇപ്പോൾ ഞാൻ വിയ്യൂർ സെൻട്രൽ ജയിലിൽ അഴിയെണ്ണി കഴിയുകയായിരിക്കും. ആറ് മീറ്റർ തുണിയിൽ തീർത്ത ളോഹയുടെ ബലമില്ലായിരുന്നെങ്കിൽ ഒരുപക്ഷേ, ജയിൽ മറ്റൊന്നാകുമായിരുന്നെങ്കിലും ഇവരിരുവരുടെയും അവസ്ഥ എന്റേതിൽനിന്നു വ്യത്യസ്തമാകുമായിരുന്നില്ല.താമരശ്ശേരി ഫോറസ്റ്റ് ഓഫീസിലെ ഫയലുകൾ തീയിടാൻ നേതൃത്വംകൊടുത്ത പള്ളിവികാരി ഫാ.സജി മംഗലത്ത് ചെയ്തത് രാജ്യദ്രോഹക്കുറ്റമായിരുന്നിട്ടും ഇന്നും സ്വതന്ത്രനായി ജയിലിനുപുറത്ത് വിലസിനടക്കുന്നു!

ഇറ്റാലിയൻ നാവികർ യാതൊരു പ്രലോഭനവും കൂടാതെ പാവപ്പെട്ട കത്തോലിക്കരായ രണ്ട് ഇന്ത്യൻ പൗരന്മാരെ വെടിയുതിർത്ത് കശാപ്പ് ചെയ്തപ്പോൾ ഇറ്റലിയിലായിരുന്ന സീറോ-മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി റോമിനോടുള്ള കലവറയില്ലാത്ത തന്റെ കൂറും വിധേയത്വവും വെളിവാക്കാൻ ഇറ്റാലിയൻ നാവികരെ ന്യായീകരിച്ചുകൊണ്ട് രാജ്യദ്രോഹപരമായ പ്രസ്താവന ഇറക്കുകയുണ്ടായി. അന്ന് അതിനെതിരെ അതിശക്തമായ പ്രതിഷേധമുയർത്തിയവരിൽ ഞാനും പെടും. ഒടുവിൽ തന്റെ രാജ്യദ്രോഹപ്രസ്താവന ഇന്ത്യയിൽ വൻവിവാദമായെന്ന് മനസ്സിലായപ്പോൾ ചില മുടന്തൻന്യായങ്ങൾ പറഞ്ഞുകൊണ്ട് കർദ്ദിനാൾ തടിതപ്പി. അപ്പോഴും തനിക്കു തെറ്റുപറ്റിയെന്നു പറഞ്ഞ് നിർവ്യാജമായ ഖേദപ്രകടനം നടത്തിക്കൊണ്ട് അവിവേകപൂർവ്വകമായ തന്റെ പ്രസ്താവന പിൻവലിച്ചില്ലെന്നു മാത്രമല്ല, ജനരോക്ഷം ഭയന്ന് അർദ്ധരാത്രിയിൽ ഒരു കള്ളനെപ്പോലെ നെടുമ്പാശ്ശേരിയിൽ വിമാനമിറങ്ങി തന്റെ അരമനയിലേയ്ക്ക് ഒളിച്ചുപോവുകയും ചെയ്തു.



ഇങ്ങനെ ആറു മീറ്റർ തുണിയിലുള്ള ളോഹ നൽകുന്ന ബലത്തിൽ നമ്മുടെ മെത്രന്മാർ ഇന്ത്യാരാജ്യത്തിനും ഇന്ത്യൻദേശീയതയ്ക്കുമെതിരെ നിലപാട് കൈക്കൊണ്ടിട്ടുള്ള അവസരങ്ങൾ നിരവധിയാണ്. സ്വാതന്ത്ര്യസമരംമുതലേ തുടങ്ങിയതാണ് ഇവരുടെ ദേശവിരുദ്ധനിലപാടുകൾ. സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് ഒട്ടിനിന്നുകൊണ്ട്, ഉയിർത്തെഴുന്നേറ്റ ഇന്ത്യൻ ദേശിയതയുടെ മഹാപ്രതീക

മായ മഹാത്മാഗാന്ധിയെ 'അന്തി ക്രിസ്തു' വെന്ന പരിഹാസ നാമത്തിലാണ് നമ്മുടെ മെത്രാന്മാർ അഭിസംബോധനചെയ്തത്. മഹാത്മാഗാന്ധിയുടെ ആഹ്വാനം ചെവിക്കൊണ്ട് സ്വന്തം ബിസിനസ് സാമ്രാജ്യം ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യപ്രസ്ഥാനത്തിലേയ്ക്ക് എടുത്തുചാടിയ എന്റെ ഒരപ്പൂപ്പനെ 'കാന്തിപ്രാന്തൻ' (ഗാന്ധിഭ്രാന്തൻ) എന്ന് അപഹസിക്കുകയും 'കാന്തിഭാഗം' (ഗാന്ധിയുടെ ഭാഗം) ചേർന്നതിന് പള്ളിയിൽനിന്നു ബഹിഷ്കരിക്കുകയുംചെയ്ത ദേശവിരുദ്ധചരിത്രമുണ്ട്, തൃശ്ശൂരിലെ മെത്രന്മാർക്കും പുരോഹിതർക്കും.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് നികുതിപിരിക്കാനുള്ള അധികാരം കേന്ദ്ര, സംസ്ഥാനസർക്കാരുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുമാണ്. വരുമാനനികുതി അഥവാ ഇൻകംടാക്സ് പിരിക്കാനുള്ള അധികാരം കേന്ദ്രഗവണ്മെന്റിലും, കാർഷിക വരുമാനനികുതി (agricultural income tax) പിരിക്കാനുള്ള അധികാരം സംസ്ഥാനസർക്കാരിലും നിക്ഷിപ്തമാണ്. എന്നാൽ ഈ അധികാരം പൗരസ്ത്യകാനോൻനിയമത്തിന്റെ പിൻബലത്തിൽ നമ്മുടെ മെത്രാമാർ പിടിച്ചെടുത്തിരിക്കുന്നു! പൗരസ്ത്യകാനോൻ നിയമത്തിലെ കാനോന 1012 പറയുന്നത് ഇപ്രകാരം: "In so far as it is necessary for the good of the eparchy, the eparchial bishop has the right, with the consent of the finance council, to impose a tax on juridic persons subject to him; this tax is to be proportionate to the income of each person." അതായത്, ഇന്ത്യൻ പൗരന്മാരായ കത്തോലിക്കരിൽനിന്നും അവരുടെ വരുമാനത്തിനുസരിച്ച് income tax അഥവാ വരുമാനനികുതി ചുമത്താനുള്ള അവകാശം വത്തിക്കാൻ രാഷ്ട്രത്തിന്റെ രാഷ്ട്രത്തലവനായ മാർപ്പാപ്പാ വത്തിക്കാൻ രാഷ്ട്രനിയമമായ കാനോൻനിമയത്തിലൂടെ ഇന്ത്യൻപൗരന്മാരായ മെത്രാന്മാർക്ക് കൽപിച്ചനുവദിച്ചിരിക്കുന്നു എന്നു സാരം. നാളെ ഇന്ത്യയിലെ മുസ്ലീങ്ങൾ അവരുടെ ആത്മീയനേതാവായി കരുതുന്ന സൗദി അറേബ്യയിലെ രാജാവ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ ബലത്തിൽ ഇൻകംടാക്സ് പിരിക്കാൻ തുടങ്ങിയാൽ ഇന്ത്യാഗവണ്മെന്റ് അതനുവദിക്കുമോ? ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഭരണത്തിലിരുന്ന നാളുകളിൽ അവരോട് ഒത്തുനിന്നുകൊണ്ട് പാശ്ചാത്യകാനോൻ നിയമം കത്തോലിക്കരുടെ ഭരണനിയമമായി അവരെക്കൊണ്ട് അംഗീകരിപ്പിച്ചെടുക്കാൻ മെത്രാന്മാർക്കായി. അതിനനുസൃതമായ ചില കോടതിവിധികളും അവർ നേടിയെടുത്തു. ഇന്ത്യാഗവണ്മെന്റിനെ ധിക്കരിച്ചുകൊണ്ട് ഇൻകംടാക്സ് പിരിക്കുന്ന കത്തോലിക്കാമെത്രാന്മാർക്കെതിരെ രാജ്യദ്രോഹക്കുറ്റത്തിന് കേസെടുത്ത് ജയിലിലടയ്ക്കേണ്ടതിനുപകരം, അവരുടെ രാജ്യദ്രോഹപരമായ ഈ നടപടിക്കുനേരെ കണ്ണടയ്ക്കുന്ന ഇന്ത്യയിലെ രാഷ്ട്രീയനേതൃത്വത്തിന്റെ നിലപാട് ലജ്ജാകരമാണ്.

ഇന്ത്യൻഭരണഘടനയുടെ Article 27 മതാവശ്യങ്ങൾക്കായി നിർബന്ധിതപ്പിരിവ് നടത്തുന്നതിനെ കർശനമായി വിലക്കിയിട്ടുള്ളതാണ്. ഈ വകുപ്പ് പറയുന്നതിങ്ങനെ: "No person shall be compelled to pay any taxes, the proceeds of which are specifically appropriated in payment of expenses for the promotion or maintenance of any particular religious denomination." ഈ വകുപ്പ് ഇന്ത്യൻ ഭരണഘടനയിൽ നിലവിലുണ്ടായിട്ടുപോലും പള്ളിയുടെ നികുതിക്കുടിശ്ശികയുടെ പേരിൽ മാമ്മോദീസാ, കുർബ്ബാന, വിവാഹം, ചരമശുശ്രൂഷ എന്നിവ വിലക്കുന്ന പുരോഹിതർ നിയമലംഘനമാണ് നടത്തുന്നതെന്ന യാഥാർത്ഥ്യം വിശ്വാസികൾ തിരിച്ചറിയുന്നില്ല, തിരിച്ചറിഞ്ഞാലും പുരോഹിതർക്കെതിരെ നിയമകോടതികളെ സമീപിക്കാൻ ധൈര്യപ്പെടുന്നില്ല.

ഇന്ത്യയിൽ നിയമകോടതികൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം ഭരണഘടനപ്രകാരം ഇന്ത്യൻ ഭരണകൂടത്തിനാണ്. ഇന്ത്യൻ ഭരണകൂടത്തിന്റെ മൂന്നു വിഭാഗങ്ങളിൽ ഒന്നായ ജുഡീഷ്യറിയാണ് നിയമവ്യവസ്ഥ പ്രാവർത്തികമാക്കുന്നത്. മറ്റാർക്കും കോടതികൾ നടത്താനോ നിയമവ്യവസ്ഥ നടപ്പാക്കാനോ ഉള്ള അധികാരമില്ല. അത്തരത്തിൽ ഇന്ത്യൻ നിയമവ്യവസ്ഥയ്ക്കു പുറത്ത് കോടതികൾ നടത്തുന്നത് രാജ്യദ്രോഹക്കുറ്റമാണ്. എന്നാൽ കത്തോലിക്കാമെത്രാന്മാർ ഇന്ത്യൻ ഭരണവ്യവസ്ഥ തങ്ങൾക്കു ബാധകമല്ലെന്നു പ്രഖ്യാപിക്കുന്ന തരത്തിൽ അരമനകോടതികൾ എന്ന പേരിൽ സമാന്തരകോടതികളും സമാന്തരനിയമവ്യവസ്ഥയും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. തൊടുപുഴ ന്യൂമാൻ കോളേജിൽ പ്രൊഫസറായിരുന്ന പ്രൊഫ. ടി.ജെ. ജോസഫിന്റെ കൈവെട്ടിമാറ്റാൻ വിധിച്ചതും അതിനുള്ള ഉത്തരവ് പോപ്പുലർ ഫ്രണ്ടിനു നൽകിയതും രഹസ്യത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ശരിയത്ത് കോടതിയാണെന്ന് അന്നു കേട്ടിരുന്നു. വടക്കെ ഇന്ത്യയിലെ ഖാപ് കോടതികളും കങ്കാരു കോടതികളും നിയമവിരുദ്ധമാണ്. അത്തരം നിയമവിരുദ്ധകോടതികളിലൂടെ നിയമവ്യവസ്ഥയെ തങ്ങളുടെ കൈപ്പിടിയിലൊതുക്കുന്നത് ഇന്ത്യൻ നിയമവ്യവസ്ഥയെ തകർക്കും. ഇത്തരം നിയമവിരുദ്ധ കോടതികൾക്കെതിരെ ശക്തമായ ജനവികാരം ഇന്ത്യയിലുടനീളം അലയടിക്കുന്നുണ്ട്. ആ കാലഘട്ടത്തിലാണ് ഇന്നും മെത്രാസനഅരമനകളിൽ അരമനക്കോടതികൾ എന്ന പേരിൽ സമാന്തരകോടതികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യൻ കോടതികളിലെന്നപോലെ ഈ അരമനക്കോടതികളിലും സമാന്തരമായ മുദ്രപ്പത്രങ്ങളും അച്ചടിച്ച് വിൽപ്പന നടത്തിവരുന്നുണ്ട്. ഇത്തരം നിയമവിരുദ്ധ അരമനക്കോടതികളിലൂടെയുള്ള പുരോഹിതാധിപത്യത്തിന് മകുടം ചാർത്തുമാറ്, സീറോ-മലബാർ മെത്രൻ സിനഡ് പാസ്സാക്കിയ പ്രവർത്തനച്ചട്ടങ്ങളിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:

# ആദിയിൽ വചനമുണ്ടായിരുന്നു

## സക്കറിയാസ് നെടുങ്കനാൽ



'**ആ**ദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടൊപ്പമായിരുന്നു. സമസ്തവും അവനിലൂടെയുണ്ടായി. അവനിലെ ജീവൻ വെളിച്ചമായിരുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവനിൽ സ്വർഗീയസത്യവും സൗന്ദര്യവും നിറഞ്ഞുനിന്നു' (യോഹന്നാൻ എഴുതിയ സുവിശേഷം, ഒന്നാമദ്ധ്യായം).

യോഹന്നാന്റെ സുവിശേഷത്തിലെ ഈ ആദ്യവാക്യത്തിലെ മർമ്മശബ്ദമാണ് വചനം. ദൈവം, അനന്തത, വെളിച്ചം, ജീവൻ, സൃഷ്ടി, സൗന്ദര്യം എന്നിവയെയെല്ലാം വചനം എന്ന ഒറ്റ വാക്കിലൂടെ സംശ്ലേഷിപ്പിക്കാനുള്ള ഒരു ശ്രമമാണ് യോഹന്നാൻ നടത്തുന്നത്. ഈ ശബ്ദങ്ങൾ തമ്മിലുള്ള വെറും ബന്ധമെന്ന അർത്ഥത്തിലല്ല, മറിച്ച്, അവയിലുൾക്കൊണ്ടിരിക്കുന്ന ഗൂഢാർത്ഥങ്ങളുടെ അതിഗാഢമായ ബന്ധമാണ് സുവിശേഷകൻ ഉദ്ദേശിക്കുന്നത്. ചരിത്രപുരുഷനായ യേശുവിന് ദൈവത്തിനൊപ്പം തന്നെ സ്ഥാനം കല്പിച്ചുനൽകുക എന്ന ഉദ്ദേശ്യം ഗ്രന്ഥകാരൻ മറച്ചുവയ്ക്കുന്നില്ല. അതാകട്ടെ, വിശ്വാസാധിഷ്ഠിതമായ ഒരു തന്ത്രേടമാണ്. അതിൽ യുക്തിക്ക് യാതൊരു സ്ഥാനവുമില്ല. എന്നാൽ, ഈ വാക്യത്തെ യുക്ത്യധിഷ്ഠിതമായ ബൗദ്ധികനിരീക്ഷണത്തിനു വിധേയമാക്കാമോ എന്നൊരു ശ്രമമാണ് ഇവിടെ നടത്തുന്നത്. ആ സംരംഭത്തിൽ, പരമ്പരാഗതമായ നിർവചനങ്ങളിൽ പലതും നാം ഉപേക്ഷിക്കേണ്ടിവരും. ഉദാഹരണത്തിന്, ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്നതിനുപകരം ദൈവംതന്നെ സൃഷ്ടിപരതയാണ്; അതാകട്ടെ, കഴിഞ്ഞുപോയ ഒരു പ്രവൃത്തിയല്ല, മറിച്ച്, അനാദിമുതൽ നിത്യം തുടർന്നുകൊണ്ടിരിക്കുന്ന ഒന്നാണ് എന്നു മനസ്സിലാക്കേണ്ടിവരും. സൃഷ്ടിപരതതന്നെയാണ് ദൈവം എന്നുവരുമ്പോൾ ദൈവത്തെയും സൃഷ്ടിയെയും കാരണവും കാര്യവു

---

"യാതൊരു ക്രിസ്തീയവിശ്വാസിയും ഈ ചട്ടങ്ങളെയോ അതിൽനിന്നുത്ഭവിക്കുന്ന കാര്യങ്ങളെയോ സബന്ധിച്ച്, സഭാധികാരികളെ അവലംബിക്കുകയല്ലതെ, എതിർക്കാനോ നിയമനടപടികൾക്കു മുതിരാനോ പാടുള്ളതല്ല." വിവിധ രൂപതാ നിയമാവലികളിൽ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം യാതൊരത്മായനും സഭാധികാരികൾക്കെതിരെ നിയമകോടതികളെ സമീപിക്കാനോ സഭാധികാരികൾക്കെതിരെ നിയമകോടതിയിൽ സാക്ഷിപറയാനോ അധികാരമില്ലെന്ന് വ്യക്തമായി എഴുതിവച്ചിരിക്കുന്നു! ഇനി അഥവാ പോകുന്നെങ്കിൽത്തന്നെ, അരമനക്കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. അതായത്, സഭാധികാരികൾക്കെതിരെ കോടതിയിൽ പോകണമെങ്കിൽ സഭാധികാരികളുടെതന്നെ അനുമതി ലഭിക്കണം! താക്കോൽ കള്ളന്റെ കൈയിൽത്തന്നെ, എന്നു സാരം. ഒരു പുരോഹിതൻ എന്റെ വീട്ടിൽ കടന്നു കയറി എന്നെ കൈയേറ്റംചെയ്യുകയും എന്റെ ഭാര്യയെ കടന്നുപിടിക്കുകയും ചെയ്താൽ അയാൾക്കെതിരെ കോടതിയിൽ പോകാൻ എനിക്ക് അരമനക്കോടതിയുടെ അനുവാദം വേണം! തൊട്ടടുത്ത രാമൻ നായരുടെ വീട്ടിൽ ഇതേ പുരോഹിതൻ ഇതേ അതിക്രമങ്ങൾ നടത്തിയാൽ അയാൾക്ക് നിയമക്കോടതിയെ സമീപിക്കാൻ സ്വാതന്ത്ര്യമുണ്ട്. ഇത് കത്തോലിക്കരായ ഭാരതപൗരന്മാരുടെ പൗരാവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ്. രൂപതാനിയമാവലിയിലെ ഈ വകുപ്പുപ്രകാരം ദ്രോഹിക്കപ്പെട്ടിട്ടുള്ള അത്മായരുടെ എണ്ണം അനേകമാണ്. അതിനാൽ എന്റെ സുചിന്തിതവും സുദൃഢവുമായ അഭിപ്രായം, മെത്രാന്മാർ ഇപ്രകാരം സമാന്തരകോടതികൾ നടത്തുന്നത് രാജ്യദ്രോഹക്കുറ്റത്തിന്റെ പരിധിയിൽപ്പെടുത്തി ഉടനടി അരമനക്കോടതികളെല്ലാം നിർത്തൽ ചെയ്തുകൊണ്ട് ഭാരതസർക്കാർ ഉത്തരവ് ഇറക്കണമെന്നാണ്. (തുടരും)

ഫോൺ: 9400724430

മായി കണ്ണാനാവാത്ത ഒരവസ്ഥയാണുണ്ടാവുക. അതായത്, ദൈവം ഏതൊക്കെയോ ക്രിയകളുടെ സ്വതന്ത്രനായ കർത്താവു മാത്രമല്ല, ക്രിയാത്മകത തന്നെയാണ് എന്നു മനസ്സിലാക്കാമെങ്കിൽ, എല്ലാം അവനാൽ ഉണ്ടാക്കപ്പെട്ടു എന്നതിലും അഗാധമായി, എല്ലാം അവനെക്കൊണ്ട്, അവനിലൂടെ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന നിതാന്തയദ്ഭുതമാണ് നമ്മെ രോമാഞ്ചം കൊള്ളിക്കുക. അങ്ങനെയെങ്കിൽ, എവിടെയാണ് മനുഷ്യനെന്ന കർത്താവിന്റെ സ്ഥാനം? ഒരെഴുത്തുകാരൻ, ഒരു കവി, ശില്പി, സംഗീതജ്ഞൻ, തൊഴിലാളി, അമ്മ, അച്ഛൻ എന്നിവരെല്ലാം സ്രഷ്ടാക്കളല്ലേ? അഗാധമായ സൃഷ്ടിപരതയിൽ ഇവരിലെ വ്യഷ്ടിതലത്തിലുള്ള കർതൃത്വം പ്രത്യക്ഷപരമായതു മാത്രമായി തരംതാഴും. അവിടെയെല്ലാം യാഥാർത്ഥ ചാലകശക്തി ദൈവംതന്നെയാണ് എന്നംഗീകരിക്കേണ്ടി വരും; അവനിലൂടെയല്ലാതെ ഒന്നും സംഭവിക്കുന്നില്ല!

ഇതു മനസ്സിലാക്കുകയെന്നാൽ, ദൈവം എന്നൊരു ശക്തി പുറത്തെവിടെയോനിന്ന് കാര്യങ്ങൾ ശരിപ്പെടുത്തുകയല്ല, പകരം, ദൈവതം നമ്മുടെ വ്യഷ്ടിഗതമായ അഹത്തെ ആഗിരണം ചെയ്ത് തത്സ്ഥാനത്ത് പ്രവർത്തിക്കുകയാണ് എന്ന് തിരിച്ചറിയേണ്ടിവരും. ഒരു നർത്തകനും ഓടക്കുഴലൂത്തുകാരനും കൃഷിക്കാരനും വാദ്യാരും, നാമോരോരുത്തരും ദൈവികമായ ഉപകരണങ്ങൾ മാത്രമായിത്തീരുന്നു, അല്ലെങ്കിൽ അതിലേയ്ക്ക് ഉയർത്തപ്പെടുന്നു.

ഈ ചിന്താധാര വിശ്വാസജീവിതത്തിലും അന്വർത്ഥമാണ്. ഞാനില്ലാതാവുന്നതിലൂടെ അവൻ വളരുക എന്ന് യേശുവിനെയോർത്തുകൊണ്ട് പൗലോസും ദൈവപിതാവിനെ സ്മരിച്ചുകൊണ്ട് യേശുവും പറഞ്ഞതിന്റെ പൊരുളാണിത്. അതുതന്നെയാണ് ദൈവാവബോധത്തിലെത്തുന്ന ഓരോ വ്യക്തിയും സാർത്ഥകമാക്കുന്നത്. എല്ലാം ദൈവാവേശിതമാണെന്ന തിരിച്ചറിവുണ്ടാകുന്നത് സ്വന്തം പ്രജ്ഞയുടെ അഭാവത്തോടെയാണെന്നത് ഒരു വിരുദ്ധോക്തിയായി തോന്നാം. എന്നാൽ അതാണ് ഒരു ബുദ്ധനിലും ഒരു യേശുവിലും പ്രവർത്തിച്ചത്. ഐശ്വര്യപ്രകാശമായി സ്വയം തിരിച്ചറിയുക എന്ന അനുഭവമാണത്. ആ പ്രകാശത്തിൽ അഹം അപ്രത്യക്ഷമാകുന്നു എന്നതാണ് എല്ലാ യഥാർത്ഥ ദൈവാനുഭവവും സാക്ഷ്യപ്പെടുത്തുന്നത്.

ഉള്ളത് ജീവന്റെ മഹാസമുദ്രം മാത്രമാണ്. അതിലെ തിരകൾ അതിന്റെ ഭാഗമല്ലാതെ മറ്റൊന്നുമല്ല. സമുദ്രവും തിരകളും രണ്ടല്ല, ഒന്നുതന്നെയാണ്. വേറിട്ടൊരസ്തിത്വം അവയ്ക്കില്ല. അങ്ങനെ ജീവൻ മൊത്തത്തിൽ ഒരു ദൈവികനൃത്തമായി ത്തീരുന്നു. പ്രപഞ്ചം പ്രകാശിതമായ ഒരേയൊരൂർജ്ജത്തിന്റെ ജീവസ്പന്ദമായിത്തീരുന്നു. ശിവതാണ്ഡവം എന്നയാശയത്തിന്റെ ഗംഭീരസൗന്ദര്യം ഇതോടുചേർത്തു മനസ്സിലാക്കേണ്ടതാണ്.

ഈ അനുഭവത്തിൽ സ്ഥലകാലവ്യത്യാസങ്ങൾ അപ്രത്യക്ഷമാകും. 'ആദി'യെന്ന വാക്ക് മനുഷ്യഭാഷയുടെ പരിമിതികൊണ്ട് ഉപയോഗിക്കേണ്ടി വരുന്നതാണ്. ആദിയിലെന്നാൽ തുടക്കമില്ലാത്ത നിത്യതയിൽ എന്നല്ലാതെ വേറൊരു പാഠഭേദമില്ല. തുടക്കമില്ലാത്തതിന് ഒടുക്കവുമില്ല എന്ന ന്യായയുക്തിയിൽ, ആദിക്ക് അനന്തതയെന്നയർത്ഥമാണ് കിട്ടുന്നത്. അതായത്, ശാസ്ത്രവീക്ഷണത്തിൽ, എന്നും സ്ഥിരമായി നിലകൊള്ളുന്ന പ്രപഞ്ചോർജ്ജത്തിന്റെ പര്യായമാണ് വചനം. മനുഷ്യനെ സംബന്ധിച്ചിടത്തോളം, തന്നിലെയും പ്രപഞ്ചത്തിലെയും സമഗ്രോർജ്ജത്തിന്റെ പ്രഭവസ്ഥാനമായി ഭാരതത്തിൽ ആരാധ്യമായിരുന്ന 'ഓം'തന്നെയാണ് ഈ വചനം. സ്തൂലത്തെയും സൂക്ഷ്മത്തെയും സ്വരുമിപ്പിക്കാൻ നമുക്കുള്ള ഏറ്റവും നല്ല ഉപകരണമാണത്. ഏതെല്ലാം അർത്ഥസാന്ദ്രതകളാണ് അതിൽ നിക്ഷിപ്തമായിരിക്കുന്നത്! സമയത്തിലൂടെ ഉഴറുന്ന മനുഷ്യന് സമയത്തെ മറികടന്ന് തന്റെയുറവിടത്തിലേയ്ക്ക് എത്തിനോക്കാനുള്ള ത്വരയുടെ പ്രതിഫലനമായും, ദിവ്യത്വവും മനുഷ്യത്വവും തമ്മിൽ ബന്ധിപ്പിക്കാൻ പോരുന്ന ഒരു ചിഹ്നമായും 'ഓം' അല്ലെങ്കിൽ 'വചനം' നിലകൊള്ളുന്നു. നിത്യത ചലിക്കുന്നതാണ് സമയം എന്നു പ്ലേറ്റോ പറഞ്ഞതും, ആദിയിൽ വചനമുണ്ടായിരുന്നു എന്ന് സുവിശേഷകർത്താവ് എഴുതിയതും ഒരേ മനുഷ്യാനുഭവത്തിലേക്കാണു വിരൽചൂണ്ടുന്നത്. നമ്മുടെ ജീവനാഡിയായ ചലനത്തെ അളക്കുന്നത് സമയംകൊണ്ടാണല്ലോ. വചനം എന്ന അകാശയാനത്തിൽ സമയത്തിലൂടെ നിത്യദിവ്യതയിലേക്കു കൂപ്പുകുത്തുകയാണ്, യോഹന്നാൻ.

**യോഹന്നാന്റെ 'വചന'വും 'ഓം'കാരവും**

യോഹന്നാനെയും അദ്ദേഹത്തിന്റെ ആരാധ്യ വിഷയമായ, എന്നുമുണ്ടായിരുന്നതും ഇപ്പോൾ ഉള്ളതും വരാനിരിക്കുന്നതുമായ ദൈവത്തിന്റെ കുഞ്ഞാടിനെയും (വെളിപാട് എന്ന പുസ്തകത്തിന്റെ ഉള്ളടക്കം) മറികടന്ന്, പ്രപഞ്ചം മുഴുവൻ അനന്തമായ ദിവ്യതയിൽ കുളിച്ചുനിൽക്കുന്നതായി വീക്ഷിക്കാനായാൽ, ദൈവാവതാരങ്ങളുടെ ആവശ്യം പാടേ ഇല്ലാതാകുന്നു. കാരണം, പ്രപഞ്ചം മൊത്തത്തിലും അതിലെ ഓരോ തരിയും ദിവ്യമാണ്. സ്രഷ്ടാവും സൃഷ്ടിയും, കാരണവും കാര്യവും എന്നീ ദ്വന്ദ്വചിന്തയുടെ ബലഹീനതയാണ് ദൈവാവതാരങ്ങളെ കാത്തിരിക്കാനും തേടിപ്പോകാനും മനുഷ്യനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നത്. അങ്ങനെയാണ് യേശുവിലും ദൈവത്വം ചാർത്തപ്പെട്ടത്. അതിന്റെ ഫലമായാണ് യേശുവിനെപ്പറ്റി വചനം മാംസമായി നമ്മുടെയിടയിൽ

കെ.സി.ആർ.എം. പ്രതിമാസപരിപാടി

# ഫ്രാൻസീസ് മാർപ്പാപ്പാ വിഭാവനംചെയ്ത രൂപതാതല കുടുംബസർവ്വേയും ഭാരതമെത്രാന്മാരുടെ കുറ്റകരമായ അനാസ്ഥയും

**2014 മാർച്ച് 29 ശനിയാഴ്ച 2 പി.എം. മുതൽ, പാലാ ടോംസ് ചേമ്പർ ഹാളിൽ**

ചർച്ച നയിക്കുന്നത് : **ഡോ. ജെയിംസ് കോട്ടൂർ**

മോഡറേറ്റർ : **ശ്രീ. കെ. ജോർജ്ജ് ജോസഫ്** (ചെയർമാൻ, കെ.സി.ആർ.എം)

ആധുനികകാലത്ത് കുടുംബജീവിതത്തെ അലട്ടുന്ന വിവിധ കാര്യങ്ങളെക്കുറിച്ച് (പുനർവിവാഹം, സലിംഗ-വിവാഹേതര ഒത്തുജീവിതം എന്നിങ്ങനെ നവീന സ്ത്രീ-പുരുഷബന്ധങ്ങൾ, ഇവിടെയൊക്കെ കൂദാശകളുടെയും സഭാകൂട്ടായ്മകളിലെ പങ്കാളിത്തത്തിന്റെയും സ്ഥാനം എന്നതൊക്കെ ഇതിൽപ്പെടുന്നു) വിശ്വാസികളിൽനിന്ന് ആശയങ്ങളും ആശങ്കകളും നിർദ്ദേശങ്ങളും ചോദിച്ചറിയാനും പുതിയൊരു പഠനത്തിനായി റോമിലെത്തിക്കാനും, ആവശ്യമായ മാർഗ്ഗരേഖകൾ സഹിതം, കഴിഞ്ഞ ഒക്ടോബറിൽ ലോകത്തിലെ എല്ലാ മെത്രാന്മാരോടും ഫ്രാൻസീസ് മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നു. അടുത്ത ഒക്ടോബറിൽ നടക്കാനിരിക്കുന്ന ഒരു സുപ്രധാന അസംബ്ലിയിൽ പഠനത്തിനു വിധേയമാക്കാനും, തുടർന്ന് അതിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ സഭാതലത്തിൽ പുതിയ നിലപാടുകൾ പ്രഖ്യാപിക്കാനുമുള്ള അടിസ്ഥാനവിവരങ്ങൾ സഭാത്മകമായി ശേഖരിക്കുകയാണ് ഈ സർവ്വേയുടെ ലക്ഷ്യം. ഇൻഡ്യയൊഴികെയുള്ള മറ്റു രാജ്യങ്ങളിലെ രൂപതകളിൽ, ഈ സർവ്വേയും പഠനവും ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, ഇന്ത്യയിലെ മെത്രാന്മാർ ഇക്കാര്യം മറച്ചുവെച്ചിരിക്കുന്നു. അതിനുള്ള യാതൊരു തയ്യാറെടുപ്പുകളും അവരിതുവരെ നടത്തിയിട്ടുമില്ല.

ഈ സർവ്വേയുടെ ഉള്ളടക്കം, പ്രാധാന്യം, ഇക്കാര്യത്തിൽ ഭാരതമെത്രാന്മാർ സ്വീകരിച്ചിരിക്കുന്ന കുറ്റകരമായ അനാസ്ഥ മുതലായവയാണ്, ഈ പരിപാടിയിൽ ചർച്ചാവിധേയമാക്കുന്നത്.

പരിപാടിയിൽ സജീവസാന്നിദ്ധ്യമാകാൻ ഹാർദ്ദമായി ക്ഷണിക്കുന്നു.

ആദരപൂർവ്വം,

**കെ.കെ. ജോസ് കണ്ടത്തിൽ** (സംസ്ഥാനസെക്രട്ടറി, കെ.സി.ആർഎം.)

വസിച്ചു എന്ന് വേദപുസ്തകത്തിൽ എഴുതപ്പെട്ടത്. മേൽസൂചിപ്പിച്ച അർത്ഥതലങ്ങൾ നന്നായി സ്വാംശീകരിച്ച ഫാ. സെബാസ്റ്റ്യൻ കാപ്പൻ എഴുതി: 'മാംസവത്തായ വചനം എന്നതിനേക്കാൾ വചനമായിത്തീർന്ന മാംസമാണ് യേശു എന്നു മനസ്സിലാക്കുകയാണ് ഉത്തമം.' കാരണം, അതോടേ, ദൈവമനസ്സിൽ നമ്മളോരോരുത്തരും അങ്ങനെയാണെന്ന് കണ്ടെത്തുക അനായാസമായിത്തീരും. താൻതന്നെയാണ് തന്റെ സൂര്യനെന്ന് ഓരോ മനുഷ്യനും തിരിച്ചറിയണമെന്ന് മാർക്സും, ഓരോ മനുഷ്യനും തനിക്കുതന്നെ വെളിച്ചമായിരിക്കണമെന്നു ബുദ്ധനും അനുശാസിക്കുന്നത് പരോക്ഷമായെങ്കിലും ഈ ഉൾക്കാഴ്ചയുടെ സ്ഥിരീകരണമാണ്. നാം കാണുന്ന ഈ സ്ഥൂലപ്രപഞ്ചത്തിനുപിന്നിൽ ഒരു സൂക്ഷ്മപ്രപഞ്ചമുണ്ടെന്നും ഇവ രണ്ടും തമ്മിൽ ചില മാന്ത്രികബന്ധ ങ്ങളുണ്ടെന്നും നമ്മുടെ പൂർവികരും മനസ്സിലാ ക്കിയിരുന്നു. എല്ലാം ഒന്നുതന്നെയെന്നനുശാ സിക്കുന്ന, ഭാരതത്തിനു സ്വന്തമായ, അദ്വൈതവിശ്വാസത്തിന്റെ പ്രതിഫലനങ്ങളാണല്ലോ വേദോപനിഷത്തുകളിൽ കാണുന്നത്. യേശു നളന്ദയിലോ മറ്റേതെങ്കിലും ഭാരതീയ വിദ്യാലയത്തിലോ കുറേക്കാലം തങ്ങിയിരുന്നുവെന്ന് പല സാഹചര്യത്തെളിവുകളുടെയും പിൻബലത്തിൽ വിശ്വസിക്കുന്നവർ വളരെയുണ്ട്. 'നീ തന്നെയാണ് നിന്റെ വെളിച്ചം, അത് നിന്റെയുള്ളിലാണ്' എന്ന് യേശുവും പറഞ്ഞിട്ടുണ്ടല്ലോ.

മാൺഡൂക്യോപനിഷത്തിലെ ആദ്യമന്ത്രം ഇങ്ങനെയാണ്: 'ഒമിത്യേതദക്ഷരമിദം സർവ്വം/ തസ്യോപവ്യാഖ്യാനം/ഭൂതം ഭവത് ഭവിഷ്യദിതി/ സർവമോംകാര ഏവ.' അർത്ഥം ചുരുക്കിയെഴുതാം: 'ഈ കാണുന്നതെല്ലാം ഓംകാരം എന്നുള്ള അക്ഷരമാണ്. ഭൂതത്തിലും വർത്തമാനത്തിലും ഭവിഷ്യത്തിലും എന്തെല്ലാം അടങ്ങുന്നുവോ, അതെല്ലാം ഓംകാരമാകുന്നു.' ഇതിന്റെ ഉള്ളർത്ഥങ്ങളിലേക്കു കടക്കുമ്പോൾ, യോഹന്നാന്റെ സുവിശേഷത്തിലെ ആദ്യവാക്യം ഇതിന്റെതന്നെ മറ്റൊരു വിവർത്തനമല്ലേ എന്ന സംശയം സ്ഥിരീകരിക്കപ്പെടും.

Tel. 9961544169 / 0482227192

# CBCI: Carnival or Come Down?

*[പാലായിൽ നടന്ന അഖിലഭാരത മെത്രാൻസിനഡിനെ വിലയിരുത്തിക്കൊണ്ട്, 'അത്മായശബ്ദം' ബ്ലോഗിൽ ഇതേ ശീർഷകത്തിൽ **ഡോ. ജെയിംസ് കോട്ടൂർ** ഇംഗ്ലീഷിലെഴുതിയ ദീർഘലേഖനത്തിന്റെ രത്നച്ചുരുക്കമാണു താഴെ (ലേഖനം കാണാൻ ഫെബ്രു. 21-ലെ 'അല്മായ ശബ്ദം'ബ്ലോഗ് സന്ദർശിക്കുക). സംഗ്രഹം തയ്യാറാക്കി മലയാളത്തിലാക്കിത്തന്നത് **ശ്രീ. സക്കറിയാസ് നെടുങ്കനാൽ** -എഡിറ്റർ]*



**ഡോ.** ജെയിംസ് കോട്ടൂർ എഴുതിയതിന്റെ സാരമിതാണ്:

പാലായിൽ ഒത്തുകൂടിയ ഒരൊറ്റ മെത്രാനും മിഷനറി എന്ന് സ്വയം വിശേഷിപ്പിക്കാനാവില്ല. കാരണം, സഭ തങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലിപോലും ചെയ്യാതെ ചുമ്മാ ആത്മപ്രശംസയ്ക്കടിപ്പെട്ടു കഴിയുന്നവരാണ്, അവർ.

'പെരുന്നാളിന്റെ കാലം കഴിഞ്ഞു, ഇനി രണഭൂമിയിലിറങ്ങി മുറിവേറ്റവരെ ശുശ്രൂഷിക്കണം' എന്നു പോപ്പ് പറയുമ്പോൾ നമ്മുടെ വീരനേതാക്കൾ പാലായിൽ പിക്നിക് നടത്താനാണ് പത്തിരുപത്തഞ്ചു കോടികൾ ചെലവഴിച്ചത്! ആരുണ്ടു ചോദിക്കാൻ?

കോൺസ്റ്റന്റൈന്റെ മേലങ്കിയുമിട്ടു സ്വർണവടിയും വീശി സങ്കീർത്തിയിൽനിന്ന് പള്ളിമേടയിലേയ്ക്കുമാത്രം നടക്കുന്ന ഇവരുടെ ദുർമ്മേദസ് പാവപ്പെട്ടവരുടെ സഭ ചുമക്കണമോ?

സ്വയം ഒന്നും പുതിയ രീതിയിൽ ചിന്തിക്കാനറിയില്ലാത്ത ഈ വിരുതന്മാർ, മറ്റു മിക്ക രാജ്യങ്ങളിലും ഇതിനകം നടത്തിക്കഴിഞ്ഞ, സഭാജീവിതത്തിലെ പുതിയ വഴിത്തിരിവുകളെപ്പറ്റി ധാർമ്മികനിലപാടുകൾ എടുക്കേണ്ടതിനാവശ്യമായ, പോപ്പ് ആവശ്യപ്പെടുന്ന, സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയോ അതിനുള്ള പ്രാരംഭനടപടികൾ പോലും എടുക്കുകയോ ചെയ്തിട്ടില്ല.

വെറുതേ എല്ലാത്തിനും ആമേൻ പറഞ്ഞു നടക്കുന്ന വിവരദോഷികളെയല്ല തനിക്ക് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള സഭകളിൽ ആവശ്യം എന്ന് പോപ്പ് ആവർത്തിച്ചു ബോധിപ്പിച്ചിട്ടും നമ്മുടെ ഇടയന്മാർ തിന്നു കൂത്താടി, രാഷ്ട്രീയക്കാരെ സന്തോഷിപ്പിച്ചും കെട്ടിപ്പിടിച്ചും പാലാ പ്രദേശങ്ങളിൽക്കൂടെ ഉലാത്തുകയായിരുന്നു. സ്വയം വിളിച്ചുപറയാൻ നാണം തോന്നുന്ന തങ്ങളുടെ വീരകൃത്യങ്ങളെപ്പറ്റി, അൽഫോൻസായുടെ കബറിടത്തിൽ പാവങ്ങൾ നിക്ഷേപിക്കുന്ന നേർച്ചക്കാശ് കട്ടെടുത്ത് 25 കോടികളുടെ മാമാങ്കം നടത്തുക, രാഷ്ട്രീയക്കാരെക്കൊണ്ട് മുഖസ്തുതി പറയിപ്പിച്ച് കേട്ടിരുന്നു ചിളിക്കുക, രോമാഞ്ചമണിയുക, തുടങ്ങിയ നാടകങ്ങൾ ആയിരുന്നു ഇത്തവണത്തെ മെത്രാൻ സിനഡ്.

ഏതോ വലിയ പാലാഴി കടയാനാണെന്നും പറഞ്ഞ് ഒന്നരയാഴ്ച്ച കൊച്ചു പെണ്ണുങ്ങളുടെ ഡാൻസും കൂത്തും കണ്ടിരുന്നിട്ട് മൂപ്പന്മാർ മൂക്കുമുട്ടെ കുടിച്ചു പൂസായി സ്ഥലം വിട്ടു. അതിനായിരുന്നോ ഇവർ പത്രങ്ങളായ പത്രങ്ങളിലും മാദ്ധ്യമങ്ങളിലും അവരുടെ പൊള്ള സിനഡിനെപ്പറ്റി ഇത്രയും കൊട്ടിഘോഷിച്ചത്! വെറും കോലാഹലം! അതുകഴിഞ്ഞ്, 13 ഫെബ്രു. തീയതി വച്ച് ഇംഗ്ലീഷിൽ ഇറക്കിയ റിപ്പോർട്ടിലെ ഹിമാലയൻ നുണകൾ വായിച്ചാൽ കണ്ണു തള്ളിപ്പോകും. ഒരിടത്തും അതിന്റെ മലയാളം ഇതുവരെ കണ്ടിട്ടുമില്ല.

'കുഞ്ഞാടു'കളുടെ കരച്ചിൽ റെക്കോർഡുചെയ്തുവച്ച് കേട്ടോണ്ടിരിക്കാൻ അവർ രൂപതകൾതോറും പാസ്റ്ററൽ കൗൺസിലുകൾകെട്ടിപ്പടുക്കും പോലും...!

ഇങ്ങനെ പോകുന്നു കോട്ടൂർ സാറിന്റെ ഹൃദയം നൊന്തുള്ള പരിദേവനങ്ങൾ. എന്താ ചെയ്ക! വല്ലതും പറഞ്ഞിട്ട് കാര്യമുണ്ടോ? കേൾവിയും കാഴ്ചയുമില്ലാത്ത നമ്മുടെ വൃദ്ധകാർന്നോർമാരെ നന്നാക്കാൻ ദൈവത്തിനുപോലും സാദ്ധ്യമാണെന്നു തോന്നുന്നില്ല. ഒരു മനസ്സാക്ഷിയുമില്ലാതെ ലോകത്തെ കബളിപ്പിക്കുന്ന അമ്പലക്കള്ളന്മാരോ ഇവർ?

■

# ദൈവം കത്തോലിക്കൻതന്നെ, റോമൻ കത്തോലിക്കനല്ല



**റവ.ഡോ.ജയിംസ് ഗുരുദാസ്**

*[കോട്ടയം, അടിച്ചിറയിൽ പ്രവർത്തിക്കുന്ന 'സ്നേഹവാണി മതസൗഹാർദ്ദവേദി' യുടെ മുഖപത്രമായ 'സ്നേഹവാണി' ത്രൈമാസികത്തിന്റെ 56-ാം ലക്കത്തിൽ (2013 ഒക്ടോബർ-ഡിസംബർ) സ്ഥാപനത്തിന്റെ ഡയറക്ടറും ത്രൈമാസികത്തിന്റെ പത്രാധിപരുമായ റവ.ഡോ. ജയിംസ് ഗുരുദാസ് സി.എം.ഐ. എഴുതിയ എഡിറ്റോറിയൽ (മുഖവചനം) പുനഃപ്രസിദ്ധീകരിക്കുന്നു-എഡിറ്റർ]*

**2013**-ൽ ആഗോളമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന ആളാണു ഫ്രാൻസീസ് മാർപ്പാപ്പാ. 'ദ റ്റൈം' എന്ന പ്രസിദ്ധ അമേരിക്കൻ വാരിക അദ്ദേഹത്തെ 'മാൻ ഓഫ് ദ ഇയർ' ആയി തിരഞ്ഞെടുത്തു. 'ലാ റെപ്പുബ്ളിയ്ക്ക' (ദ റിപ്പബ്ളിക്ക്) എന്ന ഇറ്റാലിയൻ ദിനപ്പത്രത്തിന്റെ സ്ഥാപകപത്രാധിപരും നിരീശ്വരവാദവക്താവുമായ സ്കൾഫാനിയുമായി അദ്ദേഹം നടത്തിയ അഭിമുഖത്തിലെ ഒരു പ്രസ്താവനയാണ് കഴിഞ്ഞ വർഷം ക്രൈസ്തവർക്കിടയിൽ ഏറ്റവും കൂടുതൽ ചർച്ചാവിഷയമായത്: **"ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, കത്തോലിക്കാ ദൈവത്തിലല്ല. അങ്ങനെയൊരു കത്തോലിക്കാദൈവമില്ല".**

സങ്കുചിതത്വത്തിന്റെ മൂർത്തഭാവമായ റോമൻ കത്തോലിക്കാസഭയെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. യേശു പ്രസംഗിച്ച യഥാർത്ഥ കത്തോലിക്കാദൈവത്തെ ക്രൈസ്തവർ അകത്തോലിക്കനാക്കിയതിന്റെ ചരിത്രം അദ്ദേഹത്തിനു നന്നായിട്ടറിയാം.

എ.ഡി. 256-ൽ ആഫ്രിക്കയിലെ കാർത്തേജിൽ സിപ്രിയാൻ മെത്രാന്റെ നേതൃത്വത്തിൽ 87 മെത്രാന്മാർ നടത്തിയ കൗൺസിൽ ഒരു മൂഢപ്രസ്താവന നടത്തി: *"സഭയ്ക്കു പുറമെയുള്ളവരിൽ വിശ്വാസമോ, പ്രതീക്ഷയോ രക്ഷയോ ഇല്ല."*

മറ്റൊരു മൂഢപ്രസ്താവന നടത്തി, സിപ്രിയാൻ: *"സഭ മാതാവല്ലാത്തവർക്ക് ദൈവം പിതാവല്ല"*

13-ാം നൂറ്റാണ്ടിൽ സിപ്രിയാനെ കവച്ചുവെയ്ക്കുന്ന ഒരു പ്രസ്താവന ബൊനിഫാസിയുസ് എട്ടാം മാർപ്പാപ്പാ നടത്തി: *"റോമാ മാർപ്പാപ്പായ്ക്കു കീഴ്വഴങ്ങാത്തവർക്കു രക്ഷയില്ല."*

കത്തോലിക്കാസഭയിൽപ്പെടാത്തവർ നിത്യനരകത്തിൽ പോകുമെന്ന ആകുലതാഗ്നി ഹൃദയത്തിൽ കത്തിയിരുന്നതുകൊണ്ടാണല്ലോ ഫ്രാൻസീസ് സേവ്യറെപ്പോലെയുള്ള മിഷനറിസായിപ്പന്മാർ ആത്മാക്കളെ രക്ഷിക്കാൻവേണ്ടി ലോകത്തിൽ മുഴുവനും നെട്ടോട്ടമോടിയിരുന്നത്.

ഈ പശ്ചാത്തലത്തിൽ ഫ്രാൻസീസ് മാർപ്പാപ്പാ നടത്തിയ പ്രസ്താവന ഒരണുബോംബു തന്നെയാണ്. സർവ്വമനുഷ്യരുടെയും പിതാവും മാതാവുമായ ദൈവം ക്രൈസ്തവമൂഢത്വമെന്ന മഹാമല തകർക്കാൻ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്ത ബോംബ്!

സുവിശേഷങ്ങൾ യുക്തിബോധത്തോടെ പഠിക്കുന്നവർക്കറിയാം യേശു പ്രസംഗിച്ച ദൈവം അസൽ കത്തോലിക്കനായിരുന്നുവെന്ന്.

'കത്തോലോസ്' എന്ന ഗ്രീക്കുപദത്തിന്റെ മലയാള വിവർത്തനമാണല്ലോ 'കത്തോലിക്കാ' അഥവാ കാതോലികം. കാത്തോലോസ് എന്ന പദത്തിന്റെ അർത്ഥം സാർവ്വത്രികം, സാർവ്വജനീനം, അതിരില്ലാത്തത്, പരിമിതിയില്ലാത്തത്, സമഗ്രമായത്, സർവ്വത്തെയും ഉൾക്കൊള്ളുന്നത് എന്നൊക്കെയാണ്. കാതോലികത്വമായിരുന്നു യേശു പ്രസംഗിച്ച ദൈവത്തിന്റെ മുഖമുദ്ര. അവിടുന്നു പറയുന്നു, **"മിത്രങ്ങളെ സ്നേഹിക്കുക, ശത്രുക്കളെ വെറുക്കുക' എന്ന ചൊല്ല് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയപിതാവിന്റെ മക്കളായിത്തീരും. എന്തെന്നാൽ അവിടുന്നു ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും ധാർമ്മികരുടെയും അധാർമ്മികരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സ്വർഗ്ഗീയപിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ"** (മത്താ. 5:43-48).

അതിരുകളില്ലാത്ത സ്നേഹമാണ് ദൈവത്തിന്റെ സ്വഭാവമെന്ന് ഇതിൽക്കൂടുതൽ വ്യക്തമായ ഭാഷയിൽ അവതരിപ്പിക്കാൻ ആർക്കു സാധിക്കും? അതിരില്ലായ്മതന്നെയാണ് കാതോലികത്വം.

മനുഷ്യരായ മനുഷ്യരെല്ലാം



മനുഷ്യവർഗ്ഗമാകുന്ന കുടുംബത്തിലെ അംഗങ്ങളാണെന്ന സത്യം പഠിപ്പിക്കാൻവേണ്ടിയാണ് അവിടുന്നു ദൈവത്തെ ആബ്ബാ, പിതാവേ എന്നുവിളിച്ചത്. യേശുവിന്റെ കാലത്തെ യഹൂദവീക്ഷണത്തിൽ ഭക്തർക്കും പണ്ഡിതർക്കുംമാത്രമേ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടാൻ അർഹതയുണ്ടായിരുന്നുള്ളൂ. ഭക്തർ എന്നു പറഞ്ഞാൽ, യഹൂദമതത്തിന്റെ 613 നിയമങ്ങളും മറ്റനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും അക്ഷരശഃ കൃത്യമായി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവർ. പണ്ഡിതരെന്നു പറഞ്ഞാൽ യഹൂദമതഗ്രന്ഥത്തിൽ, പ്രത്യേകിച്ചു തോറയിൽ പ്രാവീണ്യമുള്ളവർ.

ഈ മാനദണ്ഡം കൊണ്ടളക്കുമ്പോൾ യേശുവിന്റെ കാലത്തെ തൊണ്ണൂറുശതമാനം യഹൂദരും ദൈവമക്കളെന്നു വിളിക്കപ്പെടാൻ യോഗ്യതയില്ലാത്തവരായിരുന്നു. ബി.സി. 63-ൽ പൊംപേയുടെ നേതൃത്വത്തിൽ റോമാക്കാർ പലസ്തീൻ കീഴടക്കിയതുമുതൽ യഹൂദർ വരുമാനത്തിന്റെ നാല്പതു ശതമാനം റോമായ്ക്കു കപ്പം കൊടുക്കേണ്ടിയിരുന്നു. പത്തുശതമാനം ജറുസലേം ദേവാലയത്തിനു നികുതിയായും നല്കേണ്ടിയിരുന്നു. തന്മൂലം, തൊണ്ണൂറുശതമാനം യഹൂദരും ദരിദ്രരും നിരക്ഷരരുമായിരുന്നു. ശേഷിച്ച പത്തു ശതമാനം പേർ ഇവരെ 'അംഹാ ആറേസ്' മണ്ണിന്റെ മനുഷ്യർ= 'മലമൂഢന്മാർ' എന്നാണ് വിളിച്ചിരുന്നത്.

അതുപോലെതന്നെ, ഈ തൊണ്ണൂറു ശതമാനം മനുഷ്യരും മറ്റുള്ളവരുടെ ദൃഷ്ടിയിൽ നികൃഷ്ടരും നിന്ദനാർഹരുമായിരുന്നു. കാരണം, യഹൂദർക്കു നിഷിദ്ധമായ പന്നിമാംസം കഴിച്ചിരുന്നവരും യഹൂദരല്ലാത്തവരുമായി - അതായത് വിജാതീയരുമായി സംസർഗ്ഗം പുലർത്തിയിരുന്നവരും ആയിരുന്നു, ഇവർ. ഇവരിൽ ആത്മാഭിമാനം ജനിപ്പിക്കാൻ വേണ്ടിയാണ് യേശു ഇവരെ 'ദൈവമക്കൾ എന്നു വിളിച്ചത്. യഹൂദർ ജാതി ദുഷിച്ചവരായി കരുതിയിരുന്ന ശമറായർ, അധാർമ്മികർ എന്നു കരുതിയിരുന്ന ചുങ്കക്കാരും വേശ്യകളും, വിജാതീയർ എന്നു വിളിച്ചിരുന്ന റോമാക്കാർ, ഗ്രീക്കുകാർ മുതലായ അയഹൂദരും യേശുവിനു ദൈവമക്കളായിരുന്നു.

ഈ ദൈവം യഥാർത്ഥത്തിൽ 'കത്തോലിക്കൻ' തന്നെയാണ് - അതായത് സാർവ്വത്രികൻ, സാർവ്വജനീനൻ, സർവ്വരേയും ഉൾക്കൊള്ളുന്നവൻ. സർവ്വമനുഷ്യരുടെയും പിതാവാകയാൽ അക്ഷരാർത്ഥത്തിൽ കത്തോലിക്കനായ ദൈവത്തെ റോമൻ കത്തോലിക്കാസഭ തല്ലിപ്പുറത്താക്കി. ഈ ദൈവത്തെ തിരികെ കൊണ്ടുവരികയാണ് ഫ്രാൻസീസ് പാപ്പായുടെ ജീവിതലക്ഷ്യം.

ഹൈന്ദവർ, മുസ്ലീമുകൾ, ബൗദ്ധർ മുതലായ സർവ്വവിശ്വാസികളും, അല്പബുദ്ധികളായ മനുഷ്യർ അവിശ്വാസികളായി കണക്കാക്കുന്ന നിരീശ്വരരുൾപ്പെടെ സർവ്വമനുഷ്യരും, ഏകപിതാവും ഏകമാതാവുമായ ദൈവത്തിന്റെ മക്കളാണെന്നു സർവ്വക്രൈസ്തവരും വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ഈ നവയുഗത്തിന്റെ ശില്പിയാണ് ഫ്രാൻസീസ് മാർപ്പാപ്പാ.

അദ്ദേഹത്തിന്റെ ദൈവം യഥാർത്ഥത്തിൽ കത്തോലിക്കനാണ്. പക്ഷേ റോമൻ കത്തോലിക്കനോ, സിറിയൻ കത്തോലിക്കനോ, ഇന്ത്യൻ കത്തോലിക്കനോ അതുപോലെയുള്ള 'കൊച്ചു'കത്തോലിക്കനോ അല്ല.

ഫോൺ: 0481-2791881

# കൊളോൺ കർദ്ദിനാൾ മൈസ്നർ രാജിവെച്ചു



**കൊ**ളോൺ: കൊളോൺ അതിരൂപതയുടെ കർദ്ദിനാൾ ജോവാഹിം മൈസ്നർ രാജിവെച്ചു. മുസ്ളീം ജനതയെക്കുറിച്ചു പ്രസംഗിച്ചതിന്റെ പേരിൽ കർദ്ദിനാൾ ഇസ്ളാം മതത്തെയും മുസ്ളീങ്ങളെയും മുറിവേൽപ്പിച്ചുവെന്ന ആരോപണം നിലനിൽക്കെയാണ് കർദ്ദിനാളിന്റെ രാജി. പ്രസംഗത്തിന്റെപേരിൽ ജർമനിയിൽ വിവാദം തുടങ്ങിയിട്ട് നാലാഴ്ചയോളമായി.

ഫെബ്രുവരി 28-ന് കർദ്ദിനാൾ പദവിയിൽനിന്നും വിരമിക്കുമെന്നു നേരത്തെ പ്രഖ്യാപിച്ചിരുന്ന കർദ്ദിനാൾ മൈസ്നർ ഏതു കാര്യത്തെക്കുറിച്ചും തുറന്നടിക്കുന്ന സ്വഭാവക്കാരനായിരുന്നു. കർദ്ദിനാളിന്റെ രാജി വത്തിക്കാനിൽ ഫ്രാൻസിസ് മാർപ്പാപ്പാ സ്വീകരിച്ചു. പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിൽ താൻ ഇടപെടില്ലെന്നും അദ്ദേഹം അറിയിച്ചു.

(കടപ്പാട്: 2014 മാർച്ച് 1 -ലെ മംഗളം ഓൺലൈൻ പത്രം)

*- കൊളോൺ കർദ്ദിനാൾ മൈസ്നർ രാജിവെച്ചത് അത്ര വലിയ കാര്യമായതുകൊണ്ടല്ല ഈ വാർത്ത ഇവിടെ പകർത്തുന്നത്. അരനൂറ്റാണ്ടോളം സഭയെ സേവിച്ചയാൾ തനിക്കു പ്രായമായെന്നും അരുതാത്ത ചിലയഭിപ്രായങ്ങൾ തന്റെ വായിൽനിന്നുവീഴുന്നെന്നും മനസ്സിലാക്കിക്കൊണ്ട് സ്വയം സ്ഥാനമൊഴിഞ്ഞു എന്നതാണ് ഈ വാർത്തയെ പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നത്. നമ്മുടെ ചില 'ശ്രേഷ്ഠ'ന്മാർക്കും ഈ പക്വത ഉണ്ടായെങ്കിൽ എന്നാഗ്രഹിച്ചുപോകുന്നു. കാര്യശേഷിയില്ലാത്ത ആലഞ്ചേരിയും, ഭക്തികാപട്യങ്ങളിലെ പിന്നാമ്പുറ വസ്തുതകൾ തെളിവുസഹിതം ചൂണ്ടിക്കാണിച്ച സനൽ ഇടമറുകിനെ ഇപ്പോഴും പീഡിപ്പിക്കുന്ന മുംബൈ കർദിനാളും, തലോർ ഇടവക പ്രശ്നത്തിൽ തനിക്കു സംഭവിച്ച തെറ്റ് അംഗീകരിക്കാതെ, സത്യം എഴുതുകയും പറയുകയും ചെയ്യുന്നവരുടെമേൽ അധികാരത്തിന്റെ വാളോങ്ങിനിൽക്കുന്ന മാർ ആൻഡ്രൂസ് താഴത്തും, മോണിക്കാ തോമസിന്റെ തട്ടിയെടുത്ത ഭൂമി തിരിച്ചുകൊടുക്കില്ലെന്നു ശപഥംചെയ്തിരിക്കുന്ന മാർ അറയ്ക്കലുമൊക്കെ പണ്ടേ രാജിവച്ച് വീട്ടിലിരിക്കേണ്ടവരാണ്. പക്ഷേ, അതു സ്വയം തിരിച്ചറിയണമെങ്കിൽ അവർക്കു സംസ്കാരവും സത്യസന്ധതയും എളിമയും വേണം.* ■

---



# വിവാഹിതൻ പാപ്പായുടെ അനുമതിയോടെ പുരോഹിതനായി!

**അ**മേരിക്കയിലെ മാറോനൈറ്റ് കത്തോലിക്കാ സഭയിലെ വിവാഹിതനും സഭാര്യനുമായ വിസാം അക്കീക്കിയെന്ന ഡീക്കനെ വൈദികനാകാൻ ഫ്രാൻസീസ് പാപ്പാ അനുവദിച്ചിരിക്കുന്നു. ഫെബ്രുവരി 27-നായിരുന്നു തിരുപ്പട്ട ശുശ്രൂഷ.

പ്രധാനപ്പെട്ട പൗരസ്ത്യസഭകളിൽ ഒന്നാണ് മാറോനൈറ്റ് സഭ. വിവാഹിതർക്കു പൗരോഹിത്യ പട്ടം കൊടുക്കുന്നത് പൗരസ്ത്യസഭകളുടെ പാരമ്പര്യത്തിൽപ്പെടുന്നതാണ്. കത്തോലിക്കാ സഭയുമായി ബന്ധത്തിലായ പല പൗരസ്ത്യസഭകളും ആ പാരമ്പര്യം തുടരേണ്ടെന്നു സ്വയം തീരുമാനിക്കുകയായിരുന്നു.

മാറോനൈറ്റ് സഭ അമേരിക്കയ്ക്കു പുറത്ത് വിവാഹിതർക്ക് പൗരോഹിത്യപട്ടം കൊടുക്കാറുണ്ട്. എന്നാൽ, 1920-മുതൽ അമേരിക്കയിലെ മാറോനൈറ്റ് കത്തോലിക്കാസഭ ഇതു വിലക്കിയിരിക്കുകയായിരുന്നു. അതിനൊരു അപവാദമാണ് വിസാമിന്റെ പട്ടം. (കടപ്പാട്: Church News)



വിസാം അക്കീക്കി ഭാര്യയോടൊപ്പം

# 'രാജകൊട്ടാരത്തിന്റേതായ ശീലങ്ങളെ നമുക്ക് ഉപേക്ഷിക്കാം' – ഫ്രാൻസീസ് മാർപ്പാപ്പാ



'ഒരു കർദ്ദിനാൾ കാലെടുത്തു വയ്ക്കുന്നത് റോമിലെ സഭയിലേക്കാണ്; അല്ലാതെ റോമാ ചക്രവർത്തിയുടെ കൊട്ടാരത്തിലേക്കല്ല,' ഫ്രാൻസീസ് പാപ്പാ കർദിനാളന്മാരുമൊത്തുള്ള കുർബാനയിൽ പറഞ്ഞു.

'അതിനാൽ രാജകൊട്ടാരത്തിന്റേതായ ശീലങ്ങളെ നമുക്ക് ഉപേക്ഷിക്കാം. അവയെ ഉപേക്ഷിക്കാൻ മറ്റുള്ളവരെ നമുക്കു സഹായിക്കാം. പരദൂഷണവും നിഗൂഢസംഘങ്ങളും സ്വജനപക്ഷപാതവും രാജകൊട്ടാരത്തിന്റെ രീതികളാണ്. അവയൊക്കെ നാം കൈവെടിയണം,' പാപ്പാ പറഞ്ഞു.

'ശത്രുക്കളെ നമുക്ക് സ്നേഹിക്കാം; ദൂഷണം പറയുന്നവരെ നമുക്ക് അനുഗ്രഹിക്കാം. എതിരാളികളെ സ്നേഹത്തോടെ നമുക്ക് അഭിവാദ്യം ചെയ്യാം,' കർദിനാൾ സംഘത്തോടായി പാപ്പാ പറഞ്ഞു.

'അധികാരപ്രമത്തത കാണിക്കുക നമ്മുടെ ലക്ഷ്യമല്ല; അസഹിഷ്ണുതയെ ശാന്തതകൊണ്ടു നാം നേരിടണം. നമ്മൾ അനുഭവിച്ച അപമാനങ്ങളെ നാം മറക്കണം.'

ഓരോന്നിനും കല്പിക്കേണ്ട പ്രാധാന്യക്രമത്തെയും പാപ്പാ പരാമർശിച്ചു.

'എന്റെ സഹോദരന്മാരായ കർദിനാളന്മാരേ, ഈശോ വന്നത് നമ്മളെ ഉപചാരശീലങ്ങൾ പഠിപ്പിക്കാനല്ല; തീൻമേശയിലെ മുറകൾ അഭ്യസിപ്പിക്കാനുമല്ല. അതിനായിരുന്നെങ്കിൽ അവിടുന്ന് മനുഷ്യാവതാരമെടുത്ത് കുരിശിൽ മരിക്കേണ്ടിയിരുന്നില്ല,' പാപ്പാ പറഞ്ഞു നിർത്തി. (അവലംബം: www. marpapa.com) ■



# പുരോഹിതവർഗ്ഗം ചൂഷകവർഗ്ഗം

**എ.കെ.എ. റഹിമാൻ**

*[ലേഖകൻ 'ദേശീയോദ്ഗ്രഥനം' മാസികയുടെ ചീഫ് എഡിറ്ററാണ്-എഡിറ്റർ]*

തൃശൂർ പബ്ലിക് ലൈബ്രറിയിൽവച്ചാണ് 'സത്യജ്വാല' കണ്ടത്. അതിൽ പൗരോഹിത്യത്തെ പരാമർശിച്ചിരുന്നത് വളരെ ആകർഷിച്ചു. അതു സംബന്ധിച്ചുള്ള എന്റെ വീക്ഷണം എഴുതുകയാണ്:

ഏതു മതത്തിലും പുരോഹിതൻ അധികപ്പറ്റാണ്, അനാവശ്യഘടകമാണ്. മറ്റേതു തൊഴിലും അനുവദനീയമാണ്. പുരോഹിതത്തൊഴിൽ തൊഴിലേയല്ല. അതിനു ദൈവാനുമതിയും നിർദ്ദേശവുമില്ല. പുരോഹിതവിഭാഗത്തിനെതിരെ യേശുക്രിസ്തു വാക്കുകൾകൊണ്ട് ചാട്ടവാറുകൾ വീശുകയും, അവരെ അണലിസർപ്പങ്ങളെന്നും വെള്ളയടിച്ച കുഴിമാടങ്ങളെന്നുമൊക്കെ വിളിക്കുകയും ചെയ്തതിൽനിന്നുതന്നെ അത് എത്രയോ സത്യമാണ് എന്നു കാണാം. ഒരു കവിളത്തടിയേറ്റാൽ മറ്റേ കവിൾത്തടവുംകൂടി കാണിച്ചുകൊടുക്കാൻ സന്നദ്ധനായ ക്ഷമാശീലനും ശാന്തശീലനുമായ യേശുക്രിസ്തുവെന്ന ഈസാനബി (മുസ്ലീങ്ങൾക്ക്)യാണ് പുരോഹിതന്മാരെ അങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നത്. മുഹമ്മദ് നബിയും ഖുർ ആനും പുരോഹിതരെ ഒഴിവാക്കിയിട്ടുണ്ട്, നികൃഷ്ടജീവികളെന്നു പറഞ്ഞിട്ടുണ്ട്. കാരണം, അനുവദനീയമല്ലാത്ത ജോലിയാണവർ നിർവ്വഹിക്കുന്നത്. വിശ്വാസിസമൂഹത്തെ ചൂഷണംചെയ്തും അവിഹിതമായി അവരുടെ മുതൽ ഭക്ഷിച്ചും ദൈവത്തിന്റെ മാർഗ്ഗത്തിൽനിന്നു വ്യതിചലിപ്പിക്കുന്ന പ്രവൃത്തിയാണവർ നിർവ്വഹിച്ചുപോരുന്നത്. എന്നാൽ ക്രിസ്ത്യാനികൾ ഭൂരിപക്ഷവും മുസ്ലീങ്ങളും പുരോഹിതവർഗ്ഗത്തെ പൂവിട്ടുപൂജിക്കുന്നു. ഇതിനു കാരണം, ദൈവശാസ്ത്രത്തെക്കുറിച്ചുള്ള അവരുടെ അജ്ഞതയും, പുരോഹിതരെക്കുറിച്ചുള്ള ഭയവും ഭീതിയുമാണ്. ■

# ശ്രീ. പുലിക്കുന്നേലും ചർച്ചാക്ടും

## സെബാസ്റ്റ്യൻ കൊഴുവനാൽ

**ശ്രീ** ജോസഫ് പുലിക്കുന്നേലിന് പ്രായം 82 കഴിഞ്ഞു. താൻ ഉൾപ്പെടുന്ന കത്തോലിക്കാസഭയെ നവീകരിക്കുന്നതിനും പുരോഗതിയിലേക്കു നയിക്കുന്നതിനും ശ്രീ പുലിക്കുന്നേൽ വഹിച്ച പങ്ക് അടുത്ത തലമുറയും സ്മരിക്കാതിരിക്കില്ല. കേരളകത്തോലിക്കാസഭ എന്നു പറയുമ്പോൾത്തന്നെ, കർദിനാളന്മാർക്കും മെത്രാന്മാർക്കുമൊപ്പം പണ്ഡിതരുടെയും വിമർശകരുടെയും വിശ്വാസികളുടെയും നാവിൽവരുന്ന പേരാണ് ശ്രീ. ജോസഫ് പുലിക്കുന്നേലിന്റേത്. അത്രമേൽ ആദരവോടും അതിലേറെ അഭിമാനത്തോടുംകൂടിയാണ് ശ്രീ. ജോസഫ് പുലിക്കുന്നേലിനെ പുരോഹിതരും കന്യാസ്ത്രീകളുമടക്കം കേരളത്തിലെ ക്രൈസ്തവവിശ്വാസികളും പൊതുജനവും കാണുന്നത്. മെത്രാന്മാരുടെ ദൈവശാസ്ത്രപരവും സാമൂഹികവും സഭാപരവുമായ പ്രഖ്യാപനങ്ങളോടുള്ള ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ അഭിപ്രായങ്ങൾ കേരളസമൂഹം ഇന്നും കാതോർക്കുന്നുണ്ട്. അദ്ദേഹം തന്റെ 'ഓശാന' മാസികയിലൂടെ കത്തോലിക്കാവിശ്വാസികളെ സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കുകയായിരുന്നു, ഇക്കാലമത്രയും. ആ തൂലിക നിശ്ചലമാകുന്നത് സങ്കല്പിക്കാനാകുന്നില്ല. പ്രായാധിക്യത്തിന്റെ പ്രയാസങ്ങൾക്കിടയിലും, തന്റെ സ്വപ്നമായ ചർച്ച് ആക്ട് സർക്കാരിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് ശ്രീ. പുലിക്കുന്നേൽ ഇന്ന്.

കത്തോലിക്കാ സഭയുടെ നവീകരണത്തിനും പുരോഗതിക്കുംവേണ്ടി അധികാരപൗരോഹിത്യത്തിനെതിരെ നിരവധി സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും നിയമയുദ്ധങ്ങൾക്കും നേതൃത്വം കൊടുത്ത ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെമാത്രം മനസ്സിൽ രൂപപ്പെട്ട ഒരാശയമായിരുന്നു, പള്ളികളുടെ ഭൗതിക സ്വത്ത് കൈകാര്യം ചെയ്യാൻ ഒരു നിയമം വേണം എന്നത്. കണക്കില്ലാതെ പള്ളികളിൽ കുന്നുകൂടുന്ന പണവും ഭൗതികസ്വത്തുമാണ് പുരോഹിതരെ യേശുവിരുദ്ധനിലപാടുകൾക്ക് പ്രേരിപ്പിക്കുന്നതെന്ന തിരിച്ചറിവാണ് ഇങ്ങനെ ഒരു ചിന്തയിലേക്ക് അദ്ദേഹത്തെ നയിച്ചത്.

ഒരു വ്യക്തിയുടെ ചിന്തയിൽ, അയാളുടെ മനസ്സിൽ രൂപപ്പെടുന്ന ഒരാശയം അയാളുടേതുമാത്രമാണ്. ആ ആശയത്തോട് ആഭിമുഖ്യം ആർക്കും ഉണ്ടാകാം. ആകർഷണംകൊണ്ടോ അടുപ്പംകൊണ്ടോ സാഹചര്യങ്ങൾകൊണ്ടോ പലരും ആ ആശയത്തിന്റെ പ്രചാരകരായെന്നുവരാം. ആശയത്തിന്റെ ഉപജ്ഞാതാവിന് അതു വലിയ അംഗീകാരവും ആശ്വാസവുമാണ്. എന്നാൽ, കാലം എത്ര കഴിഞ്ഞാലും ആശയപ്രചാരകൻ അതിന്റെ ഉപജ്ഞാതാവാകുന്നില്ല. അധികാരവും പണവുംകൊണ്ട് പലതും നേടാം. എന്നാൽ ആശയങ്ങളും ആദർശങ്ങളും വില കൊടുത്തു വാങ്ങാവുന്നതല്ല.

അക്രൈസ്തവികതയിൽ നിപതിച്ച് മൂല്യച്യുതിയിൽ മുക്കറ്റം മുങ്ങിനില്ക്കുന്ന കേരളകത്തോലിക്കാസഭയെ യേശുക്രിസ്തുവിന്റെ അപ്പസ്തോലിക പാരമ്പര്യമുള്ള സഭയാക്കി മാറ്റുക എന്ന ഭാരിച്ച ഉത്തരവാദിത്വം നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഭാരതമെത്രാൻസംഘത്തിന്റെ പാലാ സിനഡുകൊണ്ടോ 'അഗാപ്പേ'വിരുന്നുകൊണ്ടോ സഭയിൽ കാതലായ മാറ്റം ഉണ്ടാകും എന്നൊന്നും ആരും കരുതേണ്ടതില്ല. ഫ്രാൻസീസ് മാർപ്പാപ്പായുടെ സഭാനവീകരണപ്രബോധനങ്ങൾ പാലാസിനഡിലെ പ്രഖ്യാപനങ്ങളിലൊന്നും പ്രതിഫലിച്ചു കാണുന്നില്ല.

വിശപ്പിന്റെയും രോഗത്തിന്റെയും നിലവിളി ഉയർത്തുന്ന പാവപ്പെട്ട വിശ്വാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന, നീതിനിഷേധിക്കപ്പെട്ടവർക്ക് അവകാശങ്ങൾ പുനഃസ്ഥാപിച്ചു നൽകാൻ പരിശ്രമിക്കുന്ന, കരുത്തുറ്റ സഭാനേതൃത്വമാണു ജനങ്ങൾ ആഗ്രഹിക്കുന്നത്. വിശ്വാസികളെ ചൂഷണംചെയ്ത് സമ്പത്ത് സ്വരൂപിച്ച് അധികാരികളായി വാഴുന്ന പുരോഹിതർക്ക്, 'വിശ്വാസികളാണ് തിരുസഭ' എന്നും, മാർപ്പാപ്പാമുതൽ പുരോഹിതൻവരെ ജനങ്ങളെ സേവിക്കേണ്ട സേവകരാണെന്നും, ശുശ്രൂഷാപൗരോഹിത്യത്തിനാണ് തങ്ങളെ വിളിച്ചിട്ടുള്ളതെന്നും കത്തോലിക്കാ സഭാ നേതൃത്വത്തിനു തിരിച്ചറിയാൻ കഴിയാത്തിടത്തോളം കാലം യേശുവിന്റെ സഭയ്ക്കുവേണ്ടിയുള്ള സമരം ശക്തമാക്കേണ്ടതുണ്ട്.

പുലിഗർജനം നേർത്തു നേർത്ത് നിശ്ചലമാകുമ്പോൾ നിരവധി പുലികൾ ഗർജിക്കുമെന്ന് കരുതാം. ഫ്രാൻസീസ് മാർപ്പാപ്പായ്ക്കു പിന്നിൽ അണിനിരക്കാം. പ്രകാശം പീഠത്തിനു മുകളിലുണ്ട്.

ഫോൺ: 9745422408

*–ഏതൊരാശയവും സമൂഹത്തിലവതരിക്കപ്പെട്ടു കഴിഞ്ഞാൽ, അതുപിന്നെ സമൂഹത്തിന്റെ പൊതുസ്വത്തായി മാറുന്നു. യേശുവിന്റെയും ബുദ്ധന്റെയും*

# ഫ്രാൻസീസ് മാർപ്പാപ്പയുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ 'ചർച്ച് ആക്ട്' നടപ്പിലാക്കുക

**ഇന്ദുലേഖാ ജോസഫ്**



*['മലയാളം', 'കലാകൗമുദി', 'ദേശാഭിമാനി' എന്നീ വാരികകളിൽ ഇന്ദുലേഖാ ജോസഫ് നൽകിയ പരസ്യം -എഡിറ്റർ]*



വത്തിക്കാനിൽ അത്ഭുതങ്ങൾ സംഭവിക്കുന്നു. കർദ്ദിനാൾ ആയപ്പോൾ മൂൻഗാമിയുടെ സ്ഥാനവസ്ത്രം അഴിച്ചുതുന്നി ധരിച്ച ഒരാൾ മാർപ്പാപ്പ ആവുക! അദ്ദേഹം താൻ ബലഹീനനാണെന്നും പാപിയാണെന്നും ഏറ്റു പറഞ്ഞ് തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് വിശ്വാസികളോട് അപേക്ഷിക്കുക! പോപ്പിന്റെ സിംഹാസനവും കൊട്ടാരവും ഉപേക്ഷിക്കുക! സ്വിസ് ഗാർഡുകൾക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുക! തുകൽ സഞ്ചിയും തൂക്കി സാധാരണക്കാരുടെ ഇടയിൽ ക്യൂ നിൽക്കുക! പെസഹായ്ക്ക് ഒരു മുസ്ലീം സ്ത്രീ ഉൾപ്പെടെ രണ്ടു സ്ത്രീകളുടെ പാദങ്ങൾ കഴുകി ആദരിക്കുക! സാധാരണക്കാരെ ഫോൺ വിളിക്കുക! തന്നെ സന്ദർശിക്കാനെത്തിയ വിദ്യാർത്ഥികളെ റയിൽവേ സ്റ്റേഷനിൽ ചെന്നു സ്വീകരിക്കുക! ജീവിതം ശുദ്ധമാണെങ്കിൽ നിരീശ്വരനും സ്വർഗത്തിൽ എത്തുമെന്ന് പ്രസ്താവിച്ച്, യഥാർത്ഥ ആത്മീയത നന്മയാണെന്നു നിർവചിക്കുക! അങ്ങനെ സ്വർഗരാജ്യത്തിലേക്കുള്ള ഏക മാർഗം സ്വന്തം മതം മാത്രമാണെന്ന അന്ധവിശ്വാസം തകർത്ത് ലോകത്തെ വിഴുങ്ങുന്ന വർഗീയതയെ എതിർക്കുക! ലോകം മുഴുവൻ നന്മ നിറഞ്ഞാൽ ലോകം മുഴുവൻ സ്വർഗമായി മാറുമെന്ന് പരോക്ഷമായി ധ്വനിപ്പിക്കുക! മതപരിവർത്തനത്തെ അപലപിക്കുക! സാമ്പത്തിക കുറ്റവാളികളായ മെത്രാൻമാരെയും ബാല പീഡകരായ പുരോഹിതൻമാരെയും മാപ്പുകൊണ്ട് ആശീർവദിക്കാതെ നിയമത്തിന്റെ മുൾമുനയിൽ നിർത്തി വിസ്തരിക്കുക! മെത്രാൻമാർ ആഡംബരക്കാറുകൾ ഉപേക്ഷിക്കണമെന്നും അവർ രാജാക്കൻമാരല്ല, ശുശ്രൂഷകരാണെന്നും ഓർമ്മിപ്പിക്കുക! അമേരിക്കയുടെ യുദ്ധക്കെടുതിയെ അപലപിച്ച് ഒരു ആത്മീയ നേതാവ് രാഷ്ട്രീയത്തിൽ ഇറങ്ങേണ്ടതെങ്ങനെയാണെന്നു മാതൃകകാട്ടുക! പുരോഹിതാധിപത്യത്തിനെതിരെ പൊരുതാൻ ചെറുപ്പക്കാരെ ആഹ്വാനം ചെയ്യുക! കാമുകനാൽ വഞ്ചിക്കപ്പെട്ട് ഗർഭിണിയായ പെൺകുട്ടി തന്റെ കുഞ്ഞിനെ പുരോഹിതൻ മാമ്മോദീസാ മുക്കുകയില്ലല്ലോ എന്നു ദുഃഖഭരിതയായി എഴുതിയപ്പോൾ, താൻ മാമ്മോദീസ മുക്കിക്കൊള്ളാമെന്ന് അവളെ ആശ്വസിപ്പിക്കുക! ഒരു ചെറുപ്പക്കാരൻ 'യുവർ എക്സലൻസി'യെന്ന് തന്നെ സംബോധന ചെയ്തപ്പോൾ, ശ്ലീഹാമാർ യേശുവിനെ അങ്ങനെയല്ല സംബോധനചെയ്തതെന്നും 'അപ്പൂപ്പാ' എന്നു സംബോധന ചെയ്താൽ മതിയെന്നും പറയുക!

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ കളകൾ പറിച്ചുപറിച്ച് തളർന്ന ഞങ്ങളെപ്പോലുള്ളവർക്ക് ആശ്വാസം പകരുന്നു ഫ്രാൻസീസ് മാർപ്പാപ്പാ, അങ്ങ് എന്റെതന്നെ വിശ്വാസങ്ങൾകൊണ്ടും ആഗ്രഹങ്ങൾകൊണ്ടും എന്നെ പ്രലോഭിപ്പിക്കുമ്പോൾ ഞാൻ എങ്ങനെ അങ്ങയുടെ മുമ്പിൽ നിരുപാധികം കീഴടങ്ങാതിരിക്കും? ഞാൻ ഇനി പോരാടുന്നത് അങ്ങേയ്ക്കു വേണ്ടിയായിരിക്കും.

23-ാം ജോൺ മാർപ്പാപ്പായും ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പായും വർക്കി വിതയത്തിൽ

---

*മാർക്സിന്റെയുമൊക്കെ ആശയങ്ങൾ ഉദാഹരണങ്ങളാണ്. ആരവതരിപ്പിച്ച ഏത് ആശയവും സ്വന്തം നിലയിൽ സ്വാംശീകരിക്കാനും മുന്നോട്ടുകൊണ്ടു പോകുവാനും ഏതു വ്യക്തിക്കും സമൂഹത്തിനും അവകാശമുണ്ട്. ആശയം അങ്ങനെ ഏറ്റെടുക്കപ്പെടുന്നതിലൂടെ, ലേഖകൻതന്നെ പറഞ്ഞിട്ടുള്ളതുപോലെ, അതിന്റെ ഉപജ്ഞാതാവ് ബഹുമാനിതനാകുകയാണ്, അംഗീകരിക്കപ്പെടുകയാണ്.*

*'ചർച്ച് ആക്ടി'ന്റെ കാര്യവും അങ്ങനെതന്നെയാണ്. പുലിക്കുന്നേൽ സാർ പിറവി കൊടുത്ത 'ചർച്ച് ആക്ട്' എന്ന ആശയം കേരളസഭയിലെ ചിന്തിക്കുന്ന അനേകർ സ്വന്തം നിലകളിൽ സ്വാംശീകരിക്കുകയും തങ്ങളുടേതായ രീതികളിൽ, സംഘടനാപരമായും വ്യക്തിപരമായിപ്പോലും, മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതൊന്നും ഉപജ്ഞാതാവിന്റെ നിലവാരം പുലർത്തുന്നവ അല്ലായിരിക്കാം. അതിലൊക്കെ ധാരാളം പോരായ്മകൾ ഉണ്ടായെന്നും വരാം. എങ്കിലും, ആശയപരമായ ദിശാവ്യതിയാനവും ദുർവ്യാഖ്യാനങ്ങളും ഉണ്ടാകാത്തിടത്തോളം, അവയെയെല്ലാം പോസിറ്റീവായിത്തന്നെ എടുക്കേണ്ടതുണ്ടെന്നു തോന്നുന്നു. എന്തായാലും, ലേഖകൻ സംശയിക്കുന്നതായി തോന്നുന്ന വിധത്തിൽ, അതൊന്നും 'ചർച്ച് ആക്ടി'ന്റെ ഉപജ്ഞാതാക്കളാകാനുള്ള പരിശ്രമങ്ങളായി ഇന്നോളം ആരും വിചാരിച്ചിട്ടുപോലുമുണ്ടെന്നു തോന്നുന്നില്ല. അതസാദ്ധ്യവുമാണല്ലോ.* ■

# ‘സ്ഥാനക്കയറ്റം തലയിൽ കയറിയ മെത്രാന്മാർ വ്യഭിചാരികളാണ്’ – ഫ്രാൻസീസ് മാർപ്പാപ്പാ

സഭയെ നയിക്കുന്നവർക്കുണ്ടായിരിക്കേണ്ട സ്വഭാവഗുണങ്ങളെപ്പറ്റി ഫെബ്രു. 27-ന് മെത്രാന്മാരുടെ ചുമതലവഹിക്കുന്ന സംഘത്തോട് സംസാരിക്കവേ ഫ്രാൻസീസ് മാർപ്പാപ്പാ ഇങ്ങനെ ചൂണ്ടിക്കാട്ടി:

‘നമ്മുടെ നാഥനായ യേശു തിരഞ്ഞെടുക്കാൻ സാദ്ധ്യതയുള്ളവരെ മാത്രമായിരിക്കണം നിങ്ങളും തിരഞ്ഞെടുക്കേണ്ടത്. കാരണം, സ്വയം യേശുവിനായി സമർപ്പിച്ച വൈദികർ മാത്രമേ മറ്റുള്ളവരെ അവിടുത്തെ സമക്ഷത്തിലേയ്ക്ക് നയിക്കുകയുള്ളൂ.’

‘ഓരോ രൂപതയ്ക്കും അതിനു ചേരുന്ന മെത്രാനെ ലഭിക്കണം. എന്നാൽ, എല്ലാ മെത്രാന്മാർക്കും ചില പൊതുനന്മകൾ ഉണ്ടായിരിക്കണം: തന്റെ ജോലിക്കുതകുന്ന കാര്യശേഷി, സേവനതല്പരത, ജീവിതവിശുദ്ധി. ഈ മൂന്നു സുകൃതങ്ങൾ ഇല്ലാത്തവർ മെത്രാൻ സ്ഥാനത്തിനർഹരല്ല.’

‘സഭയുടെ പഠനങ്ങളിൽനിന്ന് ലോകം എത്രമാത്രം അകന്നു നില്ക്കുന്നു എന്നല്ല; മറിച്ച്, സുവിശേഷം നൽകുന്ന സ്വാതന്ത്ര്യത്തിലൂടെയും സ്നേഹത്തിന്റെ വശ്യതയിലൂടെയും അവയെ മനുഷ്യർക്ക് എങ്ങനെ ആകർഷണീയമാക്കാം എന്നാണ് ഓരോ മെത്രാനും ശ്രദ്ധിക്കേണ്ടത്. സഭക്കുവേണ്ടത് താർക്കികരെയും യുദ്ധപ്രിയരെയുമല്ല, മറിച്ച്, ദൈവം നിരന്തരം വെളിപ്പെടുത്തിത്തരുന്ന സത്യത്തിന്റെ വിത്തുകൾ ജനഹൃദയങ്ങളിൽ വിതയ്ക്കുന്നവരെയാണ്.’

**‘മെത്രാനെ തിരഞ്ഞെടുക്കുമ്പോൾ വ്യക്തിപരമായ അടുപ്പം, അനുഭാവം, കുല– ദേശമഹിമകൾ തുടങ്ങിയ പക്ഷപാതങ്ങൾക്ക് അടിപ്പെടരുത്. സ്ഥാനക്കയറ്റങ്ങൾ ആഗ്രഹിക്കുന്നവരെയും അതിമോഹികളെയും ഒരിക്കലും ഈ സ്ഥാനത്തിനു പരിഗണിക്കരുത്. ഒരു പ്രാദേശികസഭയെ സേവിക്കാൻ നിയുക്തനാകുന്നയാൾ വേറൊരു സ്ഥാനം കൊതിക്കുകയോ അന്വേഷിക്കുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് വ്യഭിചാരമാണ്.’**

‘തന്റെ ജനത്തിനുവേണ്ടി നിരന്തരം പ്രാർഥിക്കുകയും അവരുടെ ഭാഗത്തുനിന്ന് ദൈവവുമായി ദിവസവും സംവദിക്കാൻ ധൈര്യം കണ്ടെത്തുകയും ചെയ്യാത്തവൻ മെത്രാനായിരിക്കാനർഹനല്ല.’

‘മെത്രാനെ തിരഞ്ഞെടുക്കുമ്പോൾ വ്യക്തിപരമായ അടുപ്പം, അനുഭാവം, കുല-ദേശ മഹിമകൾ തുടങ്ങിയ പക്ഷപാതങ്ങൾക്ക് അടിപ്പെടരുത്. സ്ഥാനക്കയറ്റങ്ങൾ ആഗ്രഹിക്കുന്നവരെയും അതിമോഹികളെയും ഒരിക്കലും ഈ സ്ഥാനത്തിനു പരിഗണിക്കരുത്. ഒരു പ്രാദേശികസഭയെ സേവിക്കാൻ നിയുക്തനാകുന്നയാൾ വേറൊരു സ്ഥാനം കൊതിക്കുകയോ അന്വേഷിക്കുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് വ്യഭിചാരമാണ്’

‘ഈ പറഞ്ഞവിധത്തിലെല്ലാം യോഗ്യരായവരെ കണ്ടെത്തുക വിഷമമാണെന്നിരിക്കിലും, യേശു സഭയോടൊപ്പം ഉള്ളിടത്തോളം അത് സാദ്ധ്യമാണെന്നു നാം വിശ്വസിക്കണം’ എന്നദ്ദേഹം കൂട്ടിച്ചേർക്കുകയും ചെയ്തു.

(സ്രോതസ്സ്: www.CatholicCulture.org; തർജ്ജമ: **സക്കറിയാസ് നെടുങ്കനാൽ)**

---

പിതാവും സഭയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ ആഗ്രഹിച്ചിരുന്നവരാണ്. അവരുടെ ആശയങ്ങൾ ഏറ്റുവാങ്ങി പ്രചരിപ്പിക്കുന്നതിൽ, നമ്മൾ വിശ്വാസികളാണ് വീഴ്ച്ച വരുത്തിയത്. ലോകമെമ്പാടുമുള്ള പരിവർത്തനദാഹികളുടെ തപ്തനിശ്വാസപരമായ പ്രാർത്ഥനയുടെ പുണ്യഫലമാണ് ഫ്രാൻസീസ് മാർപ്പാപ്പാ . മതപരമായ തിന്മകൾക്കെതിരെ പോരാടുന്നതിൽനിന്ന് ഏറെപ്പേരെയും വിലക്കുന്നത് പുരോഹിതശാപഭീതിയാണ്. നിങ്ങളുടെ പോരാട്ടങ്ങൾക്ക് പോപ്പിന്റെ ആശീർവാദമുള്ളപ്പോൾ നിങ്ങളെന്തിനു കപ്യാരുടെ ശാപത്തെ ഭയക്കണം? ഫ്രാൻസീസ് മാർപ്പാപ്പയുടെ നവീകരണസംരഭങ്ങൾക്കു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞങ്ങൾ പാലാ ബിഷപ്പുഹൗസിലേക്കു പ്രകടനം നടത്തി. പാപ്പായുടെ വിപ്ലവകരമായ ആശയങ്ങൾ പോസ്റ്ററുകളിലാക്കി പാലായിലും പൂഞ്ഞാറിലും ഒട്ടിച്ചു. നവീകരണം ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾ ഞങ്ങളെ അനുകരിച്ച് കേരളത്തിലെ രൂപതകളിലെല്ലാം സദുദ്ദേശ്യത്തോടെ ഇടപെടുക. പക്ഷേ, ഗാന്ധിയനായ പാപ്പാ അഹിംസാവാദിയാണെന്നുള്ളത് മറക്കാതിരിക്കുക.

കേരള കത്തോലിക്കാ സഭാനവീകരണപ്രസ്ഥാനത്തിന്റെ മുഖമാസികയായ സത്യജ്വാല, ഫ്രാൻസീസ് മാർപ്പായുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. പാപ്പായെ സംബന്ധിക്കുന്ന, മാധ്യമങ്ങൾ അറിഞ്ഞോ അറിയാതെയോ തമസ്കരിക്കുന്ന വാർത്തകൾ തേടിപ്പിടിച്ച് നിങ്ങളുടെ മുന്നിൽ എത്തിക്കുന്നു. വരിക്കാരാകുന്നതിനു ബന്ധപ്പെടുക: 9496128188, 9497088904, 9961395677.

**ഫോൺ: 9497179433.**

# മാർത്തോമ്മാശ്ലീഹാ കൊല്ലപ്പെട്ടതും സംസ്കരിക്കപ്പെട്ടതും കൊടുങ്ങല്ലൂരിൽ (ആദ്യഭാഗം)

**പി.കെ മാത്യു ഏറ്റുമാനൂർ**

*[തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ല എന്നു സ്ഥാപിക്കുന്നതിൽ അടുത്ത കാലത്തായി പലരും ഉത്സാഹം കാണിക്കുന്നു. അതുകൊണ്ടാണ്, തോമ്മാശ്ലീഹാ കേരളത്തിൽ വന്നുവെന്നു വാദിക്കുന്ന ഈ ലേഖനം പ്രസിദ്ധീകരിക്കുന്നത്. കേരളസഭയ്ക്ക് അപ്പോസ്തലിക പാരമ്പര്യമില്ലെന്നും, ഉള്ളത് കൽദായ പാരമ്പര്യമാണെന്നും, അതുകൊണ്ട് പൗരസ്ത്യ കാനോൻനിയമം ബാധകമാണെന്നുമുള്ള പൗരസ്ത്യസംഘത്തിന്റെ (റോമിന്റെ) നിലപാടിന്, തോമ്മാശ്ലീഹാ ഇവിടെ വന്നിട്ടില്ലെന്നു വാദിച്ച് നാമെന്തിനു ശക്തി പകരണം? ഏതെങ്കിലും പൗരസ്ത്യസഭയുടെ ഭാഗമായി രൂപംകൊണ്ടതല്ലാത്തതിനാൽ, പൗരസ്ത്യസഭകൾക്കു മാത്രമായി രൂപംകൊടുത്ത കാനോൻനിയമം ഭാരതസഭയ്ക്കു ബാധകമല്ല എന്ന വാദമാണ്, നാം പൗരസ്ത്യകാനോൻ നിയമം നടപ്പാക്കിയതിനെതിരെ കൊടുത്തിട്ടുള്ള കോടതിക്കേസുകളിലെല്ലാം ഉന്നയിച്ചിട്ടുള്ളത് എന്നോർക്കുക... അല്ലെങ്കിൽത്തന്നെ, മാർത്തോമ്മാ കേരളത്തിലെത്തി സ്ഥാപിച്ച അപ്പോസ്തോലികസഭയാണ് നസ്രാണി സഭയെന്ന കേരളീയരുടെ പരമ്പരാഗതവിശ്വാസത്തിനുപിന്നിൽ, ചില പുരാതനമായ 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' എന്ന പേരിലുള്ള നസ്രാണിപാരമ്പര്യത്തിനു പിന്നിൽ, ഒരു വസ്തുതയും ഇല്ലാതെ വരുമോ? -സഭാചരിത്രകാരനായ ശ്രീ. പി.കെ. മാത്യുവിന്റെ ലേഖനം രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിക്കുന്നു-എഡിറ്റർ]*

**മാ**ർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നു എന്നതിനു ചരിത്രരേഖകൾ ഇല്ല എന്നു ബെനഡിക്ട് 16-ാം മൻ മാർപ്പാപ്പാ പറഞ്ഞപ്പോൾ, സീറോ-മലബാർ സഭാനേതൃത്വം കുറ്റകരമായ മൗനം പാലിച്ചു. ചരിത്രത്തിൽ ഇടം നേടിയ ചരിത്രപുരുഷനാണോ യേശു എന്ന മറുചോദ്യംകൊണ്ടു തിരിച്ചടിക്കേണ്ട ഒരു പ്രസ്താവനയായിരുന്നു പോപ്പു നടത്തിയത്. കാരണം, എഴുതപ്പെട്ട ചരിത്രരേഖകളുടെ അടിസ്ഥാനത്തിലല്ലല്ലോ നാമാരും യേശു ചരിത്രപുരുഷനാണ് എന്നു വിശ്വസിക്കുന്നത്.

തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ സുവിശേഷവേലയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു ചരിത്രനോവലാണ് എ.ഡി രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട 'തോമ്മായുടെ നടപടികൾ' എന്ന സുറിയാനിഗ്രന്ഥം. ഇതിന്റെ ഗ്രന്ഥകർത്താവായ ബർദ്ദേശാൻ (എ.ഡി 154-222) എദ്ദേശ്ശായിൽ ജീവിച്ചിരുന്ന ഒരു ചരിത്രപുരുഷനാണ്. തോമ്മാശ്ലീഹായുടെ പ്രഥമ ശിഷ്യൻ 'മാർ അദ്ദായി'യെ എദ്ദേശ്ശായിലേക്കു പറഞ്ഞുവിട്ടതിനു ശേഷമാണ് ജറൂശലേമിൽനിന്നു തോമ്മാശ്ലീഹാ കച്ചവടക്കപ്പലിൽ കയറി ഇന്ത്യയിൽ എത്തിയതെന്നും, ഇന്ത്യയിൽ സുവിശേഷപ്രചരണം നടത്തുന്നതിനിടയിൽ ശ്ലീഹാ കൊല്ലപ്പെട്ടെന്നും, ശിഷ്യർ ശ്ലീഹായുടെ അസ്ഥികളുമായി എദ്ദേശ്ശായിൽ ഉണ്ടായിരുന്ന മാർ അദ്ദായിയുടെ അടുത്തേക്കു പോയെന്നും എദ്ദേശ്ശാക്കാർ വിശ്വസിച്ചിരുന്നു.

എദ്ദേശ്ശായിൽ ഇന്ത്യയിൽനിന്നുമെത്തിയ തോമ്മാശ്ലീഹായുടെ ശിഷ്യരിൽനിന്നു ലഭിച്ച വായ്മൊഴികളിലൂടെ ഒട്ടേറെ അത്ഭുതപ്രവൃത്തികളും എദ്ദേശ്ശായിൽ പ്രചരിച്ചിരുന്നു. തോമ്മാശ്ലീഹായുടെ അസ്ഥികൾ എദ്ദേശ്ശായിൽ കൊണ്ടുചെന്നത് ഒരു ജൂലൈ 3-ാം തീയതി ആയിരുന്നു. ആ ദിനം എദ്ദേശ്ശക്കാർ ഇന്നും ആഘോഷിച്ചുവരുന്നു. മാർ അപ്രേം തയ്യാറാക്കിയ സഭാകലണ്ടറിൽ ഈ ദിനം രേഖപ്പെടുത്തിയിട്ടുണ്ട്. മാർത്തോമ്മായെപ്പറ്റി എദ്ദേശ്ശായിൽ പ്രചരിച്ചിരുന്ന മാർത്തോമ്മായുടെ പ്രവർത്തനങ്ങൾ ആണ് ബർദ്ദേശാന്റെ ഗ്രന്ഥത്തിന്റെ ഇതിവൃത്തം.

എദ്ദേശ്ശായുടെ അയൽസാമ്രാജ്യം ആയിരുന്നു പേർഷ്യാ. ഈ പേർഷ്യയ്ക്ക് 'ഇൻഡ്യാ' എന്ന പേരിൽ ഒരു പ്രവിശ്യ ഉണ്ടായിരുന്നു. ഒന്നാം നൂറ്റാണ്ടിൽ ഈ 'ഇന്ത്യാ' പ്രവിശ്യയുടെ അധിപൻ ഗോണ്ടോഫറസ് ആയിരുന്നു. ഗോണ്ടോഫറസിന്റെ 'ഇന്ത്യ'യ്ക്കു സമുദ്രാതിർത്തി ഇല്ലായിരുന്നു എന്ന ഭൂമിശാസ്ത്രപരമായ അറിവ് ബർദ്ദേശ്ശ അാന് ഇല്ലായിരുന്നു. തോമ്മാശ്ലീഹാ കപ്പലിൽ ചെന്നെത്തിയ 'ഇന്ത്യ' ഗൊണ്ടോഫറസിന്റെ 'ഇന്ത്യ' ആണെന്നു തെറ്റിദ്ധരിച്ചാണ്, ബർദ്ദേശ്ശാൻ



‘തോമ്മായുടെ നടപടികൾ’ എന്ന ഗ്രന്ഥം രചിച്ചത് എന്നനുമാനിച്ചാൽ, ഈ വിഷയത്തിലുള്ള സംശയങ്ങളെല്ലാം (Confusions) അവസാനിക്കും. ബർദ്ദേശ്ശാന്റെ ഗ്രന്ഥത്തിലെ വാഹനങ്ങൾ (കാളവണ്ടി)പോലും തനി കേരളീയമാണ്. അതുകൊണ്ടു ബർദ്ദേശാന്റെ ‘ഇന്ത്യ’ കേരളമാണ്. കേരളം വിട്ടു മദ്രാസിൽ പോകാൻ ശ്ലീഹായ്ക്ക് അവസരം ലഭിച്ചില്ല. അതുകൊണ്ട് അവിടെ മാർത്തോമ്മാ ക്രൈസ്തവരും ഇല്ല.

‘തോമ്മായുടെ നടപടികൾ’ ആരംഭിക്കുന്നതു ഇപ്രകാരമാണ്: ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ ശേഷം ശിഷ്യന്മാർ ജറൂശലേമിൽ സമ്മേളിച്ചു. ആരൊക്കെ ഏതെല്ലാം രാജ്യങ്ങളിൽ സുവിശേഷ പ്രചാരണത്തിനു പോകണം എന്നു കുറിയിട്ടു തീരുമാനിച്ചു. ഇന്ത്യയിലേക്കു പോകാനുള്ള കുറി തോമ്മാശ്ലീഹായ്ക്കാണ് വീണത്. ഈ സമയം ഇന്ത്യയിലെ ഗോണ്ടോഫറസ് രാജാവിനു ഒരു കൊട്ടാരം പണിതുകൊടുക്കാൻ പ്രാപ്തിയുള്ള ഒരു ശില്പിയെത്തേടി ഹാബാൻ എന്ന വർത്തകപ്രമാണി ‘ജറൂസലേമിൽ’ക്കൂടി കറങ്ങി നടക്കുന്നുണ്ടായിരുന്നു. ഇരുവരും കണ്ടുമുട്ടുകയും, ഒരു ശില്പിയായി അഭിനയിച്ച് തോമ്മാശ്ലീഹാ ഹാബാനോടുകൂടി കപ്പൽ കയറി ഗോണ്ടോഫറസിന്റെ രാജധാനിയിൽ എത്തിച്ചേരുകയും ചെയ്തു.

ഗോണ്ടോഫറസിനുവേണ്ടി തോമ്മാശ്ലീഹാ സ്വർഗ്ഗത്തിൽ മാളിക പണിതതും അനന്തരസംഭവങ്ങളും നമ്മുടെ നാട്ടിലാകെ പ്രചരിച്ചിട്ടുള്ള കഥകളാണ്. ‘തോമ്മായുടെ നടപടി’ അവസാനിക്കുന്നത് ഇപ്രകാരമാണ്: ഗോണ്ടോഫറസിന്റെ രാജ്യത്തെ സുവിശേഷവേല അവസാനിച്ചശേഷം ശ്ലീഹാ അയൽരാജ്യത്തിന്റെ രാജാവായ മസ്ദായിയുടെ രാജധാനിയിൽ ചെന്നുചേർന്നു. മസ്ദായിയുടെ ഭാര്യ ആളയച്ചിട്ടാണ് തോമ്മാശ്ലീഹാ സ്ഥലത്തെത്തിയത്. എന്നാൽ മസ്ദായി, ദൂതന്മാർ മുഖാന്തിരം ശ്ലീഹായെപ്പറ്റി അന്വേഷിച്ചു. അയാൾ തട്ടിപ്പുവീരനായ ഒരു മാന്ത്രികനാണ് എന്ന റിപ്പോർട്ടാണ് രാജാവിനു ലഭിച്ചത്. അതുകൊണ്ടു രാജാവ് ശ്ലീഹായെ ബന്ധനസ്ഥനാക്കി വധിച്ചു. ഇതിൽ അത്യന്തം വ്യസനിച്ച രാജ്ഞി രാജാക്കന്മാരെ അടക്കം ചെയ്യുന്നതിനു നിർമ്മിച്ചിട്ടിരുന്ന ഒരു കല്ലറയിൽ ശ്ലീഹായുടെ ശവശരീരം അടക്കം ചെയ്തു.

തോമ്മാശ്ലീഹായുടെ ശിഷ്യന്മാർ അതീവരഹസ്യമായി കല്ലറ തുറന്ന് അസ്ഥികളെടുത്ത് എദ്ദേശായിലേക്കു കൊണ്ടുപോയി. ഏറെ നാളുകൾക്കുശേഷം മസ്ദായിയുടെ പുത്രനു ഭൂതോപദ്രവം ഉണ്ടായി. തോമ്മാശ്ലീഹായുടെ കല്ലറ തുറന്ന് ഒരസ്ഥിയെടുത്തു പുത്രന്റെ ദേഹത്തു തൊടുവിച്ചാൽ ഭൂതം വിട്ടുമാറും എന്ന പ്രശ്നവിധി ഉണ്ടായി. അസ്ഥിക്കുവേണ്ടി കല്ലറ തുറന്നു നോക്കിയിട്ട് ഒരു തരി എല്ലിൻകഷണം പോലും ലഭിച്ചില്ല. ശ്ലീഹായുടെ എല്ലുകൾ കിടന്നിടത്തുനിന്നും കുറെ മണ്ണെടുത്തു രാജാവിന്റെ പുത്രന്റെ ദേഹത്തിട്ട നിമിഷം ഭൂതം മകനെ വിട്ട് ഓടിപ്പോയി. മകൻ സ്വസ്ഥത പ്രാപിച്ചു. തോമ്മാശ്ലീഹായുടെ അസ്ഥികളുടെ ഒരു തരിപോലും കല്ലറയിൽ ഇട്ടേക്കാതെയാണ് ശ്ലീഹായുടെ ശിഷ്യർ ഈ അസ്ഥികളെല്ലാം എദ്ദേശ്ശായിൽ ഒരു ജൂലൈ 3-ാം തീയതിയിൽ എത്തിച്ചത്.

തോമ്മാശ്ലീഹായുടെ അസ്ഥികൾ നഷ്ടപ്പെട്ടിരുന്നുവെങ്കിലും കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന ശവകുടീരം, മാർത്തോമ്മാക്രിസ്ത്യാനികളുടെ തീർത്ഥാടനകേന്ദ്രമായി നിലനിർത്തിയിരുന്നു. 13 -ാം നൂറ്റാണ്ടിൽ കേരളത്തിലെ സമുദ്രതീരങ്ങൾ സന്ദർശിച്ച മാർക്കോപോളോ എന്ന കപ്പൽ സഞ്ചാരി കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന തോമ്മാശ്ലീഹായുടെ ശവകുടീരം സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഡയറിയിൽ ഇപ്രകാരം കാണുന്നു.

“തോമസ് പുണ്യവാളന്റെ ശവകുടീരം കൊടുങ്ങല്ലൂർ തുറമുഖത്തുനിന്നും വളരെ അകലെയല്ല. സെന്റ് തോമസ് വധിക്കപ്പെട്ട സ്ഥലത്തെ മണ്ണിന്റെ നിറം ചുവപ്പാണ്. 1258 -ൽ ഞാൻ അവിടം സന്ദർശിച്ചപ്പോഴും അവിടത്തെ മണ്ണിന്റെ നിറം ചുവപ്പായിരുന്നു. ഈ മണ്ണു കലക്കി കുടിച്ചാൽ രോഗശാന്തി നേടുമെന്നു ഇന്നാട്ടുകാർ വിശ്വസിക്കുന്നു” (മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (1990) പ്രസിദ്ധീകരിച്ച പി.ജി പുരുഷോത്തമൻപിള്ളയുടെ പരിഭാഷയിൽ നിന്ന്).

പോർട്ടുഗീസുകാർക്കു മൈലാപ്പൂർ, പെരിയമല, ചിന്നമല എന്നീ പ്രദേശങ്ങൾ കൈവശപ്പെടുത്താൻവേണ്ടി അവർ മേൽപറഞ്ഞ ചരിത്രലക്ഷ്യങ്ങളെ നശിപ്പിച്ചു. തോമ്മാശ്ലീഹാ തമിഴ് നാട്ടിൽ പോയി സുവിശേഷം പ്രസംഗിച്ചതായ വ്യാജ ചരിത്രരേഖകളും പോർട്ടുഗീസുകാർ സൃഷ്ടിച്ചു. ഇതേക്കുറിച്ചെല്ലാം അന്വേഷിച്ച് സത്യസന്ധമായ ചരിത്രവസ്തുതകൾ കണ്ടെത്താൻ പ്രാപ്തിയുള്ള ഒരു ഗവേഷണസംഘത്തെ നിയോഗിക്കാൻ നസ്രാണിസമൂഹംതന്നെ തയ്യാറാക്കേണ്ടതുണ്ട്. അവരുടെ മുമ്പിൽ വേണ്ടത്ര തെളിവുകൾ നൽകാൻ ഈ ലേഖകൻ തയ്യാറാണ്. (തുടരും)

ഫോൺ: 9495212899


## സത്യജ്വാല

**പരസ്യങ്ങൾ സ്വീകരിക്കുന്നു!**

| | |
|---|---|
| Cover Back Full -Colour | -12000 |
| Cover Back Inside -Colour | -10000 |
| Cover Front Inside-Colour | -12000 |
| Inside Full -B/w | -7000 |
| Inside Half -B/w | - 4000 |
| Inside Qtr. -B/w | - 2000 |

# തിരുവനന്തപുരം ലത്തീൻ അതിരൂപതാ തീരവാസികൾ ഓശാനാ മൗണ്ടിൽ

**എസ്. എൽ. പെരേര, ശംഖുമുഖം**



**ഓ**ശാന മാസിക നിർത്തുന്നു. കാരണം, അതിന്റെ സ്ഥാപകനും നടത്തിപ്പുകാരനുമായ ജോസഫ് പുലിക്കുന്നേൽ സാറിനു 84 വയസ്സാകുന്നു. അങ്ങനെ ക്ഷീണിതനായ അദ്ദേഹം ഈ മാസിക നിർത്തുകയാണ്. ഈ വിവരം അറിഞ്ഞ് ഓശാന വായനക്കാരായ ഞങ്ങൾ അദ്ദേഹത്തെ കാണാൻ ഓശാന മൗണ്ടിലെത്തി. ഞങ്ങളെക്കണ്ട് അദ്ദേഹം വളരെ സന്തോഷിച്ചു.

അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ഓശാനാ മാസികയെയും തിരവന്തപുരം രൂപതാ കടൽത്തീര ക്രിസ്ത്യാനികൾക്കു മറക്കാനാവില്ല. കൂദാശമുടക്കി സഭയിൽ ഞങ്ങളെ അവഹേളിച്ചപ്പോഴും ഇടവകയിൽ ആറുമാസക്കാലം (2001-ൽ) പുരോഹിതസാന്നിദ്ധ്യം നിഷേധിക്കപ്പെട്ടപ്പോഴും ഓശാന മൗണ്ടിലെ ജോസഫ് പുലിക്കുന്നേൽ സാർ ഞങ്ങൾക്ക് ആശ്വാസമായിരുന്നു. തികച്ചും ഒരു ആത്മീയഗുരു. വെറും ഉപേദശകഗുരുവല്ല. സ്വന്തം പ്രവർത്തിയിലൂടെ ഉപദേശിച്ച കാര്യങ്ങൾ കാണിച്ചുതന്ന കർമ്മയോഗി. കുറവിലങ്ങാട് വി.കെ.കുര്യൻ സാർ 29-1-1996-ൽ മരിച്ചു. പാലാ ബിഷപ്പ് ആദ്ദേഹത്തിന്റെ ശവമടക്കു കർമ്മം സഭാപരമായി നടത്തുന്നത് നിഷേധിച്ചു. അന്ന് അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് ആശ്വാസമായി ജോസഫ് പുലിക്കുന്നേൽ സാർ എത്തി. പ്രാർത്ഥനാവചനങ്ങൾ ഉരുവിട്ടുകൊണ്ട് ഭക്തി ആദരവോടെ ആ ശവമടക്കുകർമ്മം നിർവ്വഹിച്ചു. ബന്ധുക്കൾ ഇടവക വികാരിക്കും പാലാ മെത്രാനുമെതിരെ കോടതിയെ സമീപിച്ചു. കോടതി പാലാ ബിഷപ്പിനെയും വികാരിയെയും രണ്ടേകാൽ ലക്ഷം രൂപ പിഴയൊടുക്കാൻ ശിക്ഷവിധിച്ചു.

ജോസഫ് പുലിക്കുന്നേൽ സാറിന്റെ ശിഷ്യനാണു 2012-ൽ മരിച്ച തുത്തൂർ റൈമൺസാർ. തുത്തൂർ ഇടവകയിൽ 2001-ൽ ആറുമാസക്കാലം പുരോഹിതസാന്നിദ്ധ്യം നിഷേധിക്കപ്പെട്ടു. ഈ കാലയളവിൽ 20 പേർ ഇടവകയിൽ മരിച്ചു. റൈമൺസാർ പുലിക്കുന്നേൽ സാർ എന്ന ഗുരുവിനെ അനുസ്മരിച്ചുകൊണ്ട് ആത്മധൈര്യത്തോടെ പ്രാർത്ഥനാവചനങ്ങൽ ഉരുവിട്ട് ഭക്തിആദരവോടെ ശവമടക്കുകർമ്മങ്ങൾ നിർവ്വഹിച്ചു.

തിരുവനന്തപുരം കടൽത്തീരത്ത് കണ്ണാന്തുറ ഇടവകയിൽ ഒരു കുടുംബത്തിലെ ആറുപേരെ കൂദാശ മുടക്കി ശിക്ഷിച്ചു (അച്ഛൻ, അമ്മ. 4 പെൺമക്കൾ). നിസ്സഹായരായ ഈ കുടുംബം സഭ വിട്ടുപോകാതെ റൈമൺസാറിനെ സമീപിച്ചു. അദ്ദേഹം ജോസഫ് പുലിക്കുന്നേൽ സാറിനെ വിവരം



അറിയിച്ചു. അന്നു ഓശാന മാസികയിൽ വന്ന വാചകം, ***"രണ്ടായിരം വർഷങ്ങൾക്കുമുമ്പ് മഹാ പുരോഹിതന്മാരായ കയ്യാഫാസും അന്നാസും യേശുവിനെമാത്രമാണ് ശിക്ഷിച്ചത്. മാതാവിനെയും പിതാവിനെ യും ശിക്ഷിച്ചില്ല. ഇവിടെ ഒരു യുവ പുരോഹിൻ മാതാപിതാക്കളടക്കം ആറുപേരെ ഒരുമിച്ചു ശിക്ഷിച്ചു. അതാണ് ഇന്നത്തെ പൗരോഹിത്യശക്തി".*** അതിനോടൊപ്പം വേദഗ്രന്ഥത്തിലെ വചനങ്ങളും ഓർമ്മിപ്പിച്ചു. **"ദൈവം തന്റെ പുത്രനെ ഭൂമിയിലേയ്ക്കയച്ചത് ശിക്ഷവിധിപ്പാനല്ല; മറിച്ച്, അവൻവഴി ലോകം രക്ഷപ്രാപിപ്പാൻ" (യോഹ. 3:17); "ഞാൻ വന്നത് നീതിമാന്മാരെ വിധിപ്പാനല്ല പാപികളെ വിളിക്കാനാണ്" (മത്താ. 9:13),** എന്നിങ്ങനെ അവസരോചിതമായി വേദഗ്രന്ഥവചനങ്ങളും ഞങ്ങൾക്കു തുണയായി ഓർമ്മിപ്പിച്ചു, അദ്ദേഹം. ഇപ്പോഴത്തെ ഫ്രാൻസീസ് മാർപ്പാപ്പായും, **"ദൈവത്തിന്റെ കാരുണ്യത്തിൽനിന്ന് ആരെയും ഒഴിവാക്കിയിട്ടില്ല"** എന്നാണല്ലോ പറയുന്നത്. ■



# തട്ടിലും തട്ടിപ്പും



**ജോസഫ് മറ്റപ്പള്ളി**

സീറോ-മലബാർ സഭ തുടരുന്ന നവീകരണങ്ങൾ ശ്രദ്ധിച്ചാൽ എന്താണു ലക്ഷ്യമെന്ന് ആർക്കും മനസ്സിലാകും. എവിടെയെല്ലാം മലയാളി ക്രിസ്ത്യാനികളുണ്ടോ അവിടെയെല്ലാം കുത്തിത്തിരുപ്പുണ്ടാക്കുകയെന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ. ഒരേ ഒരു ശരിയേയുള്ളൂ; അതു ഞങ്ങൾ ചിന്തിക്കുന്നതാ'ണെന്നു പറയാൻ നമ്മുടെ മെത്രാന്മാർക്ക് ഒരു മടിയുമില്ല. കുറെ വർഷങ്ങളായി തുടരുന്നതാണ് അവരുടെ ലത്തീൻ റീത്തുകാരോടുള്ള മല്ല്. അവരെ ലോകത്തുനിന്നു തുടച്ചുമാറ്റാൻ എന്തിനിത്ര വ്യഗ്രതയെന്ന് എത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല. സീറോ-മലബാർ സാമ്രാജ്യം വികസിപ്പിക്കുന്നത് എത്ര തന്ത്രപരമായാണെന്നു കാണാൻ ഏതെങ്കിലും കുടിയേറ്റ രാജ്യങ്ങളിലോ നഗരങ്ങളിലോ വന്നാൽ മതി.

മാർച്ചുമുതൽ കുതന്ത്രങ്ങളുമായി തട്ടിൽ മെത്രാൻ വടക്കേ ഇന്ത്യയിലേക്കു വരുന്നുണ്ട്. ആദ്യം അഹമ്മദാബാദിലായിരിക്കും തുടങ്ങുക. കുറഞ്ഞത് പത്തു നാൽപ്പതു വർഷങ്ങളുടെ ചരിത്രമുണ്ട് അഹമ്മദാബാദിലേക്കുള്ള മലയാളിയുടെ കുടിയേറ്റത്തിന്. ആദ്യകാലത്ത് ഇവിടെ വന്നവർ ജോലി കിട്ടാതെയും ശമ്പളം കിട്ടാതെയും വീടില്ലാതെയും ഭാര്യമാരെയും കുട്ടികളെയുംകൊണ്ട് ഏറെ വലഞ്ഞവരാണ്. അന്ന് അവർക്ക് തണൽ ആയി ജെസ്യൂട്ട് പള്ളികളുണ്ടായിരുന്നു, സ്ഥാപനങ്ങളുമുണ്ടായിരുന്നു. ലോകമാകെ ലത്തീൻ റീത്തുകാർ കുടിയേറ്റക്കാരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചു, അവർക്കാർക്കും പരാതിയുമുണ്ടായിരുന്നില്ല. മക്കൾ പഠിച്ചു, നല്ല ജോലികളായി, കുടിയേറ്റക്കാർ സമ്പന്നരുമായി; അപ്പോൾ തുടങ്ങിയതാണ്, സീറോ-മലബാർ സഭയുടെ കുടിയേറ്റക്കാരോടുള്ള പ്രേമം. ആദ്യം പിരിവിൽ തുടങ്ങി, പിന്നെ പള്ളികൾ സ്ഥാപിക്കലായി. അഹമ്മദാബാദിൽ കുടിയേറ്റ മലയാളികൾ വർദ്ധിച്ചപ്പോൾ, അവരുടെതന്നെ കൂട്ടായ പ്രവർത്തനങ്ങൾകൊണ്ട് നഗരത്തിലെ തല്ത്തെജ് എന്ന സ്ഥലത്ത് ഒരു പള്ളി പണിതു. അവിടുത്തെ നാട്ടുകാരുടെ പണം, വളരെ ആയാസപ്പെട്ട് മോഡി സർക്കാരിൽ നിന്നു വാങ്ങിയ അനുവാദം. അവിടുത്തെ ഇടവകക്കാരിൽ മലയാളികൾ മാത്രമല്ല ഉള്ളത്, ഗോവൻ ക്രിസ്ത്യാനികൾ ഒരു നല്ല പങ്കുണ്ട്. പള്ളി പ്രവർത്തനം തുടങ്ങിയ അന്നുമുതൽ അവിടെ കണ്ണു വെച്ചതാണ് സീറോ-മലബാർ സഭ.

ഒരു സുപ്രഭാതത്തിൽ അവിടുത്തെ പള്ളിയോഗത്തിൽ ഒരു സീറോ-മെത്രാൻ സൗഹൃദ സന്ദർശത്തിനെത്തി. ഒരു മെത്രാൻ ഒരിടവക സന്ദർശിക്കുമ്പോൾ പാലിക്കേണ്ട യാതൊരു മര്യാദയും അദ്ദേഹം പാലിച്ചില്ല. അന്ന് അതൊരു സംഘർഷത്തിനുതന്നെ കാരണമായി. പിന്നെ കുറെ നാൾ അനങ്ങാതെയിരുന്നു. പതിയെ, മലയാളം കുർബാന ചൊല്ലാനെന്നപേരിൽ വൈദികരെ ഇറക്കുമതി ചെയ്തുതുടങ്ങി. ആ പുരോഹിതരുടെ നേതൃത്വത്തിൽ മലയാളി ക്രിസ്ത്യാനികളുടെ ഇടയിൽ നടത്തിയ വചനപ്രഘോഷണത്തിന്റെ ഭാഗമായി, ഈ വർഷം രണ്ട് ആദ്യകുർബാന സ്വീകരണങ്ങൾ ഒരേ പള്ളിയിൽ നടന്നു. ഒന്ന് ഫെബ്രുവരി ആദ്യം കഴിഞ്ഞു, അടുത്തത് മാർച്ച് ഒന്നാം തീയതി നടക്കും. അങ്ങനെ ലത്തീൻ ക്രിസ്ത്യാനികളെന്നും മലബാർ ക്രിസ്ത്യാനികളെന്നും രണ്ടു വിഭാഗത്തെ ഇതിനോടകം അവർക്കു സൃഷ്ടിക്കാൻ കഴിഞ്ഞു.

മസ്തിഷ്ക പ്രക്ഷാളനത്തിന്റെ അടുത്തഘട്ടം തുടങ്ങുകയെന്ന ലക്ഷ്യത്തോടെ ഈ ഫെബ്രുവരി മുതൽ കുടുംബകൂട്ടായ്മകളും തുടങ്ങി. ഓരോ കൂട്ടായ്മയിലും സീറോ-മലബാർ വൈദികൻ നേരിട്ടു പങ്കെടുത്ത്, മഹാനായ തട്ടിൽ പിതാവ് റോമിലെ പ്രിയ പുത്രനാണെന്നും, അവിടുത്തെ ഒരു കമ്മറ്റിയിൽ അംഗമാണെന്നും, അഹമ്മദാബാദിനോടുള്ള സ്നേഹംകൊണ്ടാണ് ഇവിടെ ആദ്യം വരാൻ നിശ്ചയിച്ചതെന്നും അറിയിക്കുന്നു. ഈ ചൂണ്ടയിൽ കൊത്താത്ത ഭക്തർ കുറവ്. വിവരമുള്ളവർ ചോദിക്കുന്നു സീറോ-മലബാറിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള രാജ്ഘാട്ടിലും ഗാന്ധിധാമിലുമൊന്നും എന്തേ സീറോ-മലബാർ കാനോൻ ഇതുപോലെ ഇല്ലാത്തതെന്ന്. അവിടെ വേലയിറക്കിയാൽ വിവരം അറിയുമെന്നുള്ളത് അവർക്കും അറിയാം; അതുതന്നെ കാരണം. സിനഡിലും സിനഗോഗിലുമെല്ലാം ലത്തീൻ കുർബാന ആകാമെങ്കിൽ,

എന്തിന് അവർക്കെതിരെ ഈ ഒളി പ്പോരെന്നാണ് ആളുകൾ ചോദിക്കുന്നത്.

മാറി ചിന്തിക്കുന്നവർ എല്ലായിടത്തും ഉണ്ട്; നേരെ നിൽക്കാൻ ധൈര്യമുള്ളവരെയാണ് അവരും അന്വേഷിക്കുന്നത്. എങ്ങനെ ആളുകളെ വിഭജിച്ചു നിർത്തി കാര്യം സാധിക്കാമെന്നു നന്നായി അറിയാവുന്ന സീറോ- മലബാർ പുരോഹിതർ അവരുടെ കർമ്മം ഭംഗിയായി നിർവ്വഹിക്കും.

വിശ്വാസികൾ എവിടൊക്കെ തല വച്ചു കൊടുത്തോ അവിടൊക്കെ അവർ അനുഭവിച്ചിട്ടുമുണ്ട്. ചിക്കാഗോയിലെ കുരിശു യുദ്ധം, പള്ളിയിലെ തിരശ്ശീല വലിച്ചു കീറുക, കുരിശു കത്തിക്കുക, അച്ചന്മാരെ നാടു കടത്തുക, കുർബ്ബാനക്കിടെ വൈദികൻ കുപ്പായം ഊരിയെറിയുക തുടങ്ങിയ നാടകങ്ങളുമായി മുന്നേറുകയാണ്. കേൾക്കുമ്പോൾ കെട്ടുകഥയെന്നു തോന്നുമെങ്കിലും അടുത്ത കാലത്തു നടന്ന വയാണിതൊക്കെ. പുതിയ മെൽ ബോൺ രൂപതയിൽ ഇത് ആവർത്തിക്കാതിരിക്കാനാണ് ബോസ്ക്കോ പുത്തൂരിനെ അ ങ്ങോട്ട് പോസ്റ്റ് ചെയ്തതെന്ന് ആരും ചിന്തിക്കും. പക്ഷേകേൾക്കുന്നത്, ഇവിടെനിന്നു അദ്ദേഹത്തെ സൂത്രത്തിൽ ഒഴിവാക്കുകയായിരുന്നെന്നാണ്. സത്യം താമസിയാതെ പുറത്തു വരുമെന്ന് കരുതാം.

ഇന്നു കേരളകത്തോലിക്കാസഭ വീർപ്പുമുട്ടുകയാണ്. എവിടെത്തിരിഞ്ഞു നോക്കിയാലും അവിടെല്ലാം കാനോൻ നിയമവകുപ്പുകൾമാത്രം! അത്മായർ വിയർപ്പൊഴുക്കി സമ്പാദിച്ച ഒരു വസ്തുവകയിലും അവർക്ക് അവകാശമില്ല. അവർക്ക് അവകാശവും അധികാരവുമുണ്ടായിരുന്ന കാലത്ത് സഭയിൽനിന്ന് ഇത്ര മേൽ ആളുകൾ കൊഴിഞ്ഞിരു ന്നില്ല; സഭ ഒരു പാരലൽ സർ ക്കാരായി വളർന്നിരുന്നുമില്ല. ഒരു വശത്ത് മുറവിളികൂട്ടുന്ന അത്മായരും, മറുവശത്ത് ശക്തമായ താക്കീതുമായി ഫ്രാൻസീസ് മാർപ്പാപ്പായും നില കൊള്ളുമ്പോൾ, എത്ര ദൂരം ഈ സീറോ-മന്ത്ര വുമായി മെത്രാൻസംഘത്തിനു മുന്നോട്ടു പോകാനാവും? ■



# മാർപ്പാപ്പായെ ധിക്കരിച്ച് പ്രത്യക്ഷരാഷ്ട്രീയവുമായി കേരളമെത്രാന്മാർ

**ജോസഫ് പടന്നമാക്കൽ**-യു.എസ്.എ.

**കേ**രളസഭ പരസ്യമായി കേരളരാഷ്ട്രീയത്തിൽ വോട്ടു പിടുത്തം ആരംഭിച്ചുവെന്നു സൈബർപത്രങ്ങളിൽ വായിക്കുന്നു. അതിനായി ഇടയലേഖനങ്ങളിറക്കിത്തുടങ്ങിയെന്നും വാർത്തകളിലറിഞ്ഞു. താൻ മാർപ്പാപ്പായായി തുടരുന്ന കാലത്തോളമെങ്കിലും സഭ പ്രത്യക്ഷരാഷ്ട്രീയത്തിൽ ഇടപെടുകയില്ലെന്നു പ്രഖ്യാപിച്ച ഫ്രാൻസീസ് മാർപ്പാപ്പായോടുള്ള ധിക്കാരമല്ലേ ഇതെന്ന് കേരളത്തിലെ ക്രൈസ്തവർ ചിന്തിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽത്തന്നെ, എല്ലാവിധ അവകാശങ്ങളും നിരോധിക്കപ്പെട്ടിരിക്കുന്ന സഭയിലെ പൗരന്മാരോട് അവരുടെ സമ്മതിദാനവകാശം തങ്ങളാഗ്രഹിക്കുന്നവർക്കു നല്കണമെന്നു പറയാൻ എന്തവകാശമാണ് മെത്രാന്മാർക്കുള്ളത്? കൂന്തതൊപ്പിയും അംശവടിയും കാണിച്ച് ഈ 'അഭിഷിക്തർ' ജനാധിപത്യവ്യവസ്ഥയക്കു തുരങ്കംവയ്ക്കുകയാണ്. ഇടയലേഖനത്തിൽക്കൂടി, ഗാഡ്ഗിൽ-കസ്തൂരിരങ്കൻ റിപ്പോർട്ടുകളെ അനുകൂലിക്കുന്നവരെ സഭയുടെ ശത്രുക്കളായി കാണണമെന്ന് ആഹ്വാനം ചെയ്തിരിക്കുന്നു, ഇവർ. മലയോര-തീരദേശജനതകൾക്കുവേണ്ടി നിലകൊള്ളുന്നവർക്ക് വോട്ടുചെയ്യണമെന്നും അഭ്യർഥിക്കുന്നു. ഇതു കേട്ടാൽ, ഗാഡ്ഗിലും പരിസ്ഥിതി പ്രവർത്തകരും 'ആം ആദ്മി' പാർട്ടിയുമെല്ലാം ഈ ജനതകൾക്കെതിരാണെന്നു തോന്നിപ്പോകും. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ് ദളിതരെ ചതിച്ച സഭ ഇന്നു മലയോരകർഷകർക്കുവേണ്ടിയും മുതലക്കണ്ണീരൊഴുക്കുകയാണ്. തങ്ങൾ കാട്ടിയ വഞ്ചന മറച്ചുവച്ചുകൊണ്ട്, ദളിതർക്കുവേണ്ടിയും ഇടയലേഖനത്തിൽ മെത്രാന്മാർ കണ്ണുനീർ പൊഴിക്കുന്നുണ്ട്. ഹിന്ദുദളിതരെപ്പോലെ ക്രിസ്ത്യൻ ദളിതർക്കും സംവരാണവകാശം നേടിയെടുക്കണമെന്നാണ് ആഹ്വാനം. കേരളത്തിലെ കത്തോലിക്കാസ്ഥാപനങ്ങളിൽ ദളിതർക്ക് കൊടുക്കുന്ന തൊഴിൽ തൂപ്പുജോലി മാത്രമാണ്. യോഗ്യതയുള്ള വിദ്യാസമ്പന്നർ ദളിതരുടെയിടയിലുണ്ടെങ്കിലും സഭയുടെ ഉയർന്ന തസ്തികയിലുള്ള ജോലികൾ 'സവർണ്ണർ'ക്കു മാത്രമായി സംവരണം ചെയ്തിരിക്കുകയാണെന്ന സത്യം ഇടയലേഖനത്തിൽ

ഒളിച്ചുവയ്ക്കുന്നു.

തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും എതിർക്കുന്ന ജനപ്രതിനിധികളെ തെരഞ്ഞെടുക്കാനും ഇടയലേഖനം ആവശ്യപ്പെടുന്നുണ്ട്. ഇതൊരു അന്തർദേശീയ കാഴ്ച്ചപ്പാടാണെന്നകാര്യത്തിൽ സംശയമില്ല. എന്നാൽ, തൊടുപുഴ കോളേജിലെ പ്രൊഫസറിന്റെ കൈവെട്ടിയ തീവ്രവാദികൾക്കൊപ്പംനിന്ന് അദ്ദേഹത്തെ ജോലിയിൽനിന്നു പിരിച്ചുവിട്ടത് ഭീകരപ്രവർത്തനമായിരുന്നു എന്ന സത്യം സഭ മറന്നുപോയി. പ്രൊഫസറിന്റെ കുടുംബത്തെ അനാഥമാക്കിയ പാപം എങ്ങനെ ഇല്ലാതാക്കും? പ്രൊഫസറിന്റെ ജീവൻമരണ പോരാട്ടസമയത്ത് കോതമംഗലം രൂപതാ ബിഷപ്പ് അരമനയിലിരുന്ന് നീറോയായി വീണവായിച്ചു കൊണ്ടിരുന്നു. കോടതി കുറ്റവിമുക്തനാക്കിയിട്ടും പ്രൊഫസർ ടി.ജെ. ജോസഫിനെ തിരിച്ചെടുക്കാൻ തയ്യാറാകാത്ത രൂപതാധികാരമാണ് ഇടയലേഖനത്തിൽക്കൂടി തീവ്രവാദികൾക്കെതിരെ പോരാടാൻ ആഹ്വാനിക്കുന്നത്! പതിവുപല്ലവികളായ 'മതേതരത്വം അപകടത്തിൽ', 'വർഗീയശക്തികളുടെ വളർച്ച', 'മതന്യൂനപക്ഷങ്ങളുടെ സംരക്ഷണം', 'ഗർഭച്ഛിദ്രവും ദയാവധവും' എന്നിങ്ങനെ വിവിധവിഷയങ്ങൾ മെത്രാന്മാരുടെ കല്പനയിലുണ്ട്. മദ്യപാനം, മയക്കുമരുന്നുപയോഗം, സ്ത്രീകൾക്കെതിരെ ആക്രമണം എന്നീ വിഷയങ്ങളിലും അവർ പതിവുപോലെ കല്പനകൾ നിരത്തിയിട്ടുണ്ട്. ഇത്തരം ദുശീലങ്ങൾ സാധാരണ കാണുന്നത് വൈദികരുടെയും അവരെ ചുറ്റുപ്പറ്റി നടക്കുന്ന കപടപള്ളിഭക്തരുടെയുമിടയിലാണെന്ന വസ്തുത ഇടയലേഖനം പുറപ്പെടുവിക്കുന്നവർ മറക്കുന്നു.

ഇടയലേഖനങ്ങളിൽക്കൂടി സഭാപൗരന്മാരെ തങ്ങളുടെ വഴികളിൽ നിയന്ത്രിച്ചുകൊണ്ടുപോകാമെന്നു കരുതുന്ന ഈ 'അഭിഷിക്തർ', അതിനു രണ്ടുദിവസം മുമ്പ് അഭിഷിക്തർക്കായി പോപ്പ് നല്കിയ സന്ദേശം വായിച്ചു കാണില്ല. കർദ്ദിനാൾസംഘത്തോട് പാപ്പാ പറഞ്ഞു: 'നിങ്ങൾ അഭിഷ്ക്തരാകുന്ന ദിനം കാലെടുത്തു വയ്ക്കുന്നത് റോമ്മാസഭയുടെ എളിയ ഭവനത്തിലേക്കാണന്നുള്ള സത്യം മറക്കരുത്. റോമ്മാചക്രവർത്തിയുടെ കൊട്ടാരത്തിലേയ്ക്കല്ല നിങ്ങൾ സേവനത്തിനായി വന്നിരിക്കുന്നത്. നിങ്ങളിലുള്ള രാജകൊട്ടാരശീലങ്ങളെ ഉപേക്ഷിക്കൂ. പരദൂഷണം, സ്വജനപക്ഷപാതം, ആഡംബരം എന്നിവയെല്ലാം രാജകൊട്ടാരത്തിലെ രീതികളാണ്. അധികാരപ്രമത്തത കാണിക്കുവാൻ ക്രിസ്തുവിന്റെ സഭ അനുവദിക്കുന്നില്ല. യേശു വന്നത് തീൻമേശയിലെ മുറകൾ അഭ്യസിപ്പിക്കാനുമല്ല; പകരം, മനുഷ്യരുടെയിടയിൽ സേവനനിരതരായി പ്രവർത്തിക്കാനാണ്.'

കേരളാഭിഷിക്തർ പാപ്പായുടെ വാക്കുകളെ ധിക്കരിച്ചുനടക്കുന്ന ആഗോളസഭയുടെ ഇത്തിക്കണ്ണികളായി മാറികഴിഞ്ഞു. അവരുടെ ആഡംബര രോഗത്തിന് പാപ്പാ കൊടുക്കുന്ന മരുന്നുളുടെ

**'നിങ്ങൾ അഭിഷ്ക്തരാകുന്ന ദിനം കാലെടുത്തു വയ്ക്കുന്നത് റോമ്മാസഭയുടെ എളിയ ഭവനത്തിലേക്കാണന്നുള്ള സത്യം മറക്കരുത്. റോമ്മാചക്രവർത്തിയുടെ കൊട്ടാരത്തിലേയ്ക്കല്ല നിങ്ങൾ സേവനത്തിനായി വന്നിരിക്കുന്നത്. നിങ്ങളിലുള്ള രാജകൊട്ടാരശീലങ്ങളെ ഉപേക്ഷിക്കൂ. പരദൂഷണം, സ്വജനപക്ഷപാതം, ആഡംബരം എന്നിവയെല്ലാം രാജകൊട്ടാരത്തിലെ രീതികളാണ്. അധികാരപ്രമത്തത കാണിക്കുവാൻ ക്രിസ്തുവിന്റെ സഭ അനുവദിക്കുന്നില്ല. യേശു വന്നത് തീൻമേശയിലെ മുറകൾ അഭ്യസിപ്പിക്കാനുമല്ല; പകരം, മനുഷ്യരുടെയിടയിൽ സേവനനിരതരായി പ്രവർത്തിക്കാനാണ്.'**

ഡോസുകളൊന്നും ഏക്കുന്നില്ല. അവർ ഈ സീറോസഭയുടെ ശവക്കുഴി തോണ്ടുകയാണ്. യാതൊരു തത്ത്വദീക്ഷയുമില്ലാത്ത, ക്രിസ്തുവിനെതിരായി പ്രവർത്തിക്കുന്ന ഈ അഭിഷിക്ത'കൾട്ടു'കൾക്ക് സ്വതന്ത്രമായി വേർപിരിഞ്ഞ് മറ്റൊരു സഭയാകരുതോ? ചിന്നിച്ചിതറി കിടക്കുന്ന മറ്റുസഭകൾ നിങ്ങളെ സ്വാഗതം ചെയ്തുകൊള്ളും. പിരിഞ്ഞുപോകുന്ന സമയം സഭാസ്വത്തുക്കൾ കൊണ്ടുപോകാമെന്നു നിങ്ങൾ വ്യാമോഹിക്കേണ്ടാ. അവകാശികളായ സഭാപൗരർ സുപ്രീംകോടതിവരെ അതിനകം പോയിരിക്കും.

ഗാന്ധിയെപ്പോലെ ലളിതജീവിതം നയിക്കുന്ന ഒരു മഹാനാണ് പാപ്പാ. അദ്ദേഹത്തിന്റെ പേരുപോലും ഉച്ചരിക്കാൻ കേരളസുറിയാനി കത്തോലിക്കാഭിഷിക്തർക്ക് അർഹതയില്ല. സഭയിൽ എല്ലാവരും തുല്യരെന്ന വിചാരത്തോടെ, വലിയ ഒരു വികാരിയച്ചനെപ്പോലെ തോളിൽത്തട്ടി ഹൃദ്യമായി പെരുമാറുന്ന ആ മഹാന്റെ കീഴിൽ സേവനം ചെയ്യാൻ കേരളത്തിലെ ഒരു അഭിഷിക്തനും യോഗ്യനല്ല. ഇവരുടെ കൈവിരലിലെ വിലകെട്ട മോതിരം മുത്താൻ തിരക്കുകാട്ടുന്ന കപടപള്ളിഭക്തർക്കുള്ളത്ര വിലമാത്രമേ ഇന്നിവർക്ക് സമൂഹത്തിലുള്ളൂ.

മുമ്പുള്ള മാർപ്പാപ്പാമാർ വത്തിക്കാൻ വിട്ട് അകലെയുള്ള സ്ഥലങ്ങളിൽ ഇടയ്ക്കിടെ സുഖവാസത്തിനായി പോവുമായിരുന്നു. എന്നാൽ നാളിതുവരെയായി ആ കീഴ്വഴക്കം ഈ മാർപ്പാപ്പാ പാലിച്ചിട്ടില്ല. അദ്ദേഹത്തിനു വിശ്രമിക്കാൻ ഒരു സുഖവാസകേന്ദ്രവും ആവശ്യമില്ല. അസുരചിന്താഗതിക്കാരായ 'അഭിഷിക്തർ'ക്കാണ് അതിന്റെയൊക്കെ ആവശ്യം. മഹനീയവ്യക്തിത്വങ്ങൾ സേവനനിരതയാരിക്കുമ്പോഴും വിശ്രമവും വിശ്രാന്തിയും അനുഭവിക്കുന്നു. അത്തരം ഒരു മഹനീയവ്യക്തിപോലും കേരളകത്തോലിക്ക സഭയിലില്ല എന്നതു ഖേദകരമാണ്.

■



# പാലാ, പുതിയ ജെറുശലേം!

ചാക്കോ കളരിക്കൽ-യു.എസ്.എ.



**ഈ** ഫെബ്രുവരി 5-12 തീയതികളിൽ പാലാപ്പട്ടണത്തിൽ നടന്ന സി. ബി. സി. ഐ. സമ്മേളനത്തിൽ കേരള ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണി പാലായെ 'പുതിയ ജെറുശലേം' എന്നു വിശേഷിപ്പിച്ചെന്നു കേട്ടു. മറ്റു ചിലർ പാലായെ ഉപമിച്ചത്, 'ഇന്ത്യയിലെ വത്തിക്കാൻ' എന്നായിരുന്നത്രെ! കുറെക്കാലം ഞാനും പാലാരൂപതാംഗമായിരുന്നതിനാൽ പാലായുടെ ഈ പുതിയ വിശേഷണങ്ങൾ എന്റെ കാതുകൾക്കും ഇമ്പം തന്നു. എങ്കിലും അതിൽ ഒളിഞ്ഞിരിക്കുന്ന, ഒളിപ്പിച്ചുവച്ചിരിക്കുന്ന, കപടാഹന്തയെയും ആഢ്യത്വത്തെയും ഞാൻ തിരിച്ചറിയുന്നു. കത്തോലിക്കാസഭാ നവീകരണ പ്രസ്ഥാനക്കാരുടെസന്ധിയില്ലാസമരത്തിന് ഒരു പുത്തനുണർവു പകരാനിടയാക്കി എന്നതുമാത്രമാണിപ്പോൾ, ആ ആർഭാടസിനഡിന്റെ ഗുണഫലമായി കാണാൻ കഴിയുന്നത്. അവർ സമാന്തരമായി നടത്തിയ 'ജനകീയസിനഡി'ന്റെയും 'അത്മായ അസംബ്ലി'യുടെയും, പാലായിലൂടെ നടത്തിയ പ്രകടനങ്ങളുടെയും റിപ്പോർട്ടുകളായിരുന്നു, സോഷ്യൽ മീഡിയകളിൽ കൂടുതലായി കാണാൻ കഴിഞ്ഞതും.

സഭാംഗങ്ങളുടെ കോടിക്കണക്കിനുവരുന്ന രൂപാ ദുർവ്യയംചെയ്തു പെരുമ്പറകൊട്ടി, അങ്ങേയറ്റം ആർഭാടകരമായി നടത്തിയ സി. ബി. സി. ഐ. സമ്മേളനം രാഷ്ട്രീയശക്തികളുമായുള്ള അവിഹിത ബന്ധത്തെ അരക്കിട്ടുറപ്പിക്കാനാണ് ഉപയോഗിച്ചതെന്നു വ്യക്തം. വമ്പിച്ച പോലീസ്സന്നാഹത്തോടെ സമ്മേളിച്ച ഈ അഖിലഭാരത മെത്രാൻസിനഡ് (187 മെത്രാന്മാർ) സഭാസമൂഹത്തിന്റെ അടിയന്തിര പ്രശ്നങ്ങളെ പഠിച്ച് പുരോഗമനപരമായ നീക്കങ്ങൾ നടത്താൻ അമ്പേ പരാജയപ്പെട്ടന്ന് സമ്മേളന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ആദ്ധ്യാത്മികത്വത്തിന്റെ പാപ്പരത്വം നിറഞ്ഞ ഇവർക്ക്, എണങ്ങരുടെ (മാർത്തോമ്മാ ക്രിസ്ത്യാനികളെ ഉദയമ്പേരൂർ സൂനഹദോസിനു മുൻപ് വിളിച്ചിരുന്ന പേര്) ഇടയിലേക്കിറങ്ങിച്ചെന്ന് അവരുടെ ആവലാതികളും വേവലാതികളും കേൾക്കാൻ ഭയമാണെന്ന് പാലായിൽ വിന്യസിച്ചിരുന്ന വമ്പിച്ച പോലീസ് സാന്നിദ്ധ്യം തന്നെ തെളിയിച്ചുകഴിഞ്ഞു. ജനായത്തമൂല്യമോ സാമാന്യമര്യാദയോ ഇല്ലാതെ, എണങ്ങരുടെ ചിന്താശക്തിക്കു കടിഞ്ഞാണിടുക, മാനസികാടിമത്തം അടിച്ചേൽപ്പിച്ച്, പുരോഹിതനേതൃത്വം കല്പിക്കുന്നതുപോലെ അവരെക്കൊണ്ട് ചെയ്യിക്കുക എന്നിങ്ങനെ സർക്കാരിനു സമാന്തരമായ അധികാരവിനിയോഗവ്യഗ്രതയാണ് ഭാരത മെത്രാൻ സംഘത്തിനും ഉള്ളതെന്നു വ്യക്തം. രാജസിംഹാസനങ്ങൾ തട്ടിമറിക്കപ്പെട്ടതും ജെറുശലേം ദേവാലയം കല്ലിൽമേൽ കല്ലുശേഷിക്കാതെ നശിച്ചുപോയതുമൊന്നും ഓർത്തെടുക്കാൻ ഹൃദയകാഠിന്യം നിറഞ്ഞ ഈ മേല്പ്പട്ടക്കാർക്കു സാധിക്കുന്നില്ല.

സഭാനവീകരണലക്ഷ്യംവച്ച് നിരന്തരം മനനം ചെയ്യുകയും പഠിക്കുകയും ചെയ്യുന്ന പ്രബുദ്ധരും വിവേകശാലികളുമായ എണങ്ങരുടെ കത്തുകളും മെമ്മോറാണ്ടങ്ങളും കിട്ടിയാൽ അവയെയെല്ലാം അവഗണിക്കുകയും, വാക്കു പറഞ്ഞാൽ പാലിക്കാതിരിക്കുകയും ചെയ്യുന്ന 'മൗനിമെത്രാന്മാ'രാണ് നമുക്കിന്നുള്ളത്. വലിയവരെന്നു സ്വയം ചിന്തിക്കുന്ന ഇവർ ഈ മൗനവുംകൂടിയായാലേ തങ്ങളുടെ വലിപ്പം പൂർണ്ണമാകുകയുള്ളു എന്നു ധരിച്ചുവശായതുപോലെയുണ്ട്. കാര്യങ്ങൾ പഠിച്ച് ഉടനടി മറുപടി നൽകുന്നതല്ലേ വലിപ്പം? തെറ്റു സംഭവിച്ചിട്ടുണ്ടെങ്കിൽ ഖേദിക്കുന്നു എന്നുകൂടി പറയുന്നതല്ലേ മഹത്വം?. ഫ്രാൻസീസ് മാർപ്പാപ്പായെപ്പോലെ, സാധാരണക്കാരുടേയും ദരിദ്രരുടേയും ഇടയിലേക്കിറങ്ങിച്ചെന്ന് അവരുടെ മനസ്സുകളെ മനുഷ്യത്വം കൊണ്ടു കീഴടക്കുന്നതിലാണ് മഹത്വമിരിക്കുന്നത്. ഇന്നു നമുക്ക് രാജവേഷധാരികളായ ധാരാളം മൂപ്പന്മാരുണ്ട്. പക്ഷേ, ഹൃദയാനുഭവം ഉളവാക്കാൻപോരുന്ന വ്യക്തിമഹത്വമുള്ള വലിയ മനുഷ്യർ ഇവരുടെ ഇടയിൽ എത്രയോ തുച്ഛമാണ്.

മെത്രാൻ ചമയുന്നവരെ സൃഷ്ടിക്കാൻ സാധിക്കും. പക്ഷേ, ഒരു യഥാർത്ഥ സഭാശുശ്രൂഷിയെ സൃഷ്ടിക്കാൻ ആർക്കും പറ്റില്ല. അയാൾ തന്നെത്തന്നെ സൃഷ്ടിക്കണം. തങ്ങളുടെ കർമ്മം ചെയ്യാൻ വൈമനസ്യം കാട്ടുന്ന മെത്രാന്മാർ രോഗികളാണ്. കാരണം, കർമ്മം ചെയ്യാത്ത അവസ്ഥയാണ് രോഗം. എന്നാൽ തന്നെത്താൻ വിസ്മരിച്ച് കർമ്മം ചെയ്യുന്ന ആർക്കും ജീവിത മാഹാത്മ്യത്തിന്റെ അടിസ്ഥാനമുണ്ട്. ആത്മീയജ്ഞാനത്തിന്റേയും സുകൃതങ്ങളുടേയും ജലസേചനപദ്ധതികൾ നടപ്പിലാക്കേണ്ട മെത്രാന്മാർ വെൺകൊറ്റക്കുട ചൂടിയും സ്തുതിപാഠകരാൽ വലയംചെയ്യപ്പെട്ടും വൃദ്ധകേസരികളായി കഴിയുന്നു! ചെറിയ മനുഷ്യരായിരിക്കുന്നതിലാണു വലിപ്പമെന്ന് ഇവരറിയുന്നില്ല. എണങ്ങരിൽനിന്നും ഒന്നും മനസ്സിലാക്കാനില്ല എന്ന ധാർഷ്ട്യത്തിലാണ്, ഇവർ.

അധികാരവും ധനവും കീർത്തിയും ഉപയോഗിച്ച് തങ്ങൾക്ക് സുഖിക്കാനായി കനകാ

സനങ്ങളും മെഗാദേവാലയങ്ങളും പണിയാൻ മുതിരുമ്പോൾ തങ്ങളുടെ രൂപതയിലെ ദരിദ്രർക്ക് (അവർ ഏതു മതസമൂഹത്തിൽപ്പെട്ടവരായാലും) വീടും കട്ടിലുമുണ്ടോയെന്ന് ഇവർ തിരക്കാറില്ല. പാവങ്ങളിൽ ദൈവത്തെ കാണാത്ത ഇവരിൽ ദൈവചൈതന്യമുണ്ടോ? ദൈവസ്നേഹം തീണ്ടാത്ത ദൈവശാസ്ത്രം മെനഞ്ഞ് ഭക്തിപ്രകടനങ്ങൾ നടത്തുന്ന ഇവരിൽനിന്നും ദൈവം ഒളിച്ചോടുമെന്നു തീർച്ച. ഇക്കഴിഞ്ഞ മെത്രാൻസിനഡിനെ മുന്നിൽ കണ്ടുകൊണ്ടുതന്നെ ദശകോടികൾ മുടക്കി പാലായിൽ പണിതീർത്ത 'അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്' (Alphonsian Pastoral Institute) ഇതിന് ഉദാഹരണമാണ്. സമ്പന്നരാജ്യമായ അമേരിക്കയിൽപ്പോലും മെത്രാൻസിനഡുകൾ കൂടുന്നത് ഹോട്ടലുകൾ വാടകയ്ക്കെടുത്താണന്നു കേൾക്കുമ്പോൾ, സ്വന്തം വീടില്ലാത്ത ലക്ഷോപലക്ഷം ദരിദ്രകുടുംബങ്ങളുള്ള ഇന്ത്യയിൽ ഇത്ര ഭീമാകാരമായ ഒരു കെട്ടിടം പണിതതിലെ യേശുവിരുദ്ധത കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാവില്ലേ? സിനഡിന്റെ റിപ്പോർട്ടുപ്രകാരം അനീതിക്കെതിരായി ശബ്ദമുയർത്താൻ മെത്രാന്മാർ തീരുമാനിച്ചത്രേ! (para. 5. ii ). രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾപോലും അവർ ഉദ്ധരിക്കുന്നു! തങ്ങൾ എന്തോ വലിയ കാര്യങ്ങൾ ചെയ്തുകൂട്ടി എന്നു കാണിച്ച് സാധാരണക്കാരുടെ കണ്ണിൽ പൊടിയിടാമെന്ന് ഇവർ കരുതുന്നു. ആത്മാർത്ഥതയെന്നത് ഈ റിപ്പോർട്ടിൽ തൊട്ടുതേച്ചിട്ടില്ല. ഇതാ അതിന് വേറൊരുദാഹരണംകൂടി. എണങ്ങരുടെ ആവലാതികൾക്ക് ഒരു മറുപടിപോലും നല്കാൻ തയ്യാറാകാത്ത ഇവർ പ്രഖ്യാപിച്ചിരിക്കുന്നത്രേ, ദൈവജനത്തിന്റെ ദൈവദത്തമായ കഴിവുകളെ ഊറ്റിയെടുക്കുമെന്നും അവരെ ശ്രവിക്കുമെന്നും പാസ്റ്ററൽ കൗൺസിലുകൾ എല്ലാ രൂപതകളിലും സ്ഥാപിക്കുമെന്നും! (para 5. iii). എന്താ പോരേ പൂരം! രണ്ടാം വത്തിക്കാൻ കൗൺസിൽ തീരുമാനിച്ച പാസ്റ്ററൽ കൗൺസിൽ പാശ്ചാത്യരൂപതകളിൽ പത്തൻപതുവർഷംമുമ്പു നടപ്പാക്കി. അതിതാ ഇന്ത്യൻ സഭയിൽ നടപ്പിലാക്കാൻ മെത്രാന്മാർ ഇപ്പോൾ പ്രതിജ്ഞാബദ്ധ രാകുന്നുപോലും! ഇതിൽപ്പരം ഒരു പുകില് നിങ്ങൾ കേട്ടിട്ടുണ്ടോ?

ഒരു മെത്രാന്റെ മനസ്സിനു നിരവധി ജനാലകളും വാതിലുകളും ഉണ്ടാകേണ്ടതുണ്ട്. പണ്ട് ജോൺ 23-ാമൻ മാർപ്പാപ്പാ വത്തിക്കാന്റെ ആനവാതിൽ തുറന്നതോർമ്മിക്കുന്നില്ലേ? ജനാലകളും വാതിലുകളും തുറന്നിട്ടാലേ കാറ്റും പ്രകാശരശ്മികളും ഉള്ളിലേക്കു കടക്കൂ. മെത്രാന്റെ മനസ്സ് മറവിയുടെ നിലവറയും ഓർമ്മകളുടെ പത്തായവുമാകണം. എന്നുവെച്ചാൽ, സ്വന്തം കാര്യങ്ങൾ മറന്ന് മറ്റുള്ളവരുടെ കാര്യങ്ങളിൽ നിതാന്തമായ ഓർമ്മയുള്ളവരാകണം. വാസ്തവത്തിൽ, സന്യാസ-തപസ്സാദികളിൽ ശോഭിക്കേണ്ടവരാണ് മെത്രാന്മാർ. എന്നാൽ അവരെ ഇന്നു നയിക്കുന്നത് അധികാരം, സമ്പത്ത്, പദവി തുടങ്ങിയ ഭൗതികലക്ഷ്യങ്ങളാണ്. പട്ടുളോഹയും അരപ്പട്ടയും കൂന്തൻതൊപ്പിയുമൊന്നും മനുഷ്യനെ രക്ഷിക്കുകയില്ലെന്നും സർവ്വചരാചരങ്ങളോടുമുള്ള ദയയും കരുണയുമേ രക്ഷയ്ക്കുണ്ടാവുകയുള്ളൂവെന്നുള്ള യേശുദേവന്റെ ലളിതമായ ഉപദേശത്തെ ഇവർ എന്തുകൊണ്ട് തിരസ്ക്കരിക്കുന്നു? മെത്രാൻപദവിയുടെ പ്രഭാപൂരത്തിൽ മയങ്ങിക്കിടക്കുന്ന ഇവർക്ക് അഴിമതി, തട്ടിപ്പ്, ബാലപീഡനം തുടങ്ങിയ പാതകങ്ങൾ അന്യമല്ലാതായിരിക്കുന്നു. അർഹതപ്പെട്ട കൂദാശകൾക്കായി വിശ്വാസികൾ പള്ളിവാതിലിൽ മുട്ടുമ്പോൾ, ഇവർ കൃത്രിമ തടസ്സങ്ങൾ ഉന്നയിച്ച് നാലുകാശുണ്ടാക്കാൻ നോക്കുന്നു. ഇത് സാധാരണക്കാരന്റെ പണം മോഷ്ടിക്കലല്ലേ? രോഗം ബാധിച്ച ദുഷിച്ച മനസ്സിന്റെ ഉടമകളാണിവർ. ജീവിതലാളി ത്യം, പാവങ്ങളുടെ പക്ഷത്തു നിന്നും ചിന്തിക്കാനുള്ള മനോഭാവം, കാരുണ്യം തുടങ്ങിയ ഗുണങ്ങൾ ഇവരെ തൊട്ടുതേ ച്ചിട്ടില്ല.

പാപമാർഗ്ഗങ്ങളിൽനിന്നു പിന്തിരിപ്പിച്ച് സന്മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നതായിരിക്കണം, മെത്രാന്റെയും ശുശ്രൂഷാ പുരോഹിതരുടെയും പ്രവർത്തനങ്ങൾ. അവനവന്റെ ആഗ്രഹപൂർത്തിക്കുവേണ്ടിയുള്ള ഈശ്വരപ്രീണനമാണ് ഭക്തി എന്നു ധരിക്കുന്നവർ ധാരാളമുണ്ട്. ഈ അന്ധവിശ്വാസത്തെ ഊട്ടിവളർത്തുന്ന ഭക്ത്യാഭ്യാസങ്ങൾ പുതുമതോന്നിക്കുംവിധം സഭയിൽ ഓരോ കാലഘട്ടത്തിലും പ്രചരിപ്പിക്കുകയാണ് പൗരോഹിത്യം. മെത്രാന്മാർക്കും വൈദികർക്കും വിശ്വാസികളോടുണ്ടാകേണ്ട അടിസ്ഥാന വികാരം സ്നേഹവും കരുണയും ദയയുമായിരിക്കണം. വിശ്വാസികളെ ശുശ്രൂഷിക്കണമെങ്കിൽ യേശുവിനെമാത്രം അറിഞ്ഞാൽ പോരാ, യേശുവിന്റെ അനുയായികളായ ദൈവജനത്തേയും അറിയണം. അങ്ങനെയെങ്കിൽ, എണങ്ങരെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ സഭാമേധാ വികൾക്കു ഇന്നത്തെപ്പോലെ ഉലക്കവിഴുങ്ങികളാകേണ്ടിവരുമായിരുന്നില്ല.

യേശു പരമമായ സത്യങ്ങൾ വെളിപ്പെടുത്തിയപ്പോൾ, മതപുരോഹിതർ അസ ത്യങ്ങൾ ചമച്ച് അന്ധവിശ്വാസത്തിലധിഷ്ഠിതമായ പള്ളിയെ പണുതു. വിശ്വാസികളെന്നും അവിശ്വാസികളെന്നും അവർ ജനങ്ങളെ വേർതിരിച്ചു. വിശ്വാസികളുടെമേലുള്ള സ്വാധീന ശക്തിയെ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടാൻ അവർ ഉപയോഗിക്കുന്നു. അങ്ങനെ അന്ധവിശ്വാസം രാഷ്ട്രീയത്തെയും ദുഷിപ്പിക്കുന്നു. ശാസ്ത്രീയമായ കാഴ്ച്ചപ്പാട്, അന്വേഷണത്വര, പരിഷ്ക്കരണേച്ഛ തുടങ്ങിയവ മനുഷരിൽ ഊട്ടിവളർത്താൻ ചുമതലപ്പെട്ട

# ഇടവകാംഗങ്ങളുടെ എതിർപ്പ് അവഗണിച്ച് വികാരിയെ മാറ്റി; വാരിയാനിക്കാട് പള്ളി അടച്ചിട്ട് ജനങ്ങളുടെ പ്രതിഷേധം

[ഫെബ്രുവരി 25-ലെ മംഗളം ഓൺലൈൻ പത്രത്തിൽ വന്ന വാർത്ത-എഡിറ്റർ]

**പാലാ** രൂപതയ്ക്കു കീഴിലുള്ള വാരിയാനിക്കാട് സെന്റ് ജോസഫ്സ് പള്ളിയിൽ ജനപ്രീതിയുള്ള വികാരിയെ മാറ്റി പുതിയ വികാരിയെ നിയമിച്ചതിൽ പ്രതിഷേധിച്ച് ഇടവകാംഗങ്ങളിൽ ഒരു വിഭാഗം പള്ളി അടച്ചിട്ടു. ശനിയാഴ്ചമുതൽ കുർബാന മുടങ്ങിയിരിക്കുകയാണ്. കത്തോലിക്കാ സഭയിൽ വളരെ അപൂർവമായിമാത്രം നടക്കുന്ന പ്രതിഷേധ പ്രകടനങ്ങൾക്കാണ് വാരിയാനിക്കാട് സാക്ഷ്യം വഹിക്കുന്നത്.

ഇടവാകംഗങ്ങൾക്കുവേണ്ടി ഏറെ പ്രയത്നിച്ച ഫാ. തോമസ് തോട്ടുങ്കലിനെ രണ്ടുവർഷത്തെ മാത്രം സർവീസ് കഴിഞ്ഞപ്പോൾ, കഴിഞ്ഞയാഴ്ച ഇവിടെനിന്നു വേദഗിരി പള്ളിയിലേക്കു സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ടാണ് സംഭവം.

ഫാ. തോമസ് തോട്ടുങ്കലിനു മുമ്പിരുന്ന വികാരിയെ മാറ്റണമെന്നു തങ്ങൾ പലതവണ ആവശ്യപ്പെട്ടിരുന്നെങ്കിലും അംഗീകരിക്കപ്പെട്ടിരുന്നില്ലെന്നു പ്രതിഷേധക്കാരായ ഇടവകാംഗങ്ങൾ പറയുന്നു. അദ്ദേഹം അഞ്ചുവർഷം വികാരിയായി പ്രവർത്തിച്ചു. ഈ സമയം ഇടവകയ്ക്കു ലക്ഷങ്ങളുടെ കടം വരുത്തി വച്ചെന്ന് അവർ ആരോപിച്ചു.

ഫാ. തോമസ് തോട്ടുങ്കൽ വികാരിയായി വന്നതിനുശേഷം രണ്ടുവർഷംകൊണ്ട് ഈ കടങ്ങൾ തീർക്കുകയും ഇടവകസമൂഹത്തെ ഒരു കൂട്ടായ്മയുടെ കീഴിൽ നിലനിർത്തുകയും ചെയ്തിരുന്നു. വികാരിയായി വന്ന് ആറു മാസത്തിനുള്ളിൽ ഫാ. തോമസിനെ സ്ഥലംമാറ്റാൻ നീക്കം നടന്നിരുന്നെങ്കിലും വിശ്വാസികൾ ഇടപെട്ട് തടഞ്ഞിരുന്നു. ഇങ്ങനെയൊക്കെയിരിക്കേ പെട്ടെന്നു വികാരിയെ സ്ഥലംമാറ്റിയതിൽ ഏറെ ദുരൂഹതയുണ്ടെന്നാണു നാട്ടുകാരുടെ ആരോ പണം.

കഴിഞ്ഞ ശനിയാഴ്ചയായിരുന്നു ഫാ. തോമസിനു യാത്രയയപ്പ് നൽകിയത്. അന്നുതന്നെ പുതിയ വികാരി ചുമതലയെടുക്കേണ്ടതായിരുന്നു. ഫാ. തോമസിനെ അദ്ദേഹത്തിന്റെ പുതിയ ഇടവകയിൽ കൊണ്ടുവിട്ടതിനുശേഷം തിരികെയെത്തി പുതിയ വികാരിയെ റോഡിൽ തടയുകയായിരുന്നു. കൂടാതെ, ബെഞ്ചുകളും ഡസ്കുകളും പള്ളിക്കുചുറ്റും ബാരിക്കേഡുകളാക്കി ഉപയോഗിച്ച് ഇവർ വലയം തീർക്കുകയും ചെയ്തു. വഴിയിൽ തടഞ്ഞതോടെ പള്ളിയിൽ പ്രവേശിക്കാൻ സാധിക്കാതെ പുതിയ വികാരി രൂപതയിലേക്കു മടങ്ങുകയായിരുന്നു.

പ്രശ്ന പരിഹാരത്തിനായി ഇന്നലെ അരുവിത്തുറ സെന്റ് ജോർജ് പള്ളിയിൽ അടിയന്തര പള്ളിക്കമ്മിറ്റി കൂടി. വിശുദ്ധ കുർബാന ദിവസങ്ങളായി മുടങ്ങിയ പ്രതിസന്ധി പരിഹരിക്കാനാണ്

---

ഇവർ അതിനു നേർ വിപരീതമായി പെരുമാറുന്നു. സ്വന്തം സമൂഹം അന്ധവിശ്വാസത്തിൽ മുങ്ങി മരിച്ചാലും തങ്ങൾക്കു നേട്ടമുണ്ടാകണം എന്നു വിശ്വസിക്കുന്ന ഇവർ സത്യത്തിൽ മതദ്രോഹികളാണ്. ഈശ്വരജ്ഞാനത്തെ അനുഭൂതിയുടെ തലത്തിൽ അറിയേണ്ടതിനുപകരം, ആചാരാനുഷ്ഠാനങ്ങളുടെ രൂപത്തിലാണ് പുരോഹിതമതങ്ങൾ അതിനെ അവതരിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥംപോലും പൗരോഹിത്യദൃഷ്ടിയിലൂടെയല്ലാതെ മാനവദർശനത്തിൽക്കൂടി കാണാൻ സാധാരണക്കാരനെ സഭ അനുവദിക്കാത്ത അവസ്ഥയിലാണ് നമ്മൾ ജീവിക്കുന്നത്.

സഭാവിമർശനം ഒരു ക്രിസ്ത്യാനിയുടെ കടമയാണെന്നു ഞാൻ കരുതുന്നു. ഫ്രാൻസീസ് മാർപ്പാപ്പാ പറയുന്നതും അതുതന്നെ. സഭാനവീകരണ ത്തിന്റെ പ്രസക്തിയെപ്പറ്റി ഞാൻ ഏതാനും പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചപ്പോൾ എന്റെ കുടുംബക്കാരുൾപ്പെടെ എന്നെ ഏറെ സ്നേഹിക്കുന്ന പലരും എന്റെ ആ പ്രവൃത്തിയെ വിമർശിച്ചു. അതിൽ എനിക്കു പരാതിയില്ല. സത്യം പറയട്ടെ, ഞാനതിൽ കൃതാർത്ഥതയും സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നു. കാരണം, ഞാൻ ജനിച്ചുവളർന്ന, ഞാൻ സ്നേഹിക്കുന്ന, എന്റെ സഭയെ നന്നാക്കാനാണു ഞാൻ ശ്രമിക്കുന്നതെന്ന ബോദ്ധ്യം എനിക്കുണ്ട്. ഒരു ഡച്ചുമെത്രാന്മാർ ഫ്രാൻസീസ് പാപ്പായെ സന്ദർശിച്ചപ്പോൾ, അവരുടെ രാജ്യത്തെ മൂന്നിൽ രണ്ടു പള്ളികളും 2020-ഓടെ അടച്ചുപൂട്ടുമെന്ന് മാർപ്പാപ്പയെ ധരിപ്പിക്കുകയുണ്ടായി. ആ ഗതികേട് മലങ്കര നസ്രാണി കത്തോലിക്കാ സഭയ്ക്ക് ഭാവിയിൽ സംഭവിക്കാതിരിക്കട്ടെയെന്ന പ്രാർത്ഥനയാണ് ഇന്നും എന്നും എനിക്കുള്ളത്. ■

പ്രധാന ലക്ഷ്യം. കുർബാന മുടങ്ങിയതിൽ ഇടവകയിലെ മുതിർന്ന അംഗങ്ങൾ ഉൾപ്പെടെ ഒരു വിഭാഗത്തിന് വൻ പ്രതിഷേധമാണുള്ളത്. 28-ന് ഇടവകയിൽ മരിച്ചവരുടെ ഓർമത്തിരുനാൾ നടക്കാനിരിക്കുകയാണ്. ഇടവകാംഗങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്താനും ഓർമത്തിരുനാൾ ദിവസം കുർബാന അർപ്പിക്കുന്നതിനുമായി നാലു പേരടങ്ങുന്ന വൈദികർ പള്ളിയിലെത്തും.

പള്ളി പണിയിപ്പിച്ച ഫാ. ജോൺസൺ പുള്ളിറ്റ്, പള്ളി പണിയുന്നതിന് സഹായം നൽകിയ ഫാ. മാത്യു പരിന്തിരിക്കൽ എന്നിവരുടെ നേതൃത്വത്തിലുള്ള വികാരിമാരാണ് പള്ളിയിൽ എത്തുന്നത്. ഇവർ അന്നേ ദിവസം കുർബാന അർപ്പിക്കുകയും ഇടവകാംഗങ്ങളുമായി വിഷയത്തിൽ ചർച്ച നടത്തുകയും ചെയ്യും. റോഡിൽ തടഞ്ഞതിനെത്തുടർന്ന് അരമനയിലേക്ക് തിരിച്ചുപോയ പുതിയ വികാരിതന്നെ പള്ളിയിലേക്ക് എത്തുമെന്നാണ് സൂചന.

– *ഇടവകപ്പള്ളികളും മെത്രാസനങ്ങളും അവയ്ക്കെല്ലാം സ്വത്തുക്കളും ഉണ്ടാക്കിക്കൊടുത്ത വിശ്വാസിസമൂഹത്തിന്, തങ്ങളുടെ ആദ്ധ്യാത്മികശുശ്രൂഷകരായി വരുന്നവർ ആ ജോലിക്ക് അർഹതയുള്ളവരായിരിക്കണമെന്നു പറയാൻ അധികാരമുണ്ട്. ഇടവകയ്ക്കു ചേരില്ലെന്നു കാണുന്നവരെ വേണ്ടെന്നു പറയാനും, ചേരുന്നവരെ നിലനിർത്തണമെന്നു പറയാനും അവകാശമുണ്ട്. കാരണം, അവരാണ് സഭാശുശ്രൂഷകർക്കാവശ്യമായ എല്ലാ ആഭ്യന്തരസൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നവർ, സഭയുടെ യജമാനന്മാർ. ശുശ്രൂഷകർ യജമാനന്മാരെ ഭരിക്കുന്നത് തലതിരിവുതന്നെയാണ്.*

*നസ്രാണി പാരമ്പര്യപ്രകാരം, ഇടവകപൊതുയോഗമായിരുന്നു വൈദികാർത്ഥികൾക്കു ദേശക്കുറി നൽകി പട്ടത്തിനു പഠിക്കാൻ വിട്ടിരുന്നത്. അവർ തങ്ങളുടെ ഇടവകകളിൽത്തന്നെയായിരുന്നു സേവനമനുഷ്ഠിച്ചിരുന്നതും. സ്വാഭാവികമായും, ഇടവകസമൂഹത്തോടായിരുന്നു, അവർക്കു കൂറും ഉത്തരവാദിത്വവുമുണ്ടായിരുന്നത്.*

*ഈ സമ്പ്രദായം വീണ്ടെടുത്തുകൊണ്ടേ വിശ്വാസിസമൂഹത്തിന്റെ അന്തസ്സും സഭയിലെ സ്വാതന്ത്ര്യവും സ്ഥായിയായി പുനഃസ്ഥാപിക്കാനാവൂ എന്നു തോന്നുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപനമനുസ്സരിച്ച്, ഈ വിശുദ്ധ സഭാപാരമ്പര്യം നസ്രാണിസഭയ്ക്കുതന്നെ വീണ്ടെടുക്കാവുന്നതാണ്. വാരിയാനിക്കാട് ഇടവകക്കാർ അറിഞ്ഞോ അറിയാതെയോ, ഉന്നയിച്ചിരിക്കുന്നത് ഈ ആവശ്യമാണ്. അവർക്ക് 'സത്യജ്വാല'യുടെ അഭിവാദ്യങ്ങൾ!*

## Statement about ownership and other particulars about
## SATHYAJWALA

Form IV

(See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Pala |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | George Moolechalil |
| Nationality | : | Indian |
| Address | : | Vallichira P.O, Kottayam Dt., Kerala-686574 |
| 4. Publishers Name | : | George Moolechalil |
| Nationality | : | Indian |
| Address | : | Vallichira P.O, Kottayam Dt., Kerala-686574 |
| 5. Editor's Name | : | George Moolechalil |
| Nationality | : | Indian |
| Address | : | Vallichira P.O, Kottayam Dt., Kerala-686574 |
| 6. Name and address of individuals who own the newspaper and partners or shareholders holding more than one percent ot the total capital | : | Kerala Catholic church Reformation Movement (KCRM) Tharakkunnel Building, Pala P.O. Kottayam, Kerala-686575 |

I, George Moolechalil, hereby declare that the particulars given above are true to the best of my knowledge and belief. (S/d)

Dated 12th March 2014 **George Moolechalil**

# പുലിക്കുന്നേൽ സവിധേ...





**ക**ഴിഞ്ഞ 'സത്യജ്വാല'യിലെ '2014 മാർച്ച് 1-ന്' എന്ന അറിയപ്പിൽനിന്നു ഭിന്നമായി മാർച്ച് 8 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1.30 വരെയാണ് പുലിക്കുന്നേൽ സാറുമൊത്തുള്ള കൂടിവരവ് പരിപാടി നടന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അദ്ദേഹത്തിന്റെ ആശയശിഷ്യരും സുഹൃത്തുക്കളുമായി ധാരാളംപേർ അദ്ദേഹത്തെ ശ്രവിക്കാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും എത്തിച്ചേർന്നിരുന്നു.

തന്റെ ജീവിതത്തിലെ സുപ്രധാനമുഹൂർത്തങ്ങളെ ഓർമ്മിച്ചുകൊണ്ട് പുലിക്കുന്നേൽ സാർ നടത്തിയ ആമുഖസംഭാഷണം ഏറെ ഹൃദ്യമായിരുന്നു. കേവലം വ്യക്തിതലത്തിലുള്ള പുരോഹിതവിമർശനമാകാതെ, സഭയുടെ ഘടനാപരമായ പാപത്തിനെതിരെയുള്ള വിമർശകരാകാൻ അദ്ദേഹം എല്ലാവരെയും ഓർമ്മിപ്പിച്ചു.

പുലിക്കുന്നേൽ സാറുമായുള്ള അനുഭവങ്ങൾ പങ്കുവയ്ച്ച് സർവ്വശ്രീ പ്രൊഫ. ജോർജ് തോമസ്, പ്രൊഫ. എൻ.എം.ജോസഫ് (മുൻമന്ത്രി), കുര്യൻ പാമ്പാടി, ജോസഫ് കൊട്ടാരം, എൻ.റ്റി.പോൾ, ഡോ. കെ.ജെ.സെബാസ്റ്റ്യൻ, വി.കെ.അന്നമ്മ, ആന്റോ കോക്കാട്ട്, ജോർജ് കരുണയ്ക്കൽ, ഡൊമിനിക് സാവിയോ, ജോസാന്റണി മുതലായവർ സംസാരിച്ചു. കെ.സി.ആർ.എം. ചെയർമാൻ കെ. ജോർജ് ജോസഫും ജോർജ് മുലേച്ചാലിലും ചേർന്ന് 'സത്യജ്വാല' മാസികയുടെ ബയന്റ് ചെയ്ത ഒന്നാം വാല്യം പുലിക്കുന്നേൽസാറിന് ഉപഹാരമായി നൽകി. എല്ലാവർക്കും അത്യന്തം ഹൃദയഹാരിയായി അനുഭവപ്പെട്ട ഈ കൂടിച്ചേരൽ ഉച്ചഭക്ഷണത്തോടെ പര്യവസാനിച്ചു.

# K.C.R.M തൊടുപുഴയിലും!

K.C.R.M തൊടുപുഴ റീജിയണൽ കമ്മറ്റി നിലവിൽ വന്നു. ഇടുക്കി ജില്ലാ പ്രസിഡന്റ് റെജി ഞള്ളാനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം, 'ക്രിസ്ത്യൻ ആത്മായ ഐക്യവേദി' സംസ്ഥാന സെക്രട്ടറി ശ്രീ. മനോജ് കോക്കാട്ട് ഉദ്ഘാടനം ചെയ്തു. പുരോഹിതർ കച്ചവടതാൽപ്പര്യങ്ങൾക്കായി സഭയെ ദുരുപയോഗം ചെയ്യുകയാണെന്നും, ക്രിസ്തീയവിശ്വാസം തിരികെ കൊണ്ടുവരുവാൻ വിശ്വാസികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു. പ്രൊഫ. ജോയി മൈക്കിൾ മുഖ്യപ്രഭാഷണം നടത്തി.

K.C.R.M തൊടുപുഴ റീജിയണൽ കമ്മറ്റിയുടെ രക്ഷാധികാരിയായി ഇൻഫാം മുൻ ഇടുക്കി ജില്ലാ പ്രസിഡന്റും മുൻ ദേശീയസമിതി അംഗവുമായ ശ്രീ. എം.വി. മത്തായിയെ തിരഞ്ഞെടുത്തു. സാമൂഹികപ്രവർത്തകനും, നിയമവിദഗ്ധനുമായ അഡ്വ. ജോസ് ജോസഫ് ആരക്കുന്നേൽ പ്രസിഡന്റും, സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ നിറസാന്നിദ്ധ്യമായ അഡ്വ. ജോസ് പാലിയത്ത് വൈസ് പ്രസിഡന്റായും, സംഘാടകരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീ. വി.ജെ. ജോയി വടക്കേടത്ത് ജനറൽ സെക്രട്ടറിയായും, വിവിധ മേഖലകളിൽ മികവുറ്റ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ സജീവസാന്നിദ്ധ്യമായിട്ടുള്ള ശ്രീ. മാത്തുകുട്ടി വട്ടക്കുന്നേൽ സെക്രട്ടറിയായും, നിശ്ശബ്ദ പ്രവർത്തനശൈലിക്കുടമയായ ശ്രീ. ജോസുകുട്ടി മൂലേചാലിൽ ജോ. സെക്രട്ടറിയായും, രാഷ്ട്രീയ - പൊതുരംഗങ്ങളിൽ ആദർശശുദ്ധിയിൽ അടിയുറച്ചു പ്രവർത്തിച്ചിട്ടുള്ള ശ്രീ. ജോസഫ് കാരുപറമ്പിൽ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു.

തുടർന്ന്, 25 അംഗ എക്സിക്യൂട്ടിവ് കമ്മറ്റിയെയും തിരഞ്ഞെടുത്തു.

ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ കരിങ്കുന്നം, ജെയിംസ് കോണിക്കൽ, ജോസ് കാഞ്ഞാർ, ജോസ് ചോലിക്കര കോതമംഗലം, സുനിൽ മൈലക്കൊമ്പ് തുടങ്ങിയവർ പ്രസംഗിച്ചു.




റീജിയനൽ കമ്മിറ്റി



അഡ്വ. ജോസ് പാലിയത്ത്



മനോജ് കോക്കാട്ട്



അഡ്വ. ജോസ് ജോസഫ്



റെജി ഞള്ളാനി

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182

March 2014
**Sathyajwala**
Price Rs. 15.00

Registered: KL/KTM/133/2014-16
Published on 15-03-2014

# ‘സത്യജ്വാല’ വിതരണംചെയ്യുന്ന പുസ്തകങ്ങൾ

| പുസ്തകം | ഗ്രന്ഥകാരൻ | വില/ രൂപാ | വില്പന വില |
|---|---|---|---|
| ഒരു വൈദികന്റെ ഹൃദയമിതാ | ഫാ. കെ. പി. ഷിബു | 100 | 80 |
| ഏകം സത് | ഇമ്മാനുവൽ സത്യാനന്ദ് | 320 | 250 |
| ന്യയവിധി | ഇമ്മാനുവൽ സത്യാനന്ദ് | 155 | 130 |
| സഭാനവീകരണത്തിലേക്ക് ഒരു വഴി | ;ചാക്കോ കളരിക്കൽ | 150 | 130 |
| മതാധിപത്യം കത്തോലിക്കാസഭയിൽ | ചാക്കോ കളരിക്കൽ | 80 | 60 |
| ലൈംഗികതയും പൗരോഹിത്യവും | ചാക്കോ കളരിക്കൽ | 80 | 60 |
| ഇടയൻ (നോവൽ) | ചാക്കോ കളരിക്കൽ | 110 | 90 |
| നഷ്ടപ്പെട്ട സുവിശേഷങ്ങൾ (പരിഭാഷ: എൻ. മൂസ്സാക്കുട്ടി) | എഡി: ഒ. വി. ഗോപാൽ | 170 | 170 |
| അപ്രിയയാഗങ്ങൾ (138 ഗാനങ്ങളുടെ 2 സി. ഡി. സഹിതം) | സാമുവൽ കൂടൽ | 150 | 130 |
| പുതിയലോകം പുതിയവഴി | ഡി. പങ്കജാക്ഷൻ | 70 | 60 |
| ആസ്തിക്യവാദം | എം. പി. പോൾ | 60 | 50 |
| ശാസ്ത്രയുഗത്തിലെ വേദാന്തപഠനം | വയലാർ മൈക്കിൾ | 80 | 60 |
| നസ്രായനും നാറാണത്തുഭ്രാന്തനും | ഇപ്പൻ | 20 | 20 |
| അവബോധത്തിലേക്ക് (ഭാഗം I: ചിന്താപഥം) | സക്കറിയാസ് നെടുങ്കനാൽ | 100 | 80 |
| അവബോധത്തിലേക്ക് (ഭാഗം II: ഭാവ്യതാപഥം | സക്കറിയാസ് നെടുങ്കനാൽ | 100 | 80 |
| മോചനകാഹളം (കവിത) | റവ. ഡോ. ജയിംസ് ഗുരുദാസ് CMI | 90 | 70 |
| ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ | ജോർജ് മൂലേച്ചാലിൽ | 50 | 40 |
| നവോത്ഥാനം നവനാഗരികതയിൽ | ജോർജ് മൂലേച്ചാലിൽ | 90 | 70 |
| യേശുവും സഭയും | ജോർജ് മൂലേച്ചാലിൽ | 80 | 60 |
| **ഓശാനയിൽനിന്നുള്ള ഗ്രന്ഥങ്ങൾ:** | | | |
| വർത്തമാനപ്പുസ്തകം (ആധുനികഭാഷാന്തരം – പ്രൊഫ. മാത്യു ഉലകംതറ) | പാറേമ്മാക്കൽ ഗോവർണ്ണദോർ | 125 | 110 |
| മാനിക്കേയൻ കുരിശുവിവാദം – | വിവിധ ലേഖകർ | 50 | 40 |
| ഉദയംപേരൂർ സൂനഹദോസ്– ഒരു ചരിത്രവിചാരണ | വിവിധ ലേഖകർ | 50 | 40 |
| കേരളക്രൈസ്തവചരിത്രം – വിയോജനക്കുറിപ്പുകൾ | ജോസഫ് പുലിക്കുന്നേൽ | 70 | 60 |
| കാനോൻ നിയമത്തിലെ കാണാച്ചരടുകൾ | ജോസഫ് പുലിക്കുന്നേൽ | 80 | 60 |
| Identity of Nazrani Church of Kerala | ജോസഫ് പുലിക്കുന്നേൽ | 75 | 60 |
| ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ | ജോസഫ് പുലിക്കുന്നേൽ | 125 | 110 |
| പേപ്പസി– ചരിത്രപരമായ ഒരു പഠനം | ജോസഫ് പുലിക്കുന്നേൽ | 50 | 40 |
| The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-Portuguese period- a study | ജോസഫ് പുലിക്കുന്നേൽ | 25 | 20 |

(ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അറിയിച്ചുകൊണ്ട്, തുക ‘സത്യജ്വാല’യുടെ സർക്കുലേഷൻ മാനേജർക്ക് അയയ്ക്കുക. സാധാരണ തപാലിൽ, പുസ്തകം അയച്ചുതരുന്നതാണ്. പോസ്റ്റേജ് സൗജന്യം.

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by ‘Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.